# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA

വാല്യം - 6 | ലക്കം : 07 | ജൂലൈ 2011 | Annual Subscription Rs. 100/-


# യിസ്രയേൽ അധിനിവേശം ശക്തം : ലോക രാഷ്ട്രങ്ങൾ ആശങ്കയിൽ

- 250 ആണവായുധങ്ങളാൽ അമേരിക്കയെപോലും യിസ്രയേൽ വിറപ്പിക്കുന്നു.
- 'യിസ്രയേലിനെതിരായ് ഇന്ത്യയും ഉണരണം' ഇലാൻ പാപ്പെ.
- ഭൂരിപക്ഷ രാഷ്ട്രങ്ങളും യിസ്രയേലിനെതിരായ് തിരിഞ്ഞു കഴിഞ്ഞു.

ക്രിസ്റ്റി പി ജോൺ

**എറണാകുളം:** ദൈവം തിരഞ്ഞെടുത്തൊരു ജനവിഭാഗം മനുഷ്യരുടെ ശത്രുക്കളായ് മാറുന്ന കാഴ്ചയാണ് യിസ്രയേൽ എന്ന രാഷ്ട്രം ലോകത്തിന് നൽകുന്നത്. ഒരായിരം തീവനങ്ങളിലുടെ പുറത്തുവന്നൊരു ജനത ലോകത്തെ ചാമ്പലാക്കാൻ ഒരുമ്പെടുകയാണ്. തിരസ്കരണങ്ങൾക്കും തേങ്ങലുകൾക്കും ഇരയായവർ സർവ്വ സംഹാരതാണ്ഡവത്തിന് അരങ്ങൊരുക്കുകയാണ്. സംസ്ക്കാരങ്ങളിലും പൗരാണീക നിഗുഡതകളിലും എല്ലുറപ്പും പേശിബലമുള്ളൊരു ചരിത്രം യിസ്രയേലിന് പറവാനുണ്ട്. 63 വർഷങ്ങളുടെ ഒറ്റയടി പാതയിൽ സമാനതകളില്ലാത്ത വളർച്ചാ നൈപുണ്യവും യിസ്രയേലിന് മാത്രം സ്വന്തം. മുഴു രാഷ്ട്രങ്ങളുടെയും വൈരാഗ്യ കരിമേഘങ്ങൾക്ക് കീഴിൽ യിസ്രയേൽ ഭയരഹിതമെന്യേ അഭിരമിക്കയാണ്. സാർവ്വ ലൗകീക ശത്രുതയുടെ മട്ട് കുടിച്ച് ഉന്മത്തരാക്കുവാനും അവർ തയ്യാറാവുന്നു. ഈ ജനതയുടെ ഭാവി പാതകൾ സർവ്വർക്കും ആശങ്കയുണർത്തുന്നു. അമേരിക്കയെന്ന വമ്പനും യിസ്രയേലിന് മുമ്പിൽ വാലാട്ടി നിൽക്കുന്നു. പക്ഷേ യിസ്രയേൽ എന്തൊക്കെയോ ഉറപ്പിച്ച മട്ടാണ്. കൂസലില്ലാതെ ഗജവീരനെപ്പോലെ അവർ തലയുയർത്തി നിൽക്കുന്നു.

**ഇപ്പോഴത്തേ സാമൂഹ്യ പശ്ചാത്തലം**

യഹൂദാ മതാനുസാരികളായ ജൂത ഭൂരിപക്ഷവും മുസ്ലിങ്ങളായ പാലസ്തീൻ ന്യുന പക്ഷവുമാണ് യിസ്രയേലിലെ വർത്തമാനകാല സമൂഹങ്ങൾ. ചരിത്ര വിസ്ഫോടനങ്ങളിൽ ചിതറിപ്പോയ ജൂത സമുഹം പുനരൈക്യത്തിന്റെ പൂർത്തീകരണത്തിലേക്ക് കുതിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ പാലസ്തീൻകാർ തങ്ങൾ പാർത്തിരുന്ന പ്രദേശങ്ങളിൽ നിന്നും പാലായനം ചെയ്യുവാൻ നിർബന്ധിതരാകുന്നു. പാലസ്തീനെന്ന പഴയനാട് യിസ്രയേൽ എന്ന രാഷ്ട്രമായ് മാറിയപ്പോൾ പാലയനം ചെയ്തവർ .. ഇനി എങ്ങോട്ട് എന്ന ആശങ്കിയിലാണ്. അറബ് രാഷ്ട്രങ്ങളുടെ നിഷേധമനസ്കതയും ജൂത പട്ടാളത്തിന്റെ മനുഷ്യത്വ ധ്വംസനവും പാലസ്തീൻ ജനതയുടെ മുറവിളിക്ക് ആക്കം കൂട്ടുന്നു. ജന്മഭൂമിയെന്ന അവകാശം ചൊല്ലിയുള്ള പോർവിളികളും വെടിയൊച്ചകളും അട്ടഹസിക്കുന്ന അന്തരീക്ഷമാണ് ആഭ്യന്തര യിസ്രയേലിൽ ഉള്ളത്.




**പാലസ്തീൻ പെരുവഴിയിലേക്ക്**

ഏകദേശം നാൽപ്പത് വർഷത്തോളം പാലസ്തീൻ വിമോചന ശബ്ദമായിരുന്ന 'യാസർ അറഫാത്തിന്റെ' മരണ ശേഷം നിലവിലെ നേതൃത്വം പാലസ്തീൻ അഭയാർത്ഥികളെ പ്രത്യക്ഷത്തിൽ വഞ്ചിച്ചിരിക്കുകയാണ്. പാലസ്തീൻ വിമോചനത്തിന് നേതൃത്വം നൽകുന്ന മുഹ്മുദ് അബ്ബാസിന്റെ പ്രവർത്തനങ്ങൾ ഒക്കെയും പുകമറയായിരുന്നു. യിസ്രയേൽ അമേരിക്കൻ കൂട്ടുകെട്ടിന് ഓശാന പാടുകയാണ് അബ്ബാസ്. ഗാസയിലെ യിസ്രയേൽ അതിക്രമങ്ങളെക്കുറിച്ച് അന്വേഷിച്ച് സമർപ്പിക്കപ്പെട്ട ഗോൾഡ്സ്റ്റോൺ റിപ്പോർട്ട് സമാധാന ചർച്ചകൾക്കെന്ന പേരിൽ തള്ളിക്കളഞ്ഞു. ഈ നീചതക്ക് കാർമ്മികത്വം വഹിച്ചതും മുഹ്മുദ് അബ്ബാസായിരുന്നു. പാലസ്തീൻ യിസ്രയേൽ സമാധാന ചർച്ചകൾക്ക് സാരഥ്യം വഹിച്ച 'സായേബ് എരാകാത്' തൽസ്ഥാനം രാജിവെച്ചൊഴിഞ്ഞു. 2008-2009 (ഡിസം-ജനു) കാലയളവിൽ പാലസ്തീനെതിരെ യിസ്രയേൽ നടത്തിയ 'ഓപ്പറേഷൻ കാസ്റ്റ് ലീഡ്' എന്ന മനുഷ്യ കുരുതിയെ പറ്റി പാലസ്തീൻ നേതൃത്തിന് അറിവുണ്ടായിരുന്നു. എന്നിട്ടും പാലസ്തീൻ നേതൃത്വം പ്രസ്തുത കാര്യം മറച്ചു വെച്ചു. 2000ൽ യാസർ അറാഫത്ത് നേതൃത്വം നൽകിയ ക്യാമ്പ് ഡേവിഡ് ചർച്ചകളിൽ അദ്ദേഹം ഉന്നയിച്ച ബഹു പാലസ്തീൻ അഭയാർത്ഥി പ്രശ്നം ഒരു ലക്ഷം പേരുടെ മാത്രം പ്രശ്നമാക്കി വെട്ടിക്കുറക്കുന്നതിലും പാലസ്തീൻ ഭരണ നേതൃത്തിന്റെ കൈയ്യുണ്ടായിരുന്നു. കാവൽ നിൽക്കുമ്പോഴും കവർച്ചക്ക് വേണ്ടി കതക് തുറന്നു കൊടുക്കുന്ന പാലസ്തീൻ നേതൃത്തിന്റെ നിലപാടുകൾ ഒരു ജനതയെ പെരു

ശേഷം 2-ാം പേജിൽ

## യുഗാന്ത്യ സന്ദേശം ചാരിറ്റി സമ്മേളനങ്ങൾ സമാപിച്ചു

**തിരുവല്ല:** യുഗാന്ത്യ സന്ദേശം പത്രത്തിന്റെ നേതൃത്വത്തിൽ സഹായ വിതരണവും പ്രമോഷണൽ മീറ്റിംഗും നെടുംങ്കണ്ടം, നിലമ്പൂർ, തിരുവനന്തപുരം എന്നി സ്ഥലങ്ങളിൽ നടന്നു. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന 200 കുട്ടികളെയാണ് യുഗാന്ത്യ സന്ദേശം ചാരിറ്റി സഹായിച്ചത്. പാസ്റ്റർമാരായ ഷിബു കെ മാത്യു, റ്റി.എ ജോർജ്ജ്, മാത്യു കെ ഫിലിപ്പ്, ഷാജി ഇടുക്കി,സജു പി തോമസ്, ബ്രദർ മാത്യൂസ് എബ്രഹാം മാങ്കുളങ്ങര, ബ്രദർ കെ.എം ജേക്കബ്ബ് എന്നിവർ വിവധ സ്ഥലങ്ങളിൽ സഹായ വിതരണം നടത്തി.യുഗാന്ത്യ സന്ദേശം ചീഫ് എഡിറ്റർ പാസ്റ്റർ ഷിബു കെ മാത്യു, മാനേജർ ബ്രദർ കെ.എം ജേക്കബ്ബ് എന്നിവർ സമ്മേളനങ്ങൾക്ക് നേതൃത്വം കൊടുത്തു. വിവാഹ സഹായം, പഠന സഹായം, ചികിത്സാ സഹായം, ഭവന സഹായം, എന്നിവയാണ് യുഗാന്ത്യ സന്ദേശം ചാരിറ്റിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നത്






## ദുബായ് ചർച്ച് ഓഫ് ഗോഡ് 30 വർഷം പിന്നിട്ടു

**ദുബായ്:** ചർച്ച് ഓഫ് ഗോഡ് ദുബായ് ചർച്ചിന്റെ 30-ാം വാർഷികം ദുബായ് ഹോളി ട്രിനിറ്റി ചർച്ചിൽ നടന്നു. പ്രസ്തുത യോഗത്തിൽ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം.കുഞ്ഞപ്പി നൽകിയ സന്ദേശത്തിൽ ആദിമ നൂറ്റാണ്ടിലെ ആത്മീയ അനുഭവത്തിലേക്ക് സഭകൾ മടങ്ങി വരണം എന്നോർപ്പിച്ചു, പ്രഫഷണലിസവും ആധുനികതയും യഥാർത്ഥ ആത്മീക അനുഭവങ്ങളെ തകർക്കുന്നു, ദൈവം ഭരമേൽപ്പിച്ച ദൗത്യത്തിൽ നിന്നും സഭകൾ അകന്ന് നിൽക്കാതെ ആദ്യാനുഭങ്ങളിലേക്ക് മടങ്ങി കർത്താവിന്റെ വരവിനായ് ഒരുങ്ങുവാൻ അദ്ദേഹം ഉദ്ബോധിപ്പിച്ചു. പാസ്റ്റർ ബാബു ചെറിയാൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വിവിധ പെന്തക്കോസ്ത് സഭകളിലെ നേതാക്കന്മാരും ശുശ്രൂഷകന്മാരും സംബന്ധിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. 30-ാം വാർഷികത്തോടനുബന്ധിച്ച് പ്രസിദ്ധികരിച്ച സ്മരിണിക റവ.എം.കുഞ്ഞപ്പി ഡോ. ബേബി ജോണിന് നൽകി പ്രകാശനം നിർവ്വഹിക്കുകയും സഭയിൽ 25-ലധികം വർഷങ്ങളായി തുടരുന്ന അംഗങ്ങൾക്ക് മൊമെന്റോ നൽകി ആദരിക്കുകയും ചെയതു.സഭാ സെക്രട്ടറി ബ്രദർ സി.എ മാത്യു സ്വാഗതവും ബ്രദർ തോമസ് കോശി നന്ദിയും പറഞ്ഞു. യോഗങ്ങൾക്ക് സഹോദരന്മാരായ നൈനാൻ പി.ഡി, ഷൈൻ നൈനാൻ, ജോജി ബാബു, ജേക്കബ്ബ് പി.കെ എന്നിവർ നേതൃത്വം നൽകി.




*30 വർഷം പിന്നിട്ടതിന്റെ സ്തോത്ര ശുശ്രൂഷയ്ക്ക് പാസ്റ്റർ എം.കുഞ്ഞപ്പി നേതൃത്വം കൊടുക്കുന്നു. പാസ്റ്റർ ബാബു ചെറിയാൻ സമീപം.*

## ചർച്ച് ഓഫ് ഗോഡ് വിവാഹ പൂർവ്വ കൗൺസിലിംഗ് നിർബന്ധമാക്കി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ വിവാഹ പൂർവ്വ കൗൺസിലിംഗ് നിർബന്ധമാക്കി. വിവാഹത്തിനൊരുങ്ങുന്ന യുവതി യുവാക്കൾ പ്രീമാരിറ്റൽ കൗൺസിലിംഗ് കോഴ്സിൽ പങ്കെടുക്കണമെന്ന് സഭാ ആസ്ഥാനത്തു നിന്ന് ഇറക്കിയ സർക്കുലറിൽ വ്യക്തമാക്കുന്നു.വിവാഹം നടത്തുന്ന ശുശ്രുഷകർന് വിവാഹ പൂർവ്വ കൗൺസിലിംഗിൽ പങ്കെടുത്തതിന്റെ സർട്ടിഫിക്കറ്റ് ആവശ്യപ്പെടാം. നവ കുടുംബങ്ങൾ തകർച്ചയിലേക്ക് നീങ്ങുന്നതും വിവാഹ മോചനങ്ങൾ വർദ്ധിച്ചു വരുന്നതിന്റെയും സാഹചര്യത്തിലാണ്ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് വിവാഹ പൂർവ്വ കൗൺസിലിംഗ് നിർബന്ധമാക്കിയിരിക്കുന്നത്.പെന്തക്കോസ്ത് കുടുംബങ്ങളിൽ വിവാഹ മോചനങ്ങൾ വർദ്ധിക്കുകയും കുടുംബ പ്രശ്നങ്ങൾ കുലപാതകം വരെ എത്തിച്ചേരുകയും ചെയ്യുന്ന സാഹചര്യത്തിൽ വിവാഹ പൂർവ്വ കൗൺസിലിംഗിന് പ്രസക്തി വർദ്ധിച്ചിരിക്കുകയാണ്. വിവാഹ പൂർവ്വ കൗൺസിലിംഗ് പെന്തെക്കോസ്ത് സഭകളിൽ ആവശ്യമോ എന്നതിനെപ്പറ്റി യുഗാന്ത്യ സന്ദേശം വായനക്കാരുടെ അഭിപ്രായം ആരാഞ്ഞിരുന്നു. തുടർന്ന് കഴിഞ്ഞ ലക്കത്തിൽ പെന്തെക്കോസ്ത് സഭകൾ പ്രീമാരിറ്റൽ കൗൺസിലിംഗ് നിർബന്ധമാക്കണമെന്ന് യുഗാന്ത്യ സന്ദേശം ആവശ്യപ്പെട്ടിരുന്നു. പെന്തക്കോസ്ത് സഭകളിൽ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റാണ് വിവാഹ പൂർവ്വ കൗൺസിലിംഗ് നിർബന്ധമാക്കിയ ആദ്യത്തെ സഭ. ഈ ചുവടു വെയ്പ് അഭിനന്ദനാർഹമാണ്.



YUGANTHYA SANDHESHAM

Patron
Rev. Shaji K. Daniel
Chief Editor
Rev. Shibu K. Mathew B.D. M.Th.
Managing Editor
Rev. J. Joseph
Manager
K.M. Jacob
General Editor
Christy P. John
Editorial Director
John P. Ninan
Circulation Manager
Jacob Itty
Sub Editor
Rev. A.T. Joseph
Office Manager
Pr. Shaiju Thomas
Contributing Editors
Rev. K. A. Oommen
Rev. Zack Varghese, Tulsa
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Lovegi Mathews Elias B.D.
Overseas Editors
Rev. John Thomas, Houston
Rev. Joe Kurian, England
Rev. P. P. Kurian
Nibu Vellavanthanam, Newyork
Rev. Babu M. John, Florida
Rev. Thomas C. Mathew, Kuwait
Rev. Joy Abraham U.A.E
Advisory Board
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
A. V. Philipose, Dallas
George Pappy, New York
K. Abraham Konni
Rev. T. Thomas
John C. Philip, Houston
Varghese George, Dubai
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese
Bro. Ninan Mathew UAE
Rev. P. C Cherian
Viju Thomas, Dallas
Co-ordinators
Kuwait: A.V. Sunny
Mathew Daniel
Abudhabi: Rev. P.T Prasad
Thomas Ninan
Dubai: Rev. Babu Cherian
Rev. Jose Mallissery
Sharjah: Rev. Jose George
Doha: Lalu Jacob
Saudi Arabia: C. C. Chacko
Saji Chacko
Reji C. Abraham
Philip Abraham
England: Rohit Joseph
Singapore: Manoj O. Jacob
Canada: Jaison Varghese
Jamaica: Mohan
Florida: Samjee Varghese
Dallas: Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
Houston: James Samuel
Tennassee: Thomas Chacko
Chicago: Alex Ninan
Detroit: Roy Markose
Philadelphia: Jacob Varghese
New Jersy: Rev. Rajan Skaria
New York:
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
Boston: Vinod
Washington Siatil:
Rev. M. G. Abraham
Okalahoma: Wilson John
California: Reni

Yuganthya Sandhesham
P.O. Box - 66
Thiruvalla - 1
Ph : 0469-2602838
Mob : 9349918737
E-mail:ysandhesham@saintly.com

**പത്രാധിപലേഖനം**

# സുവിശേഷ പ്രസംഗകനും ശുദ്ധമായ ഭാഷയും

ആശയ വിനിമയത്തിനുള്ള ഏറ്റവും നല്ല ഉപാധിയാണ് പ്രസംഗം. ഇന്നത്തെപ്പോലെ നൂതനസംവിധാനങ്ങളൊന്നുമില്ലാതിരുന്ന പഴയ കാലങ്ങളിൽ മതങ്ങളും, രാഷ്ട്രീയ,സാമൂഹ്യ രംഗത്തുള്ളവരും മറ്റും തങ്ങളുടെ നയങ്ങളും ഉപദേശങ്ങളും പ്രചരിപ്പിക്കാൻ പ്രധാനഘടകമായി പ്രസംഗത്തെയാണ് ഉപയോഗിച്ചിരുന്നത്. നൂതന സങ്കേതിക വിദ്യകൾ വിപുലമായി ഉപയോഗിക്കപ്പെടുന്ന ഈ കാലത്തും പ്രസംഗം ഒഴിച്ചു കൂടാനാവാത്തതാണ് എന്നത് ഇതിന്റെ പ്രാധാന്യതയെ വ്യക്തമാക്കുന്നു. ഈ രംഗത്ത് പേരെടുത്ത എത്രയോ ആളുകൾ നമ്മുടെ സമൂഹത്തിലുണ്ട്.

ആത്മീക മണ്ഡലത്തിൽ പ്രസംഗത്തിന് വലിയ സ്ഥാനമുണ്ട്. യേശു തമ്പുരാൻ തന്റെ ശുശ്രൂഷയുടെ സിംഹഭാഗവും പ്രസംഗത്തിലൂടെയാണ് നിർവ്വഹിച്ചത്. സ്വർഗ്ഗാരോഹണത്തിനു തൊട്ടു മുമ്പ് തന്റെ ശിഷ്യർക്കു നല്കിയ അന്ത്യ കല്പനയും സകല ജാതികളോടും സുവിശേഷം പ്രസംഗിക്കുക എന്നായിരുന്നു. ദൈവ വചനത്തിന്റെ പ്രസംഗകനായതിൽ അഭിമാനിക്കുന്ന പൗലോസ് അപ്പോസ്തലൻ നമുക്ക് ഒരു മാതൃകയാണ്. മറ്റു പ്രസംഗകർക്കു ഇല്ലാത്ത അനേക പ്രത്യേകതൾ ഒരു സുവിശേഷകനുണ്ടായിരിക്കണം. കാരണം അവന്റെ വിഷയം ദൈവ വചനമാണ്.സമാന്യ അറിവുള്ളവർക്കു ഈ രംഗത്ത് നില്ക്കാം. എന്നാൽ ദൈവ വചനം പ്രസംഗിക്കുന്ന ഒരാൾക്കു വ്യക്തമായ ദൈവീക വെളിപ്പാടും പരിശുദ്ധാത്മാവിന്റെ നിയോഗവും അത്യന്താപേക്ഷിതമാണ്. പ്രസംഗകന്റെ ജീവിതം താൻ പ്രസംഗിക്കുന്ന ഉപദേശത്തിനു യോജിച്ചതാവണം. സത്യ വചനത്തെ യഥാർത്ഥമായി പ്രസംഗിച്ചു കൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വ്യക്തിയായി ദൈവത്തിനു കൊള്ളവുന്നവനായി നിലകൊള്ളണം എന്നാണ് പൗലോസ് തിമോഥെയോസിന് എഴുതുന്നത്. നല്ല ഒരു പ്രസംഗകനു അത്യാവശ്യമായും വേണ്ട ഒന്നാണ് ശുദ്ധമായ ഭാഷ. എത്ര ഗാംഭീര്യമായ വിഷയമാണെയെങ്കിലും നല്ല ഭാഷാ ശുദ്ധിയില്ലായെങ്കിൽ അത് പ്രേക്ഷകന്റെ ഹൃദയത്തെ സ്പർശിക്കുകയില്ല. മറിച്ച് പ്രസംഗം അറുബോറായി മാറും. പരന്ന വായനയും സ്പുടമായ ഉച്ചാരണ ശൈലിയും നിരന്തരം നിലനിർത്തിയാലേ പ്രസംഗത്തിലെ ഭാഷ നന്നാകൂ. പെന്തക്കോസ്ത് പ്രസംഗകരിലെ നല്ലൊരു പക്ഷവും ഭാഷ ശ്രദ്ധിക്കാറില്ലായെന്നത് വളരെ ദു;ഖകരമാണ്. വെറും നാടൻ സംഭാഷണ രീതി പ്രസംഗകൻ ഉപയോഗിക്കുന്നത് തീരെ നല്ലതല്ല. പകൽക്കാലം, തിരുവല്ലായുടെ പ്രദേശം, തുടങ്ങിയ പ്രയോഗങ്ങൾ നമ്മുടെയിടയിൽ സർവ്വ സാധാരണമാണല്ലോ. അനാവശ്യമായ പ്രാസപ്രയോഗങ്ങളും ധാരാളമായി പ്രസംഗത്തിൽ കുത്തിതിരുകുന്നവരുമുണ്ട്. ഇത് ശ്രോതാക്കളെ വല്ലാതെ മുഷിപ്പിക്കുമെന്ന് പ്രസംഗകൻ മനസ്സിലാക്കണം.

മലയാളികൾ മാത്രമുള്ള വേദിയിൽ, അതും സാധാരണക്കാരായ കേൾവിക്കരുടെ മുമ്പിൽ ഇംഗ്ളീഷ് പദങ്ങളും വാക്കുകളും ആവശ്യത്തിൽ കൂടുതൽ ഉപയോഗിക്കുന്ന ഒരു രീതി പെന്തക്കോസ്ത് പ്രസംഗകർ പുലർത്തുന്നു എന്നത് ഏറ്റവും ശോചനീയമാണ്. ഒരാൾ ഭംഗിയായി സംസാരിക്കുന്നതും വ്യക്തമായി ആശയവിനിമയം നടത്തുന്നതും മാതൃഭാഷയിലൂടെയാണ്.കേൾക്കുന്നത് നന്നായി ഉൾക്കൊള്ളാൻ സാധിക്കുന്നതും മാതൃഭാഷയിലൂടെതന്നെയാണ്. ഏതൊന്നിനേപ്പറ്റിയും ഒരാൾ ചിന്തിക്കുന്നതും മാതൃഭാഷയിലൂടെ മാത്രമാണ്. ലോകത്തിലെ ഏതു ഭാഷ പഠിച്ചാലും മാതൃഭാഷയുടെ സ്വാധീനം ഒന്നു വേറെതന്നെയാണ്. സാധാരണക്കാരുടെ മുമ്പിൽ പ്രസംഗിക്കുന്ന വ്യക്തി കേൾവിക്കരുടെ ഭാഷ തന്നെ ഉപയോഗിക്കുന്നതാണ് ഉത്തമം. സന്ദർഭവശാൽ അത്യാവശ്യമെങ്കിൽ ഇതര ഭാഷയിലെ ഉദ്ധരണികൾ പ്രയോഗിക്കുന്നതു തെറ്റല്ല. എന്നാൽ കഴിവതും ആ രീതി ഉപേക്ഷിക്കുന്നതാണ് നല്ലത്. നമ്മുടെ അറിവുകളും കഴിവുകളും പ്രദർശിപ്പിക്കാനുള്ള സ്ഥലമല്ല പ്രസംഗ വേദിയെന്ന് ഓരോ പ്രഭാഷകനും ബോദ്ധ്യമുണ്ടാകണം. സുവിശേഷ പ്രസംഗകർ റിയാലിറ്റി ഷോകളിലെ ആധുനിക അവതാരകരുടെ ഉച്ചാരണ, ഭാഷാ പ്രയോഗങ്ങൾ കടം വാങ്ങരുത്. ആത്മാക്കളെ ക്രിസ്തുവിനായി നേടുക എന്നതാണ് നമ്മുടെ പരമലക്ഷ്യം എന്നുള്ള ചിന്ത നമ്മെ എപ്പോഴും ഭരിക്കേണ്ടതാണ്.



പാസ്റ്റർ ജെ. ജോസഫ്

# യിസ്രയേൽ അധിനിവേശം ശക്തം : ലോക രാഷ്ട്രങ്ങൾ ആശങ്കയിൽ

**1–ാം പേജ് തുടർച്ച**

വഴിയിലേക്ക് തള്ളിയിറക്കലാണ്.

**ഒബാമ നാടകം**

യിസ്രയേലിന്റെ നരഹത്യ മേളകൾക്ക് താളം പിടിക്കുകയാണ് അമേരിക്കയും ഒബാമയും. മതത്തിന്റെ തൊട്ടിലിൽ മുസ്ലീം രാഷ്ട്രങ്ങൾ വളർത്തുന്ന തീവ്രവാദത്തെ തകർക്കാൻ ശ്രമിക്കുന്ന അമേരിക്കയ്ക്ക് യിസ്രയേൽ പോലൊരു വൻ സൈനിക ശക്തി ഏറെ സഹായകരമാണ്. യിസ്രയേൽ തങ്ങളുടെ കൂടെ നിന്നില്ലങ്കിലും അമേരിക്ക യിസ്രയേലിന്റെ കൂടെ നിൽക്കുവാൻ പ്രസ്തുത കാരണത്താൽ തയ്യാറാണ്. ഒബാമയുടെ രാഷ്ട്രീയ നിലപാടുകൾ ഇതിനെ പിന്തുണക്കുന്നു.

2008–2009–ൽ യിസ്രയേൽ സൈന്യം ഗാസയിൽ നടത്തിയ 22 ദിവസത്തെ മനുഷ്യക്കുരുതി ലോക മനസാക്ഷിയെ ഞെട്ടിച്ചു. 22 ദിവസങ്ങൾക്കുള്ളിൽ 1400 പാലസ്തീൻകാരെ വെടിവെച്ച് കൊന്നു 13 യിസ്രയേലികളും ഇതിൽ കൊല്ലപ്പെട്ടു. ആയിരക്കണക്കിനാളുകൾക്ക് മാരകമായി പരിക്കേറ്റു, ആയിരങ്ങൾ വികലാംഗരായി മാറി. 400 ഓളം കുഞ്ഞുങ്ങളും കുട്ടികളും വെടിയുണ്ടകൾക്കിരയായി. ഫോസ്ഫറസ് ഉൾപ്പടെ നിരോധിക്കപ്പെട്ട ആയുധങ്ങൾ സിവിലിയൻ കേന്ദ്രങ്ങളിൽ പ്രയോഗിച്ചു. ചുരുക്കി പറഞ്ഞാൽ നിരോധിക്കപ്പെട്ട ആയുധങ്ങളുടെ സ്റ്റോക്ക് മുഴുവൻ സാധാരണക്കാരായ ജനങ്ങളുടെ മേൽ പ്രയോഗിച്ച് തീർത്തു. രണ്ടു വർഷം കഴിഞ്ഞിട്ടും ഗാസയിലെ പത്തരലക്ഷം വരുന്ന ജനങ്ങൾ ഉപരോധത്താൽ വലയുകയാണ്. ഗാസ പുനരുത്ഥാരണത്തിന് 2009 മാർച്ചിൽ കെയ്റോയിൽ നടന്ന സാമ്പത്തീക സഹായ സമ്മേളനം ലക്ഷക്കണക്കിന് ഡോളർ വാഗ്ദാനം ചെയ്തു. എന്നാൽ യിസ്രയേലിന്റെയും അമേരിക്കയുടെയും ശത്രുവായ ഹമാസ് ഗാസ ഭരിക്കുന്നതിനാൽ സഹായങ്ങൾ വന്ന വഴിയെ തിരികെ പോയി. ഗാസയിലെ അതിക്രമങ്ങളെ പറ്റി അന്വേഷിച്ച് സമർപ്പിക്കപ്പെട്ട ഗോൾഡ് സ്റ്റോൺ റിപ്പോർട്ട് പ്രകാരം ഗാസയിലെ കൃഷിഭൂമിയുടെ 50% താറുമാറായി പല കൃഷിയിടങ്ങളും ഫ്രീ ഫയർ സോണുകളായി യിസ്രയേൽ പ്രഖ്യാപിച്ചു കഴിഞ്ഞു.

ഗാസയിലെ കൂട്ടക്കൊലക്ക് നേതൃത്വം നൽകിയ സിവിലിയൻ സൈനിക ഉദ്യോഗസ്ഥരെ ഒബാമ വൈറ്റ് ഹൗസിൽ വിളിച്ചു വരുത്തി അഭിനന്ദിച്ചു. ഇതോടനുബന്ധിച്ച് ഗാസ അതിക്രമങ്ങളെ പറ്റി അന്വേഷിക്കുവാൻ യു.എൻ. നിയമിച്ച കമ്മറ്റിയുടെ 573 പേജ് വരുന്ന റിപ്പോർട്ടും ഒബാമ തള്ളിക്കളഞ്ഞു. 2008 ൽ ഒബാമ നടത്തിയ കെയ്റോ പ്രസംഗത്തിലെ പ്രധാന സന്ദേശം മുസ്ലിം ലോകവുമായി സമാധാനത്തിന്റെയും അനുരഞ്ജനത്തിന്റെയും പാത സ്വീകരിക്കും എന്നതായിരുന്നു. പക്ഷേ അതിൽ വാസ്തവം എത്ര മാത്രം ഉണ്ടെന്ന് ലോകത്തിന് വ്യക്തമായി. അമേരിക്കൻ പ്രസിഡന്റ് പദവിയിൽ നിന്ന് കൊണ്ട് ഒബാമ കളിക്കുന്ന യിസ്രയേല്യൻ പൊറാട്ട് നാടകം അസ്സലാവുന്നുണ്ട്.

**ഈജിപ്റ്റ് എന്ന വിദൂഷകൻ**

ഈജിപ്റ്റും യിസ്രയേലും തമ്മിലുള്ള ബന്ധം അടിമ–ഉടമ നയത്തിന്റെ ചരിത്രമാണ് പറയുന്നത്. എന്നാൽ ചരിത്രം തിരുത്തപ്പെട്ടു. ഹോസ്നി മുബാറാക്ക് എന്ന ഏകാധിപതിയുടെ അധികാര കസേര തെറിച്ചു. എന്നാലും ഈജിപ്ഷ്യൻ നയങ്ങൾക്ക് വ്യതിയാനം ഇല്ല. ഗാസ അധിനിവേശത്തിന്റ ഒന്നാം വാർഷികത്തോടുനബന്ധിച്ച് കെയ്റോവിൽ നിന്നും ഗാസ വരെ 1500 പേർ പങ്കെടുക്കുന്ന 'ഗാസ ഫ്രീഡം മാർച്ച്' നടത്താൻ പ്രവർത്തകർ തീരുമാനിച്ചു. എന്നാൽ ഈജിപ്റ്റ് ഇതിനെ തടഞ്ഞു.ഈജിപ്റ്റിന്റെ യിസ്രയേലനുകൂല പ്രവർത്തികളിൽ ഇതൊരുദഹരണം മാത്രം.

**തുർക്കിയുടെയും യു.എൻ.ന്റെയും നിസ്സംഗത**

ഗാസ ഫ്രീഡം ഫ്ളോട്ടിന് എന്ന പേരിൽ ഗാസ ലക്ഷ്യമാക്കി പുറപ്പെട്ട മാവി മർമറ എന്ന തുർക്കി കപ്പൽ വ്യൂഹത്തെ യിസ്രയേല്യർ കര, നാവീക, വ്യോമ സേനകൾ കൂട്ടായ് ചേർന്നാക്രമിച്ചു. ഈ ആക്രമണത്തിൽ 9 തുർക്കി പൗരന്മാർ കൊല്ലപ്പെട്ടു. 50 ൽ അധികം പേർക്ക് മാരകമായി പരിക്കേറ്റു. യിസ്രയേൽ അന്താരാഷ്ട്ര നിയമങ്ങളുടെ പരസ്യമായ ലംഘനം നടത്തിയിട്ടും യു.എൻ ഉൾപ്പടെയുള്ളവർക്ക് യാതൊരു നടപടിയും എടുക്കാനായില്ല. യിസ്രയേൽ മാപ്പ് പറയണമെന്ന തുർക്കിയുടെ ആവശ്യത്തെ യിസ്രയേൽ വിദേശകാര്യ മന്ത്രി അവിഗ്റ്റോർ ലിബർമാൻ പുച്ഛിച്ച് തള്ളി. യു.എൻ ഉം തുർക്കിയും നിസ്സഹായരായി ഇരിക്കുവാൻ മാത്രമേ സാധിച്ചുള്ളു..

**ഉത്ഖനനത്തിലെ ചൂണ്ടകൾ**

യിസ്രയേലിന്റെ നേതൃത്വത്തിൽ വൻ ഉത്ഖനന പ്രക്രിയകൾ നടന്നു വരുന്നു. ചരിത്ര പരമായി പാലസ്തീൻകാരുടേതായ പലസ്മാരകങ്ങളും തർക്കവിഷയമാക്കി ഒടുവിൽ ജൂത പാരമ്പര്യത്തിന്റെ ഭാഗമാക്കുകയാണ് യിസ്രയേൽ. ഇതിനായി പത്ത് കോടി ഡോളറിന്റെ ഒരു ഹെറിറ്റേജ് പദ്ധതി പുരാവസ്തു വിഭാഗത്തിന്റെ പിന്തുണയോടെ രൂപികരിച്ചു. ഇനി പാലസ്തീനെ ചരിത്രത്തിൽ നിന്നും പുറന്തള്ളുവാനുള്ള തത്രപ്പാടിലാണ് ജൂതസമുഹം. ഇബ്രാഹീം മോസ്ക്, അബ്രഹാമിന്റെ ഹെബ്രോനിലെ ശവകുടിരം ഇങ്ങനെ 150 കേന്ദ്രങ്ങൾ യിസ്രയേൽ തങ്ങളുടെ പാരമ്പര്യപ്പട്ടികയിൽ ഉൾപ്പെടുത്തി. ഇതിനെതിരെ പ്രതിഷേധം ഉയർന്നിട്ടുണ്ട്. അബ്രഹാമിന്റെ ശവകുടിരത്തിൽ പ്രാർത്ഥന നടത്തിയ 29 പാലസ്തീൻകാരെ ബറുച്ച് ഗോൾഡ്സെറ്റർ എന്ന ജൂതൻ വെടിവെച്ചു കൊന്നു. ജൂത വൽക്കരണം പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ 150 കോടി ഡോളറിന്റെ പദ്ധതി 'ജറുസലേം പ്ലാൻ 2020' എന്ന പേരിൽ നടപ്പിലാക്കാൻ പോകുന്നു. ഈ ഉത്ഖനന ചൂണ്ടയിലൂടെ എ.ഡി. 638 മുതൽ തുർക്കി, ഈജിപ്റ്റ്, ഇറാക്ക് എന്നിവ കേന്ദ്രമായുള്ള നിരവധി ചരിത്ര യാഥാർത്ഥ്യങ്ങൾ ജൂതവൽക്കരിക്കപ്പെടും.

**സിനിമാലോകവും സൂക്ഷിച്ചുകൊള്ളുക**

അടുത്തിടെ നടന്ന കാൻ ചലചിത്രോത്സവത്തിൽ ലോക പ്രശസ്ത സംവിധായകൻ ലാർഡ് വോൺ ട്രയർ പുറാത്താക്കപ്പെട്ടു. യിസ്രയേൽ വിരുദ്ധ പരാമർശങ്ങൾ ഉന്നയിച്ചാതാണ് ഭ്രഷ്ടിന് കാരണം 'അസ്വീകാര്യനായ വ്യക്തി' എന്ന പേരും വോൺ ട്രയറിന് ലഭിച്ചു. കാൻ ചലച്ചിത്രോത്സവത്തിൽ ഹോളിവുഡ് സൂപ്പർ താരവും സംവിധായകനുമായ മെൽ ഗിബ്സൺ നടത്തിയ പരാമർശവും വിവാദമായിരിക്കുകയാണ്. ജൂത പോലിസുകാരനെ നാശം പിടച്ച പോലിസുകാരൻ എന്നു വിളിക്കുകയും ' ലോകത്തെ എല്ലാ യുദ്ധങ്ങളുടെയും ഉത്തരവാദിത്തം ജൂതന്മാർക്കാണെന്നും' പറഞ്ഞ് 2006 ൽ ഗിബ്സൺ ആക്ഷേപിച്ചിരുന്നു. ഗിബ്സന്റെ ഭാവി കാത്തിരുന്ന് കാണാം. ചുരുക്കി പറഞ്ഞാൽ ദൃശ്യ മാധ്യമ ലോകത്തു പോലും യിസ്രയേൽ സ്വാധീനം എത്രമാത്രമുണ്ടെന്ന് ഈ സംഭവങ്ങൾ തെളിയിക്കുന്നു.

**ബ്രേക്കിംഗ് സൈലൻസ്**

യിസ്രയേല്യ പട്ടാളക്കാരുടെ മനുഷ്യാവകാശ ധ്വംസനങ്ങൾ പുറത്ത് കൊണ്ടു വരികയും, ബെഞ്ചമീൻ നെതന്യാഹു എന്ന യിസ്രയേൽ പ്രധാനമന്ത്രിയുടെ നേതൃത്വത്തിലെ ഭരണകൂടത്തെ വിമർശിക്കുകയും ചെയ്ത ഇടതു പക്ഷ സംഘടനയാണ് ബ്രേക്കിംഗ് സൈലൻസ്. പക്ഷേ ഇവർ നോട്ട പുള്ളികളായ് മാറിയിരിക്കുന്നു. ഇത്തരക്കാരുടെ മേൽ രാജ്യ ദ്രോഹ കുറ്റം വരെ ഭരണകൂടം ആരോപിക്കുന്നു

**ഇന്ത്യയും ഉണരണം– ഇലാൻ പാപ്പെ**

യിസ്രയേലിന്റെ പാലസ്തീൻ അധിനിവേശവും ചരിത്രത്തേ വളച്ചൊടിക്കുന്ന പ്രവണതയും തിരുത്തണമെന്ന് പ്രതികരിച്ച ചരിത്ര പണ്ഡിതനാണ് ഇലാൻ പാപ്പെ. യിസ്രയേലിൽ ജനിച്ചു വളർത്തപ്പെട്ട ഇദ്ദേഹം യിസ്രയേലിന്റെ പൊള്ളത്തരങ്ങൾ പുറത്ത് കൊണ്ടുവന്നതിനാൽ യിസ്രയേലിൽ നിന്നും നാടു കടത്തപ്പെട്ടു. പാപ്പെ ബ്രിട്ടനിലെ എക്സൈറ്റർ യുണിവേഴ്സിറ്റിയിൽ അദ്ധ്യപകനാണിപ്പോൾ. ഇസ്രയേലിലെ ഇടതുപക്ഷ ജനാതിപത്യ സംഘടനകളുടെ കൂട്ടായ്മയായ 'ഹദാഷിന്റെ' മുഖ്യ പ്രവർത്തകരിലൊരാളായിരുന്നു ഇദ്ദേഹം. ഇപ്പോൾ യിസ്രയേലിനെ അന്തരാഷ്ട്ര തലത്തിൽ ബഹിഷ്ക്കരിക്കാനുള്ള പ്രചാരണ പരിപാടികളിൽ സജീവ പങ്കാളിത്തം വഹിക്കുകയാണ് പാപ്പെ. യിസ്രയേലിന്റെ ക്രൂരതകൾ മനസ്സിലാക്കി പ്രതികരിക്കുവാൻ അദ്ദേഹം ഇന്ത്യയേയും ആഹ്വാനം ചെയ്തു. 250 അണുവായുധങ്ങൾ സ്വന്തമായിട്ടുള്ള രാഷ്ട്രമാണ് യിസ്രയേൽ. അമേരിക്കപ്പോലും ഭയപ്പെടുന്നത് ഇതിനെയാണെന്നാണ് പാപ്പെയുടെ അഭിപ്രായം. ഇലാൻ പാപ്പെയുടെ ജൂത വിരുദ്ധ നയങ്ങളോട് അനുഭാവം പ്രകടിപ്പിക്കുന്ന യിസ്രയേൽ അക്കാദമിക്ക് സമുഹത്തിലെ ആളുകൾക്ക് 30000 ശേഖൽ വരെ പിഴയും ഒരു വർഷം തടവുമാണ് ശിക്ഷ. ഇലാൻ പാപ്പെയുടെ വാക്കുകളും പ്രവർത്തനങ്ങളും അനേകരിൽ യിസ്രയേൽ വിരുദ്ധ മനോഭാവം വളർത്തുന്നു.

**വിശുദ്ധനാട്ടിലേക്ക്**

ക്രൈസ്തവ ജൂത വിശ്വാസങ്ങളുടെ തിരുപ്പിറവി നടന്ന യിസ്രയേലിലേക്ക് വിശ്വാസസമുഹം നടത്തുന്ന സന്ദർശനങ്ങൾ ഏറെ പ്രസിദ്ധിയാർജിച്ച് വരികയാണ്. കേരളത്തിൽ തന്നെ വിശുദ്ധ നാട് സന്ദർശനത്തിന് നേതൃത്വം വഹിക്കുന്നവർ ഏറെയാണ്, സർവ്വ വൈരാഗ്യത്തിന്റെയും നീരൂറ്റി കുടിക്കുന്ന യിസ്രയേൽ, ക്രൂരതയുടെ പര്യായമായ് ഈ യുഗത്തിൽ മാറിയിരിക്കുന്നു. തിരുവെഴുത്തിലെ പ്രവചനങ്ങൾ നിവർത്തിയാകുന്നു. വിശുദ്ധ നാടെന്ന പേരിനി യിസ്രയേലിന് അനുയുക്തമല്ലെന്ന് ഈ കാലഘട്ടം വ്യക്തമാക്കുന്നു. വിശുദ്ധ നാട്ടിലേക്ക് പോകുവാനും മറ്റുള്ളവരെ കൊണ്ടു പോകുവാനും കാട്ടുന്ന വ്യഗ്രത വിശുദ്ധന്മാരുടെ നാട്ടിലേക്ക് പോകാൻ വേണ്ടി കാട്ടിയിരുന്നെങ്കിൽ നന്നായിരുന്നു.

*(അനുബന്ധം : മലയാളം)*

## അബുദാബി ഐക്യ പെന്തെക്കോസ്ത് സമ്മേളനം



അപ്കോൺ സമ്മേളനത്തിൽ പാസ്റ്റർ എം.കുഞ്ഞപ്പി പ്രസംഗിക്കുന്നു.

**അബുദാബി:** അബുദാബിയിലുള്ള പെന്തക്കോസ്ത് സഭകളുടെ ഐക്യവേദിയായ അപ്കോൺ സമ്മേളനത്തിൽ പാസ്റ്റർ എം. കുഞ്ഞപ്പി മുഖ്യപ്രഭാഷണം നടത്തി. പാസ്റ്റർ ജോൺ വർഗീസ് അദ്ധ്യക്ഷത വഹിച്ചു. അപ്കോണിന്റെ ഭാരവാഹികളായ പാസ്റ്റർമാരായ ഫിന്നി ജോർജ്(പ്രസിഡന്റ്) ജോർജ് മാത്യു(വൈസ് പ്രസിഡന്റ്) വർഗീസ് ജേക്കബ് (സെക്രട്ടറി) ബ്രദർ ജോയി മാത്യു(ജോ. സെക്രട്ടറി) എന്നിവർ നേതൃത്വം നല്കി.

## Ex-OPA കുടുംബ സംഗമം ഒക്കലഹോമായിൽ നടന്നു



റവ തമ്പി മാത്യു, അലക്സ് നൈനാൻ,
പാസ്റ്റർ എം,ജെ ഏബ്രഹാം, ലെവി ചെറിയാൻ

**ഒക്കലഹോമ:** ഗൾഫിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയായ ഒമാൻ പെന്തക്കോസ്ത് അസംബ്ലിയുടെ മുൻകാല അംഗങ്ങളുടെ നോർത്തമേരിക്കയിലെ കൂട്ടായ്മയായ Ex-OPA 6-മത് കുടുംബ സംഗമം ഒക്കലഹോമ ഷെരാട്ടൻ സിറ്റി ഹോട്ടലിൽ നടന്നു. റവ തമ്പി മാത്യു (ചെയർമാൻ) അലക്സ് നൈനാൻ (സെക്രട്ടറി) പാസ്റ്റർ എം.ജെ ഏബ്രഹാം (ജോ.സെക്രട്ടറി) റെജി ഏബ്രഹാം (ട്രഷറാർ) ലെവി ചെറിയാൻ (യൂത്ത് കോഡിനേറ്റർ) എന്നിവർ നേതൃത്വം നൽകി.

## മേപ്രാൽ ഐ.പി.സി. ഹാൾ പ്രതിഷ്ഠാ ശുശ്രൂഷ



മേപ്രാൽ ഐപിസി ഹാൾ പ്രതിഷ്ഠാ ശുശ്രൂഷ റവ. കെ.സി. ജോൺ നിർവ്വഹിക്കുന്നു

**മേപ്രാൽ:** ഐ.പി.സി. മേപ്രാൽ ആരാധനാലയത്തിന്റെ ഉദ്ഘാടനം ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി ജോൺ നടത്തി. സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ റ്റി.എസ് ഏബ്രഹാം സമർപ്പണ ശുശ്രൂഷ നടത്തി. പാസ്റ്റർ എൻ. എസ് ഏലീയാസ് അദ്ധ്യക്ഷത വഹിച്ചു.

സെന്റർ അസോസിയേറ്റ് പാസ്റ്റർമാരായ പി.വി ഐസക്ക്, രാജു പൂവക്കാല, വർഗീസ് മത്തായി. പാസ്റ്റർ സാം പനച്ചയിൽ, ജോസഫ് കെ മാത്യു, ജോജി ഐപ്പ് മാത്യുസ്, ജോസഫ് പി സൈമൺ, സെക്രട്ടറി അജു അലക്സ്, പാസ്റ്റർമാരായ കെ.റ്റി ഉമ്മൻ, സി.ജി ജോർജ്ജ്കുട്ടി, എ.സി കുര്യൻ, ജേക്കബ് സാമുവേൽ, പി.ജി എബ്രഹാം, അലക്സ് ജോൺ, റെജി ബേബി, പി.കെ മാത്യു, റിൻസൺ എം. തോമസ്, എം. മാത്യു, ജി.എം. ബോബികുട്ടി പി.സി.ഐ വൈസ് പ്രസിഡന്റ് എൻ.എം രാജു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്. ഈപ്പൻ കുര്യൻ, പഞ്ചായത്ത് മുൻ പ്രസിഡന്റ് സാം ഈപ്പൻ, സുധി എബ്രഹാം, വിൽസൺ പോത്തൻ എന്നിവർ പ്രസംഗിച്ചു.

## കുമ്പനാട് സംഗമം സുവനീർ പുറത്തിറക്കുന്നു

**ഫ്ളോറിഡാ:** നോർത്ത് അമേരിക്കയിലും കാനഡയിലും പാർക്കുന്ന മലയാളികളുടെ പ്രവാസി സംഘടനയായ കുമ്പനാട് സംഗമം, കുമ്പനാട് ചരിത്രം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സുവനീർ 2012 ജനുവരിയിൽ പുറത്തിറക്കും. രാജൻ ആര്യപ്പള്ളിൽ, മോനി കൊടുന്തറ, എബ്രഹാം വള്ളിയിൽ, തമ്പി മാത്യു എന്നിവരടങ്ങുന്ന പ്രസിദ്ധീകരണ സമിതി നേതൃത്വം നൽകുന്നു.ഫോൺ നമ്പർ 863-248-9361 പരസ്യങ്ങൾ, ചരിത്ര വിവരങ്ങൾ, ഫോട്ടോകളും, അയ ക്കേണ്ടവിലാസം P.OBox:620742,Atlanta,GA30362. Email.kumbanadsangamam@gmail.com or ariyappally@gmail.com

## ഐ.പി.സി.വാർഷീക കൺവൻഷൻ

**സൗത്ത് ഫ്ളോറിഡ:** ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയണൽ വാർഷീക കൺവൻഷൻ സെപ്റ്റംബർ 2-4 വരെ സൗത്ത് ഫ്ളോറിഡാ സൺ റൈസ് ഹോളിഡേ ഇൻ കോൺഫറൻസ് സെന്ററിൽ നടക്കും.സഭായോഗത്തോടെ കൺവൻഷൻ അവസാനിക്കും. ഓറൽ റോബർട്ട്സ് യൂണിവേഴ്സിറ്റി ഡീൻ ആയ റവ.ഡോ.തോംസൺ കെ മാത്യു പ്രധാന പ്രസംഗകനായിരിക്കും. പാസ്റ്റേഴ്സ് കോൺഫറൻസ്, സഹോദരി സമാജം, പി.വൈ.പി.എ സമ്മേളനം, ഉണർവ്വു യോഗങ്ങൾ എന്നിവയും നടക്കും.

## വൈ.പി.ഇ. ഡേ സ്തോത്രകാഴ്ച

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് വൈ. പി. ഇ. ഡേ സ്തോത്രകാഴ്ച ജൂലൈ 17ന് നടക്കും. പ്രസ്തുത ദിനം പ്രാദേശിക സഭകളിൽ പ്രത്യേക സ്തോത്രകാഴ്ച എടുത്ത് വൈ.പി.ഇ സ്റ്റേറ്റ് ഓഫീസിൽ അടയ്ക്കണമെന്ന് ഓഫീസിൽ നിന്നും അറിയിച്ചു.

### പ്രത്യേക അറിയിപ്പ്

*യുഗാന്ത്യസന്ദേശം എല്ലാമാസവും 5-ാം തീയതി പോസ്റ്റ് ചെയ്യുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ ആ തീയതിക്കു മുൻപായി പോസ്റ്റ് ചെയ്യുന്നത് അസാദ്ധ്യമാണ്. ആയതിനാൽ യുഗാന്ത്യസന്ദേശം നേരത്തെ ലഭിക്കുവാൻ യുഗാന്ത്യസന്ദേശം വെബ്സൈറ്റ് സന്ദർശിക്കുക.* **www.ysandhesham.com**


## ഡ്രൈവറെ ആവശ്യമുണ്ട്

തിരുവല്ല: ഹോംസ്റ്റേയുടെ ടൂറിസ്റ്റ് കാറുകൾ ഓടിക്കുവാൻ ബാഡ്ജുള്ള ഡ്രൈവർമാരെ ആവശ്യമുണ്ട്. ആകർഷകരമായ ശമ്പളം.

ഫോൺ : 9447766394, 0469 – 2604394


## നോർത്തമേരിക്കൻ കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം അവാർഡുകൾ വിതരണം ചെയ്തു



പാസ്റ്റർ വീയപുരം ജോർജ്ജുകുട്ടി , പാസ്റ്റർ ബാബു തോമസ്,
മോഹൻ കാഞ്ഞിരമണ്ണിൽ, ജോയ്സ് തോന്നിയാമല

**ന്യൂയോർക്ക്:** 2010 ലെ മികച്ച എഴുത്തുകാർക്ക് ഉള്ള കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറത്തിന്റെ അവാർഡുകൾ വിതരണം ചെയ്തു. ഒക്കലഹോമായിൽ നടന്ന 29-ാമത് നോർത്തമേരിക്കൻ പെന്തക്കോസ്തൽ കോൺഫറൻസിൽ വച്ച് അവാർഡിന് അർഹരായവരെ ആദരിച്ചു

പാസ്റ്റർ വീയപുരം ജോർജ്ജുകുട്ടി എഴുതിയ 'മലകളും താഴ്വരകളും' എന്ന പുസ്തകമാണ് 2010 ലെ മികച്ച ഗ്രന്ഥം. പാസ്റ്റർ ബാബു തോമസ് ന്യൂയോർക്ക് കേരളാഎക്സ്പ്രസ്സിൽ എഴുതിയ 'ജ്ഞാനികൾ ഇന്നും അവനേ കണ്ടെത്തുന്നു; വിലയേറിയത് അർപ്പിക്കുന്ന' ലേഖനവും ജോയ്സ് തോന്നിയാമല എഴുതിയ 'സർവ്വം സഹിച്ചവൻ' എന്ന കവിതയും 'ഈ മൺ ശരീരം' എന്ന മോഹൻ കാഞ്ഞിരമണ്ണിലിന്റെ ഗാനവും അവാർഡുകൾ നേടി.

## അമേരിക്കയെ രക്ഷിക്കുവാൻ ദൈവത്തിന് മാത്രമേ കഴിയൂ : ഗവർണർ റിക്ക് പെരി

**ഹൂസ്റ്റൺ:** അമേരിക്ക വൻ പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണെന്നും യേശുവിനുമാത്രമെ ഈ രാജ്യത്തെ രക്ഷിക്കുവാൻ കഴിയൂ എന്നും ടെക്സാസ് ഗവർണർ റിക്ക് പെരി അഭിപ്രായപ്പെട്ടു. സാമ്പത്തിക പ്രതിസന്ധി, ഭീകരത, പ്രകൃതി ക്ഷോഭങ്ങൾ എന്നിവയാണ് അമേരിക്കയുടെ തകർച്ചയ്ക്ക് കാരണങ്ങളായി അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നത്. ഈ പ്രതിസന്ധികൾ മനുഷ്യർക്ക് പരിഹരിക്കുവാൻ കഴിയാത്തതാകയാൽ ആഗസ്റ്റ് 6 പ്രാർത്ഥനാ ദിനമായി ആചരിക്കുവാനാണ് അദ്ദേഹം ആഹ്വാനം ചെയ്തിരിക്കുന്നത്. ഹൂസ്റ്റണിലുള്ള റിലയന്റ് സ്റ്റേഡിയമാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിലെ ഗവർണർമാർ ഉൾപ്പെടെയുള്ളവർ സംബന്ധിക്കുന്ന ഈ സമ്മേളനത്തിൽ വൻ ജനാവലിയെയാണ് പ്രതീക്ഷിക്കുന്നത്.



**അബുദാബി:** എം.സി.സി.യിൽ നടന്ന കൺവൻഷനിൽ പാസ്റ്റർ എം.കുഞ്ഞപ്പി പ്രസംഗിക്കുന്നു.

## യു.എ.ഇ കുടുംബസംഗമം

**ഡാളസ്:** നോർത്ത് അമേരിക്കയിലെ വിവിധ പട്ടണങ്ങളിൽ പാർക്കുന്ന മുൻ യു.എ.ഇക്കാരായ പെന്തക്കോസ്തരുടെ 6-മത് കുടുംബസംഗമം ഒക്കലഹോമയിൽ പി.സി.എൻ.എ.കെ സമ്മേളനസ്ഥലമായ കോബ് കൺവൻഷൻ സെന്ററിൽ നടന്നു.


മദ്ധ്യതിരുവിതാംകൂറിന്റെ വിദേശയാത്രാസേവനരംഗത്ത്
വർഷങ്ങളുടെ അനുഭവസമ്പത്ത്




ഞങ്ങളുടെ സേവനങ്ങൾ

- ഡൊമസ്റ്റിക്ക് & ഇന്റർനാഷണൽ എയർ ടിക്കറ്റുകൾ.
- അമേരിക്കൻ വിസാ പ്രോസസ്സിംഗ്.
- കുവൈറ്റ്, സൗദി അറേബ്യ, യു. എ. ഇ, ഖത്തർ, മസ്ക്കറ്റ് എന്നീ രാജ്യങ്ങളിലേക്കുള്ള വിസിറ്റ് വിസകൾ.
- ഹോളിലാന്റ്, സിങ്കപ്പൂർ, മലേഷ്യ തുടങ്ങിയ അന്താരാഷ്ട്ര ടൂർ പാക്കേജുകൾ.
- പാസ്പോർട്ട്, എമിഗ്രേഷൻ, വിസാ സ്റ്റാമ്പിംഗ്.



ട്രെയിൻ ടിക്കറ്റ് ബുക്കിംഗ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**അമേരിക്കൻ വിസിറ്റ് വിസ അപ്പോയിൻമെന്റ്**

COSMIC AIR TRAVELS

First Floor, Pothiricans Building, Near K.S.R.T.C. Bus stand, Thiruvalla, Kerala - 689 101
Phone : 0469 2700230, 2730320, 9446456320
Fax : 0091 469 2730320, Mobile : 94470 56320, 9447156320, 98470 56320
Email : cosmicairtravel@yahoo.com

# 6 എബ്രായലേഖന പഠനം



പാസ്റ്റർ ഷിബു കെ. മാത്യു
B.D, M.Th

**ക്രിസ്തു ദൂതന്മാരെക്കാൾ ശ്രേഷഠൻ (1:4–2:18)**

ലേഖന കർത്താവ് തിരുവെഴുത്തിൽ നിന്നുള്ള ധാരാളം ഉദ്ധരണികൾ പുത്രൻ ദൂതന്മാരെക്കാൾ ശ്രേഷഠൻ എന്ന് കാണിക്കുവാൻ ഇവിടെ ഉപയോഗിച്ചിട്ടുണ്ട്. ക്രിസ്തുവിൽ ഉണ്ടായ വെളിപ്പാട് ദൈവികവും അന്തിമവും പൂർണവുമാണ് കാരണം അവൻ ആളത്വത്തിൽ പുത്രനും പ്രവർത്തനത്തിൽ പുരോഹിതനുമാണ്. മനുഷ്യനെ ദൈവത്തിങ്കലേക്കുള്ള പ്രവേശനത്തിന് സഹായിക്കുവാൻ ദൂതന്മാർക്ക് കഴിയില്ല. കാരണം മനുഷ്യന്റെ ആവശ്യങ്ങളിൽ സഹായിക്കുവാൻ സ്വർഗ്ഗത്തിലെ മഹിമകളിൽ ആയിരിക്കുന്നവർക്ക് പൂർണ്ണമായി സാദ്ധ്യമല്ല. എന്നാൽ മനുഷ്യനോടൊപ്പം അവന്റെ ആവശ്യങ്ങളിൽ പങ്കു ചേരുന്ന ദൈവ സ്വഭാവം ഉൾകൊണ്ട ക്രിസ്തുവിന് അത് സാധിക്കും.

ക്രിസ്തു എന്തുകൊണ്ടാണ് മാലഖമാരേക്കാൾ ശ്രേഷ്ഠനായത്? കാരണം ദൈവദൂതന്മാർ ദാസന്മാരാണ്, യേശുവോ പുത്രനാണ്. ദൂതന്മാർ ആരധനയ്ക്ക് യോഗ്യന്മാരല്ല എന്നാൽ പുത്രനെ ദൂതന്മാരും കൂടെ ആരാധിക്കുന്നു. ആരാധയ്ക്ക് യോഗ്യനും ആരാധന വസ്തുവും പുത്രനാണ് എന്തെന്നാൽ അവൻ ദൈവമാണ്. പുത്രൻ അവകാശമാക്കിയ നാമം ദൈവദൂതന്മാരുടേതിനേക്കൾ ശ്രേഷ്ടമായിരിക്കുന്നതു പോലെ അവനും അവരെക്കാൾ ശ്രേഷ്ടനാണ്. പുത്രൻ ശ്രേഷ്ഠനെന്ന് പറയുവാൻ പല കാരണങ്ങൾ ഉണ്ട്.

1) കർത്താവായ യേശുവിന് എന്നേക്കുമുളള രാജത്വം ഉണ്ട് (ലൂക്കോ 1:33)

2) കർത്താവിനെ മാത്രമേ ആനന്ദ തൈലത്താൽ അഭിഷേകം ചെയ്തിട്ടുള്ളൂ. (പ്രവ.10:38)

3) പിതാവായ ദൈവം ആകാശ ഭൂമികൾക്ക് അടിസ്ഥാനമിട്ടപ്പോൾ പുത്രൻ സൃഷ്ടിപ്പിൽ പിതാവിനോടു കൂടി പങ്കെടുത്തു (എബ്ര.1:10, ഈയ്യോ 33:4)

4) ക്രിസ്തു യഥാവാനാണ് (അനന്യൻ)

5) പുത്രൻ പിതാവിന്റെ വലത്തു ഭാഗത്ത് ശത്രുക്കളെ കാൽക്കീഴാക്കുവോളും ഇരിക്കേണ്ടതാണ്

'നീ എന്റെ വലത്തു ഭാഗത്ത് ഇരിക്ക' എന്ന ക്ഷണം പുത്രന് മാത്രമേ ലഭിച്ചിട്ടുള്ളു, ദൂതന്മാർക്ക് ലഭിച്ചിട്ടില്ല. ദൂതന്മാർ 'സേവകാത്മാക്കൾ' അഥവ ശുശ്രുഷക്കായി നിയോഗിക്കപ്പെട്ടവർ മാത്രമാണ് പുത്രനാണ് ദൂതന്മാരേക്കൾ ശ്രേഷ്ഠൻ

**വലിയ രക്ഷ (2:1–4)**

ഒന്നാം അദ്ധ്യയത്തിൽ രക്ഷകനായ കർത്താവിന്റെ മഹിമയും രണ്ടാം അദ്ധ്യയത്തിൽ രക്ഷയുടെ വലിപ്പവുമാണ് പറഞ്ഞിരിക്കുന്നത്. രക്ഷക്രിസ്തുവിലൂടെയാണെന്നാണ് ഈ ഭാഗത്ത് വ്യക്തമാക്കുന്നത്. ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തിരം നമ്മോട് അരുളിച്ചെയ്തത് കരുതികൊള്ളണം എന്ന് ലേഖകൻ പറയുന്നു 'ഒഴുകിപ്പോകാതിരിക്കേണ്ടതിന്' എന്നത് നമ്മുടെ അശ്രദ്ധയെയും അവഗണനെയും കുറിക്കുന്നു, കേൾപ്പാനുള്ള മാന്ദ്യത ഉത്സാഹക്കുറവ് എന്നിവയെ ലേഖനത്തിലുടനീളം ലേഖകൻ ശാസിക്കുന്നു (5:11; 6:11–12). ന്യായപ്രമാണ ലംഘനത്തിനും അനുസരണക്കേടിനുമുള്ള പ്രതിഫലത്തെക്കുറിച്ച് ഓർമിപ്പിച്ചു കൊണ്ടാണ് പുത്രൻ നൽകിയ രക്ഷ 'വലിയ രക്ഷ' എന്ന് ഇവിടെ വ്യക്തമാക്കുന്നത്. രക്ഷയുടെ ശ്രേഷ്ഠതയെ വിവരിക്കുന്നത് ശ്രദ്ധേയമാണ്. 'കർത്താവ് അരുളിച്ചെയ്തതും, കേട്ടവർ ഉറപ്പിച്ചു തന്നതും, ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യ പ്രവർത്തികളാലും തന്റെ ഇഷ്ട പ്രകാരം പരിശുദ്ധാത്മാവിനെ നൽകി കൊണ്ട് സാക്ഷി നിന്നതുമായ രക്ഷ'. പുത്രനിൽ കൂടി വെളിപ്പെട്ട രക്ഷയുടെ മഹത്വത്തിന്റെ 3 കാരണങ്ങൾ ലേഖകൻ പറയുന്നു 1) കർത്താവ് ആദ്യം പറഞ്ഞു തുടങ്ങി, 2) കേട്ടവർ നമുക്ക് ഉറപ്പിച്ചു തന്നു 3) ദൈവം അടയാളങ്ങാലും അത്ഭുതങ്ങളാലും വിവിധ വീര്യ പ്രവർത്തികളാലും സാക്ഷി നിന്നു. ഇവിടെ ഗൗരവത്തോടെ കാണേണ്ട ഒരു പ്രധാന വിഷയം, പുത്രനിൽക്കുടി ലഭിച്ച ഈ വലിയ രക്ഷയോട് അവഗണനയും അശ്രദ്ധയും ഉണ്ടാകരുത്.

### പ്രത്യേക ശ്രദ്ധക്ക്

എബ്രായ ലേഖന പഠനത്തിന്റെയും, സൂപ്പർ ബൈബിൾ ക്വിസ്സിന്റെയും ഉത്തരം അയക്കുന്നവർ സാധാരാണ തപാലിലോ ഈ മെയിലിലോ അയക്കുക രജിസ്റ്റേർഡ് പോസ്റ്റിൽ അയക്കാതിരിക്കുക. ഉത്തരം അയക്കുന്നവർ കവറിന്റെ പുറത്ത് ഏതിന്റെ ഉത്തരം ആണ് അയക്കുന്നതെന്നും, ഉത്തര കടലാസിൽ അയക്കുന്ന വ്യക്തിയുടെ പേരും വ്യക്തമായി എഴുതണം. 25–ാം തീയതിക്ക് മുൻപ് ലഭിക്കുന്ന ഉത്തരങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

## എബ്രായലേഖന പഠന ചോദ്യങ്ങൾ

1) പുത്രൻ ദൂതന്മാരേക്കൾ ശ്രേഷ്ഠൻ എന്നു കാണിക്കുവാൻ തിരുവെഴുത്തിൽ നിന്നും ഉദ്ധരിച്ചിട്ടുള്ള ഉദ്ധരണികൾ വിവരിക്കുക?
2) ക്രിസ്തു എന്തു കൊണ്ടാണ് മാലാഖമാരേക്കാൾ ശ്രേഷ്ഠനായത്?
3) പുത്രൻ ശ്രേഷ്ഠൻ എന്ന് പറയുവാനുള്ള 5 കാരണങ്ങൾ വിവരിക്കുക?
4) രക്ഷയെ 'വലിയ രക്ഷ' എന്ന് വിശേഷിപ്പിക്കുവാനുള്ള കാരണം?
5) രക്ഷയുടെ മഹത്വത്തിന്റെ 3 കാരണങ്ങൾ വിവരിക്കുക?

**എല്ലാ ലക്കങ്ങളിലെയും ചോദ്യങ്ങൾക്ക് ഉത്തരം എഴുതി വിജയികളാക്കുന്നവർക്ക് പഠനം പൂർത്തീകരിക്കുമ്പോൾ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും നൽകി ആദരിക്കുന്നതാണ്.**

**പാഠഭാഗം ശ്രദ്ധിച്ച് വായിച്ച് ഉത്തരം കണ്ടെത്തുക.**

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25–ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66, THIRUVALLA-689 101, KERALA**

## കഴിഞ്ഞ ലക്കം ശരിയുത്തരം അയച്ചവർ

ലീലാമ്മാ ജോസഫ് കവിയൂർ,ജോഷി പി ജോയി പറക്കോട്, സാറാമ്മ പാട്രിക്ക് പറണ്ടോട്, ജെഫി മോൾ എൽസാ പാട്രിക്ക് കുടപ്പനക്കുന്ന്, ജൂലി ജോർജ്ജ് നല്ലതണ്ണി, ഷീബാ സത്യപാൽ കോവളം, ജൂലി ബിജു കിഴക്കമ്പലം, ശലോമി ജോർജ്ജ് മേലുകാവുമറ്റം, ഫെയ്ത്ത് ആന്റണി തൊടുപുഴ, നിസ്സി സുനിഷ് മേച്ചാൽ, ആലിസ് ജോയി ഐരാണിക്കുടി, ഗ്രേസ് ജേക്കബ്ബ് പൂവത്തൂർ, അന്നമ്മ ജേക്കബ്ബ് പൂവത്തുർ, മറിയാമ്മ വർഗീസ് മുടിയൂർക്കോണം, അന്നമ്മ കെ.വി കുരിയച്ചിറ, ജിജി പോൾ മൈലം, ശോശാമ്മ എബ്രഹാം പുതുപ്പള്ളി,പിങ്കി സ്റ്റാൻലി ചൂനാട്, ദീനാ സിജു മാമലശ്ശേരി, വൽസമ്മ ഈശോ കുന്നം, ആലിസ് ജോസ് നെല്ലിപ്പാറ,ഉഷാ ഗോപിനാഥ് മൂപ്പത്തടം, മേഴ്സി സാം ഇരവിപേരൂർ,സുജ മോൻസി ആറന്മുള, ഗ്രേസ് മീഖായേൽ മേലുകാവുമറ്റം,ഏലിയാമ്മ വിൻസന്റ് അഹമ്മദാബാദ്, കെ.എൻ. നളിനി തിരുവല്ല, ജെസി ഐസക് ഡെൽഹി, ബ്ലെസൻ ജോസഫ് ഫിലദെൽഫിയ, ചിന്നമ്മ ജോസഫ് പള്ളിക്കൽ

പ്രകൃതിയുടെ മടിത്തട്ടിൽ ആധുനികതയുടെ സൗകര്യങ്ങളുമായി ഒരു ക്രൈസ്തവ ടൗൺഷിപ്പ്.

31 British Designer Super Luxury & Twin Villas, Plots in 12, 10, 7, 5.5, 3.80 cents
BOOKING STARTED : 25 Studio Homes for Senior Citizens
Health Tourism · Smart City neighbourhood · Smart Home
Recurring income at an absolute Faithcity spiritual atmosphere

Available Ready VILLAS & PLOTS

കൊച്ചി ഇന്റർനാഷണൽ എയർപ്പോർട്ടിന്റെ സമീപെ ജി. സി. ഡി. എ. പരിധിക്കുള്ളിൽ നിർമ്മാണത്തിലിരിക്കുന്ന പുതിയ പാലത്തോടു ബന്ധിച്ച് എയർപ്പോർട്ട്–കോട്ടയം റോഡും എറണാകുളം–പെരുമ്പാവൂർ റോഡും ആലുവ–മൂന്നാർ റോഡും ചേരുന്ന പ്രകൃതിരമണീയമായ പോഞ്ഞാശേരിയിൽ വിശ്വാസികൾക്കു മാത്രമായി ഒരു ടൗൺഷിപ്പ് ഒരുങ്ങുന്നു. അനുദിനം മൂല്യം വർധിക്കുന്ന സുരക്ഷിത നിക്ഷേപവും SBI Life ബോണ്ടും!

SBI Life BOND ensures - (i) 100% Returns on the current Purchase Value; (ii) Life insured

വിശാലമായ വീഥികൾ, പാർക്കുകൾ, ഹൃദ്യമായ ആത്മീയ ഗീതങ്ങൾ;
ദേശത്തിന്റെ മുഖഛായ തന്നെ അനുദിനം മാറിക്കൊണ്ടിരിക്കുന്നു.

SBI Life's 100% Money Return Plan
VILLAS AT 2 PAYMENT OPTIONS
TRUELY DESIRING A VILLA OF YOUR CHOICE IN A SPIRITUAL ATMOSPHERE? READY FOR OCCUPATION IN 18 MONTHS.
SPECIAL OFFER TILL 30-06-2011
ATTRACTIVE SUBSIDIZATIONS



തികഞ്ഞ പ്രാർത്ഥനാന്തരീക്ഷത്തിൽ അൽപം മാത്രം ബാക്കിയുള്ള വില്ല പ്ലോട്ടുകൾ; 3 / 4 / 5 ബെഡ് റൂം വില്ലകൾ; സീനിയേഴ്സ് ഹോമുകൾ; റിട്രീറ്റ് സെന്റർ; തൊഴിലധിഷ്ഠിത ബൈബിൾ സെമിനാരി; മേഖലാ മെഡിക്കൽ ക്യാമ്പുകളും കൗൺസലിംഗും

• 30,000 Sq.Ft. FOR BIBLE CONFERENCE • BANK HOME LOANS •

Board of Consultant Directors are renowned Professionals and eminent Men of God from major Christian Churches.

"Unless the LORD builds the house, its builders labour in vain" (Ps. 127:1)



for immediate booking Call or E-mail:

M/s GOODYEAR BUILDERS & ENGINEERS PTE. LTD
Engineers • Builders • Township Developers • Project Investors
POST BOX No: 2295 :: CRA/197, PALARIVATTOM, COCHIN - 682 025 :: INDIA.
Phone: (O) 91-484-2345846, 2330200, ® 91-484-2343956 Fax: 91-484-2345163, 2343956
Mob: 91-9447250583 Visit At: www.goodyearenterprises.com
Email: goodyear83@rediffmail.com info@goodyearenterprises.com

Victory Park · JOINT VENTURE WITH · SBI Life INSURANCE With Us, You're Sure

ECONOMY VILLAS
in 3.80cents
2 Storied, 3 Bed, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 66.14 M2
PORCH - 7.80 M2
FIRST FLOOR AREA - 47.50 M2
TOTAL FLOOR AREA - 121.44 M2
(1305.00 SQFT)

STANDARD VILLAS
In 5.5 cents
2 Storied - 3 Bed,1 Consultation Room, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 111.72 M2
PORCH - 11.34 M2
FIRST FLOOR AREA - 58.24 M2
TOTAL FLOOR AREA - 181.30 M2
(1950.79 SQFT)

LUXURY VILLAS
in 7 cents
2 Storied, 3 Bed, 1 Consultation Room, 4 Baths
(Inclusive of wood - works)



GROUND FLOOR AREA - 113.50 M2
PORCH - 16.60 M2
FIRST FLOOR AREA - 76.23 M2
TOTAL FLOOR AREA - 206.33 M2
(2220.11 SQFT)

SUPER LUXURY VILLAS
in 10 cents
2 Storied, 4 Bed, 1 Consultation Room, 6 Baths
(Inclusive of wood - works)



GROUND FLOOR AREA - 153.82 M2
PORCH - 25.94 M2
FIRST FLOOR AREA - 75.65 M2
TOTAL FLOOR AREA - 255.41 M2
(2748.21 SQFT)

SUPER LUXURY VILLAS
in 12 cents
2 Storied, 4 Bed, 1 Servant Room, 1 Consultation Room, 7 Baths
(Inclusive of wood - works)



GROUND FLOOR AREA - 174.65 M2
PORCH - 23.00 M2
FIRST FLOOR AREA - 109.05 M2
TOTAL FLOOR AREA - 306.70 M2
(3300.00 SQFT)

• HEALTH TOURISM • FIRE SAFETY • FLOOD LIGHTS • MINI SHOPPING CENTRE • CAFETERIA • DAY & NIGHT SECURITY •

18 മാസങ്ങളായി വിക്ടറി പാർക്കിനെതിരായി ഉയർന്നു വന്നിരുന്ന പ്രശ്നങ്ങളിൽ നിന്നെല്ലാം നമ്മുടെ പ്രാർത്ഥന കേൾക്കുന്ന ദൈവം വിടുവിച്ച് സുഗമമായ പ്രവർത്തനങ്ങൾക്ക് ഒന്നൊന്നായി കേരള സർക്കാർ അംഗീകാരമായി, ഉത്തരവ് ലഭിച്ചിരിക്കുന്നു. ബുക്കിംഗ് പ്രകാരമുള്ള പണികൾ ധ്രുതഗതിയിൽ പുരോഗമിക്കുന്നു.

# വിവാഹപൂർവ്വ കൗൺസിലിംഗ് ആവശ്യം



**പാസ്റ്റർ എം.കുഞ്ഞപ്പി**
സ്റ്റേറ്റ് ഓവർസിയർ ചർച്ച് ഓഫ് ഗോഡ്, കേരള സ്റ്റേറ്റ്

**വേ**ർപ്പെട്ട സഭാ വിഭാഗങ്ങൾ തികച്ചും പരാജയപ്പെട്ട ഒരു വിഷയമാണിത്. വിവാഹ ശുശ്രൂഷകളിൽ അച്ചിലിട്ട വാർത്തപോലെ പ്രസംഗങ്ങൾ ഒരുക്കി മണിക്കൂറുകൾ നിരത്തുന്നതിൽ അർത്ഥമില്ല. ശാന്തമായ അന്തരീക്ഷത്തിൽ രണ്ടുപേരെയും ഒറ്റയ്ക്കും ഒന്നിച്ചും ഇരുത്തി നടത്തുന്ന കൗൺസിലിംഗ് വളരെ പ്രയോജനമാണ്. പരസ്പരം ഉള്ള ആശങ്കകൾ മാറാനും മറച്ചു വച്ചിരിക്കുന്ന എന്തെങ്കിലും ഉണ്ടെങ്കിൽ തുറന്ന് പറഞ്ഞ് പരസ്പരം അംഗീകരിക്കാനും കൗൺസിലിംഗിലൂടെ സാധിക്കും. കത്തോലിക്ക സഭയാണ് ഇന്ന് ഇതിൽ മുന്നിൽ നില്ക്കുന്നത്. വേർപെട്ട സഭകൾ ഇന്ന് വരെ അതിൽ മുന്നോട്ടു വന്നിട്ടില്ല. വന്നിരുന്നെങ്കിൽ ഇതിനോടകം നടന്ന് കഴിഞ്ഞ പല വിവാഹമോചനങ്ങളും ഒഴിവാക്കാമായിരുന്നു. ഇനിയെങ്കിലും വിവാഹമോചനം എന്ന അർബുദ്ധം ദൈവസഭയിൽ വർദ്ധിക്കാതിരിക്കേണ്ടതിന് വിവാഹത്തിന് മുമ്പ് നിയുക്ത ദമ്പതികളെ കൗൺസിലിംഗിന് പ്രേരിപ്പിക്കണം. കൗൺസിലിംഗിൽ കൂടി യോഗ്യമല്ല എന്ന് തെളിയുന്ന ചില വിവാഹങ്ങൾ വേണ്ട എന്ന് വയ്ക്കുവാൻ കഴിയും. വിവാഹമോചനം എന്ന ശാപത്തിൽ നിന്ന് കുടുംബങ്ങൾക്ക് രക്ഷപ്പെടാം. ടെലിവിഷനും വാരികകളും വിവാഹജീവിതത്തെക്കുറിച്ച് വികലമായ ചിത്രങ്ങൾ നൽകുന്നു. കുടുംബങ്ങളെ തെറ്റായ നിലയിൽ സ്വാധീനിക്കുന്ന സീരിയലുകളും ഗ്ലിസറിൻ കണ്ണുനീരുകളും യുവമിഥുനങ്ങളിൽ കുടുംബജീവിതത്തെക്കുറിച്ച് തെറ്റായ ധാരണയുണ്ടാക്കുന്നു. ഇതു കണ്ട് കുടുംബജീവിതം ഇങ്ങനെയൊക്കെയാണ് എന്ന് ഭാവനയിൽ കണ്ട് യുവമിഥുനങ്ങൾ ആരംഭിക്കുന്ന കുടുംബജീവിതം സീരിയലിൽ കണ്ട കഥപോലെയല്ലെങ്കിലും മറ്റൊരു കഥയായി അത് അവസാനിക്കുകയാണ്. എത്രയോ യുവതികൾ, യുവാക്കന്മാർ ഇന്ന് വിവാഹമോചനശാപത്തിൻ കീഴിൽ അമർന്നിരിക്കുന്നു. മറ്റൊരു വിവാഹം നടത്തികൊടുക്കുവാൻ ദൈവവചനം അനുവദിക്കാത്തതിനാൽ സഭ അവരെ ഒഴിച്ചു മാറ്റുകയാണ്. എന്താണ് ഇതിന് പ്രതിവിധി. ഒന്നേയുള്ളൂ. വചനം തിരുത്തുവാൻ നമുക്ക് സാദ്ധ്യമല്ല. പിന്നെ എന്താണ്. പാടില്ലാത്ത വിവാഹങ്ങൾ നടക്കരുത്. ശരിക്കും ബോധവത്ക്കരിക്കണം. വിവാഹത്തിന് മുമ്പ് തന്നെ അവരവരുടെ രഹസ്യ ജീവിതത്തിൽ വിട്ടുമാറുവാൻ കഴിയാത്ത ബന്ധങ്ങളോ പരസ്പരം അംഗീകരിക്കുവാൻ കഴിയാത്ത, ഉൾകൊള്ളുവാൻ കഴിയാത്ത എന്തെങ്കിലും വിഷയങ്ങൾ ഉണ്ടെങ്കിൽ പ്രീമരിറ്റൽ കൗൺസിലിംഗിൽ കൂടി അത് വ്യക്തമാക്കണം. കൗൺസിലിംഗ് നടത്തുന്ന വ്യക്തി രണ്ടു പേർക്കും ഒരു പിതാവ് ആയിരിക്കണം. നിയുക്ത വധുവിനോട് ഒരു സ്ത്രീ തന്നെ കൗൺസിലിംഗിൽ കൂടി അവളുടെ മനസ്സ് തുറപ്പിക്കണം. വിവാഹിതരായാൽ കുടുംബജീവിതത്തിൽ അവർക്ക് പരാജയമാണോ വിജയമാണോ ഒരു തുറന്ന ചർച്ചയിൽ കൂടി തീരുമാനം എടുക്കണം. ബുദ്ധിമുട്ട് തോന്നുന്നു എങ്കിൽ മാതാപിതാക്കളെ വിളിച്ച് കാര്യം തുറന്ന് പറഞ്ഞ് വിവാഹം ഒഴിവാക്കണം. കാരണം പരസ്യപ്പെടുത്തണ്ടാ. ഇതിന് പെന്തെക്കോസ്തു മാതാപിതാക്കളും യുവതി യുവാക്കന്മാരും തയ്യാറാകണം. പരസ്പരം സ്വത്തു സംബന്ധിച്ചും വിദ്യാഭ്യാസത്തിന്റെ ഡിഗ്രികൾ സംബന്ധിച്ചും ജോലി സംബന്ധിച്ചും വ്യാജങ്ങൾ പറഞ്ഞു വിശ്വസിപ്പിച്ചും വിവാഹം നടത്തുന്നവരാണ് ഇന്ന് അധികവും. ബ്രോക്കർമാരും മാര്യേജ് ബ്യൂറോകളും ഇതിൽ നന്നായി മുതലെടുക്കുന്നുണ്ട്. ഇതിനെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ ഒരു പരിഹാരം ഉണ്ടായേ മതിയാകയുള്ളൂ. അനർഹരെ ഒഴിവാക്കി പരിചയ സമ്പന്നരായ സാമാന്യം പ്രായമുള്ളവരെ ചേർത്ത് കൗൺസിലിംഗ് ബോർഡുകൾക്ക് രൂപം കൊടുത്ത് അവർ നല്കുന്ന പ്രീമരിറ്റൽ കൗൺസിലിംഗ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ആരുടെയും വിവാഹം പെന്തെക്കോസ്തു അദ്ധ്യക്ഷന്മാർ നടത്തികൊടുക്കരുത്. അത് നിർബന്ധമായേ മതിയാകയുള്ളൂ. വിവാഹ മോചനവും കുടുംബപ്രശ്നങ്ങളും ഒരളവു വരെ പരിഹരിക്കുവാൻ ഇതു മാത്രമേ വഴിയുള്ളൂ.

മാതൃകയില്ലാത്ത ദാമ്പത്യ ജീവിതത്തിന്റെ ഇരകളാണ് ഇന്നത്തെ തലമുറ അധികവും. മാതാപിതാക്കളുടെ സ്നേഹമില്ലായ്മയും ശണ്ഠയും കലഹവും അവിശ്വസ്തതയും കുഞ്ഞുങ്ങളെ സ്വാധീനിക്കുന്നു. പണത്തിന്റെ അധിപനായ മാമോനെ കൂട്ടുപിടിച്ച് നടക്കുന്നവരുടെ മക്കൾ വഴി പിഴച്ചു പോകുന്നതിൽ അത്ഭുതപ്പെടാനില്ല.

ഇന്നത്തെ കാലത്ത് ഇന്റർനെറ്റും ടെലിവിഷനും സെൽഫോണും ഭവനങ്ങളുടെ പടിപ്പുറത്ത് നിർത്താനാവില്ല. സൗഹൃദങ്ങളായി ആരംഭിക്കുന്ന അനേകബന്ധങ്ങൾ ചതിക്കുഴിയിലാണ് ചെന്ന് അവസാനിക്കുന്നത്. പുറത്തെ പരിചയക്കാരെല്ലാം സുഹൃത്തുക്കൾ ആകരുത്. സുഹൃത്തുക്കളിലെ ആത്മമിത്രങ്ങളെല്ലാം നല്ല ആത്മീയരായിരിക്കണം. അല്ലെങ്കിൽ അവരെ ആത്മീയരാക്കണം. ഈ ലോകത്തിന് അനുരൂപരാകാത്ത ജീവിത ശൈലിയാണ് ആവശ്യം. റോമർ 12:2, സദൃ.22:6. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും വിട്ടു മാറുകയില്ല. നമ്മുടെ കുഞ്ഞുങ്ങളുടെ അഭ്യസന കളരി സ്വന്തം ഭവനം തന്നെയായിരിക്കണം. മക്കളെ സ്നേഹിക്കുകയും ലാളിക്കുകയും ചെയ്യുമ്പോൾ തന്നെ മക്കളെ വളർത്തുന്നതിൽ ശ്രദ്ധിക്കുക. പഴയ ഒരു സൂത്രവാക്യമുണ്ട്. ചോറ്, ചൊല്ല്, തല്ല്. ചോറ് കൊടുക്കുമ്പോൾ തന്നെ നല്ല കാര്യങ്ങൾ ചൊല്ലി കൊടുക്കണം. ചൊല്ലിയിട്ട് മനസ്സിലാകുന്നില്ലെങ്കിൽ ശരീരത്തിന് കേട് വരാത്ത വിധം കൊച്ചു കൊച്ചു തല്ല് കൊടുക്കണം. വഴി വിട്ടു പോകുമ്പോൾ കരയുക; ഉപവസിക്കുക, പ്രാർത്ഥിക്കുക. ദൈവദാസന്മാരുടെ മുന്നിലേക്ക് തള്ളിയിട്ടു കൊടുത്ത് പ്രാർത്ഥിച്ച് ശരിയാക്കി തരുവാൻ പറയുന്ന രീതി ശരിയല്ല (ലൂക്കോ.1:37).

സഭയെ സ്ഥാപിച്ചതിന് മുമ്പ് കുടുംബത്തെ സ്ഥാപിച്ചു. മൂല്യം എന്നത് ഒരു ആദർശമാണ്, മാനദണ്ഡമാണ്. അത് നിലനിർത്തുന്നത് കുടുംബമാണ്. വിവിധ ജന വിഭാഗത്തിലും സംസ്ക്കാരങ്ങളിലും കുടുംബമൂല്യങ്ങളുടെ നിർവചനം മാറി മറിഞ്ഞു. സാമ്പത്തിക ഉയർച്ചയും സ്വാർത്ഥ ജീവിത ശൈലിയും മൂല്യ തകർച്ചയ്ക്ക് കാരണമായി. പരമ്പരാഗതമായി നടന്നു വരുന്ന വിവാഹ രീതികളും കുടുംബത്തിൽ പിതാവ്, മാതാവ്, കുഞ്ഞുങ്ങൾ എന്ന ക്രമവും കുടുംബാംഗങ്ങൾ ഒന്നിച്ചുള്ള പ്രാർത്ഥനയും മാതാപിതാക്കൾക്ക് വിധേയപ്പെടുന്ന, അനുസരിക്കുന്ന കുഞ്ഞുങ്ങളും പരസ്പരം ശ്രദ്ധയും കരുതലും വാത്സല്യവും കാണിക്കുന്ന പെരുമാറ്റങ്ങളും ഈ കുടുംബമൂല്യങ്ങളായി കണക്കാക്കുന്നു. ഇവിടെയാണ് ഭവനവും വനവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടത്. അശ്ലീല രചനകൾ, വിവാഹം കൂടാതെയുള്ള പാർക്കൽ, ലൈംഗീകബന്ധം, സ്വവർഗ്ഗരതി, ഇതെല്ലാം കുടുംബമൂല്യങ്ങൾക്ക് എതിരാണ്. ഒരു പുരുഷനും സ്ത്രീയും വിവാഹത്തോടെ ഒന്നായി തീരുകയും തുടർന്നുള്ള ജീവിതം അവർ പരസ്പരം പങ്കുവയ്ക്കുന്നതാണ് കുടുംബത്തിന്റെ അടിസ്ഥാനം. അവരുടെ സന്തതികളെ അവർ വളർത്തുന്നു. ഒരു വീട്ടിൽ ഒന്നിച്ചു പാർക്കണം. ഇതാണ് കുടുംബം. ഒരു സമൂഹത്തിന്റെ പൊതു പെരുമാറ്റവും രീതികളും സ്വഭാവവും നിശ്ചയിക്കുന്നത് കുടുംബങ്ങളുടെ മൂല്യബോധം അനുസരിച്ചാണ്. നമ്മുടെ കുടുംബത്തിൽ നിന്നാണ് നാം സ്നേഹം അറിഞ്ഞത്, വാത്സല്യം അനുഭവിച്ചത്. പരസ്പര കരുതലും ആർദ്രതയും ധാർമ്മികതയും വിശ്വസ്തതയും നീതിബോധവും സാമാന്യജ്ഞാനവും യുക്തിചിന്തയും സ്വയമതിപ്പും പരസ്പര ബഹുമാനവും എല്ലാം അറിഞ്ഞതും പരിശീലിച്ചതും കുടുംബത്തിൽ നിന്നാണ്. ദീർഘകാലം നിലനില്ക്കുന്ന പ്രതിബന്ധതയുള്ള സ്നേഹബന്ധങ്ങൾ നമുക്ക് ലഭിച്ചത് നമ്മുടെ കുടുംബങ്ങളിൽ നിന്നാണ്. സഭയെ സ്നേഹിക്കുവാനും അതിന്റെ ഭാഗമായി തീരുവാനും നമ്മെ പരിചയിപ്പിച്ചത് കുടുംബമാണ്. കുഞ്ഞുങ്ങളുടെ ഭാവിക്കുവേണ്ടി പരിശ്രമിക്കുവാനും പ്രാർത്ഥിക്കുവാനും നമുക്ക് പ്രചോദനം നല്കിയത് കുടുംബമാണ്. ഇങ്ങനെ തലമുറകളായി നാം കൈമാറി വന്ന നമ്മുടെ പൈതൃകം അഭിമാനിക്കത്തക്കതാണ്. അത് ഇന്ന് കൈവിട്ടു കൊണ്ടിരിക്കുന്നു. കുടുംബത്തിൽ നല്കേണ്ട സ്നേഹവും അവിടെ നിന്ന് ലഭിക്കേണ്ട പരിഗണനയും വളരെ പ്രധാനമാണ്. ദൈവീക ഉദ്ദേശങ്ങൾ നമ്മുടെ ജീവിതത്തിൽ പൂർത്തീകരിക്കുവാനുള്ള ലക്ഷ്യമാണ് പരമപ്രധാനം. ഒന്നാമത് ദൈവസ്നേഹവും, പിന്നീട് കുടുംബത്തോടുള്ള സ്നേഹവും സഭാ സ്നേഹവും സമൂഹത്തോടും രാജ്യത്തോടും സ്നേഹം ഉള്ളവരായിരിക്കണം നാം. നമ്മുടെ ജീവിതം പൂവണിയുന്നത് കുടുംബത്തിലാണ്. കുടുംബത്തിലൂടെ കുടുംബ മൂല്യങ്ങൾ അണയാതെ അടുത്ത തലമുറയ്ക്ക് കൈമാറണം. സമൂഹത്തിന്റെ നട്ടെല്ലാണ് കുടുംബം. ആധുനിക കാലഘട്ടം ആ സങ്കല്പങ്ങൾക്ക് പുത്തൻരൂപം നല്കി. ഇന്നത്തെ ആധുനികതയ്ക്ക് പ്രത്യേക രൂപമില്ല. തോന്നുന്നതു പോലെയാണ് ജീവിതം. അതിന് കൃത്യമായ ക്രമങ്ങളോ ചിട്ടയോ ധാർമ്മികനിയന്ത്രണങ്ങളോ ഇല്ല. അതിന് അധികാര കേന്ദ്രങ്ങളോട് താല്പര്യമില്ല. എല്ലാം അതിവേഗം. പരമ്പരാഗത മൂല്യങ്ങളെല്ലാം ഇന്ന് വെല്ലുവിളികൾ നേരിടുന്നു. പരമ്പരാഗത സങ്കല്പമനുസരിച്ച് ക്രിസ്തീയ ദർശനമനുസരിച്ച് സ്ത്രീയും പുരുഷനും തമ്മിൽ വിവാഹിതരാകുന്നു. അവർ ഒന്നിച്ച് പാർക്കുന്നു. അത് വിശുദ്ധമെന്ന് ബൈബിൾ പറയുന്നു. സമൂഹം അംഗീകരിക്കുന്നു. അവർക്ക് ഉണ്ടാകുന്ന കുട്ടികളെയും ഏവരും അംഗീകരിക്കുന്നു. ഇന്ന് ഇത് അന്യമാകുകയാണ്. ഇന്ന് പുതിയ പുതിയ വീക്ഷണങ്ങൾ രൂപമെടുക്കുന്നു. ബന്ധങ്ങൾക്ക് പ്രാധാന്യം ഇല്ല. കുടുംബങ്ങൾക്കും സഭാബന്ധങ്ങൾക്കും പ്രാധാന്യം നല്കാത്ത വ്യവസ്ഥ നിലവിൽ വരുന്നു. സ്വവർഗ്ഗ രതിയും സ്വവർഗ്ഗ വിവാഹവും ഇന്ന് നിയമമായി. വിവാഹം കഴിക്കാതെ ഒന്നിച്ചു പാർക്കുന്ന CO-HABITATION (കോഹാബിറ്റേഷൻ) പ്രവണതയും വിവാഹമോചനങ്ങളും ഇന്ന് സാധാരണ കാര്യമായി മാറിക്കഴിഞ്ഞു. കുറെക്കാലം ഒന്നിച്ച് ജീവിച്ചിട്ട് വിവാഹമോചനം നേടി അതിൽ കൂടി സ്വാതന്ത്ര്യവും സംതൃപ്തിയും കണ്ട് അടുത്ത ബന്ധത്തിന് ഓട്ടം തുടങ്ങുന്നു. ആർക്കും ആരോടും വിധേയത്വമില്ലാത്ത വ്യവസ്ഥിതി. മതത്തിനോ വിശ്വാസത്തിനോ പ്രാധാന്യമില്ല. യോശുവ : 24:15– ഇന്ന് അന്യമാണ്. നാം ഏത് പശ്ചാത്തലത്തിൽ ജീവിച്ചാലും ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കണം. മറ്റുള്ളവരുടെ മൂല്യങ്ങളല്ല. പ്രത്യുത ബൈബിൾ നമുക്ക് നല്കുന്ന മൂല്യങ്ങൾ നാം ഉയർത്തിപ്പിടിക്കണം. അതായിരിക്കണം നമ്മുടെ മാനദണ്ഡം. ഭാര്യ, ഭർത്താവ്, മാതാപിതാക്കൾ, കുഞ്ഞുങ്ങൾ തമ്മിലുള്ള ബന്ധത്തിന് സുപ്രധാന സ്ഥാനമാണ് ബൈബിൾ കല്പിക്കുന്നത്. ഉപ്പായും പ്രകാശമായും നാം തീരേണം (മത്താ.5:13–16). കുടുംബസങ്കല്പത്തെക്കുറിച്ചുള്ള ദൈവീക പദ്ധതി തിരിച്ചറിഞ്ഞ് ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്ക് അധിഷ്ഠിതമായി ജീവിക്കുവാൻ നമുക്ക് കഴിയണം.

വിവാഹപൂർവ്വ കൗൺസിലിംഗിന്റെ ആവശ്യകത ഇന്ന് ഏറി വന്നിരിക്കുന്നു. വിവാഹം ഒരു താമശയല്ല. പാശ്ചാത്യരെ കുറ്റം പറഞ്ഞിരുന്ന നാം ഇന്ന് തല കുനിക്കേണ്ടി വന്നിരിക്കുന്നു. കുടുംബ കോടതിയിലും മറ്റും പെന്തെക്കോസ്ത് നവ കുടുംബങ്ങൾ വിവാഹമോചനത്തിനായി കയറി ഇറങ്ങുന്നു. ദൈവസഭയ്ക്ക് ഇത് അപമാനമാണ്. ഈ സ്ഥിതിക്ക് കടിഞ്ഞാണിടുവാൻ എന്തു ചെയ്യുവാൻ കഴിയും. ചിന്തിക്കുകയും പ്രാർത്ഥിക്കുകയും നമ്മുടെ യുവജനങ്ങളെ ബോധവത്ക്കരിക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. 2തിമൊ.3:1–5വരെയുള്ള വേദഭാഗങ്ങൾ തികച്ചും നിവർത്തിയായിരിക്കുന്ന ഒരു കാലഘട്ടം. ഇന്നത്തെ മാര്യേജ് ബ്യൂറോകളും ബ്രോക്കർമാരും പരമാർത്ഥിയായ യുവാവിനെയോ യുവതിയെയോ ചതിക്കുന്നു. അല്ലെങ്കിൽ മാതാപിതാക്കൾ വസ്തുതകൾ മറച്ച് വെച്ച് തങ്ങളുടെ മകളെ മറ്റൊരുത്തന്റെ മേൽ കെട്ടി ഏല്പിക്കുവാൻ തയ്യാറാകുന്നത് സ്വാഭാവികമാണ്. തങ്ങളുടെ മക്കൾ കോളേജ് തലത്തിലും മറ്റ് ജീവിത രംഗങ്ങളിലും തെറ്റായിപ്പോയിട്ടും, വിട്ടു പിരിയുവാൻ കഴിയാത്ത ഒരു ബന്ധം ഉണ്ട് എന്ന് ബോദ്ധ്യപ്പെട്ടിട്ടും അതിൽ നിന്ന് പിൻതിരിപ്പിക്കാതെ അറിഞ്ഞു കൊണ്ടു തന്നെ മറ്റൊരു യുവാവിന്റെ/യുവതിയുടെ മേൽ തങ്ങളുടെ മകളെ/മകനെ വിവാഹത്തിന്റെ പേരിൽ പൊതുജനത്തിന്റെ മുമ്പിൽ നല്ല പിള്ള ചമഞ്ഞ് കെട്ടി ഏല്പിക്കുന്ന പ്രവണത വർദ്ധിച്ചിരിക്കുന്നു. ഇല്ലാത്ത ഡിഗ്രികളും സ്വത്തും ഉണ്ടെന്ന് പറഞ്ഞ് കേൾപ്പിച്ചും അതിനു നിരപരാധികളായ കർത്തൃശുശ്രൂഷകന്മാരെ ബലിയാടാക്കിയും മുതലെടുക്കുന്ന മാതാപിതാക്കൾ ഈ പ്രവണതയിൽ നിന്ന് പിൻതിരിയണം. തെറ്റിപ്പോയ തങ്ങളുടെ മകളെ തെറ്റിൽ നില്ക്കുമ്പോൾ തന്നെ മറ്റൊരു യുവാവിനെ ചതിക്കരുത്. അതുപോലെ തന്നെ മകന്റെ മാതാപിതാക്കളും തെറ്റിൽ മുന്നോട്ടു പോകുന്ന തങ്ങളുടെ മകനെ



ശേഷം 11–ാം പേജിൽ

# സത്യഗ്രന്ഥം സമ്പൂർണ്ണ ബൈബിൾ വിവർത്തനം

## സത്യഗ്രന്ഥം എന്ന പേരിൽ ഒരു പെന്തക്കോസ്തു ബൈബിളായിത്തന്നെ

## ഏറ്റവും കുറഞ്ഞ വിലയിൽ ഉടൻ പ്രസിദ്ധീകരിക്കുന്നു. നിങ്ങൾ ആഗ്രഹിച്ച് കാത്തിരിക്കുന്ന സമ്പൂർണ്ണ ബൈബിൾ പഠനഗ്രന്ഥത്തോടൊപ്പം തന്നെ

**1. സമ്പൂർണ്ണ ബൈബിൾ വിവർത്തനം.**

a. മൂലഭാഷകളായ ഹീബ്രൂവിൽനിന്നും ഗ്രീക്കിൽ നിന്നുമുള്ള പ്രഗത്ഭരായ ഹീബ്രൂ പണ്ഡിതന്മാരും ഗ്രീക്കു പണ്ഡിതന്മാരും ചേർന്ന് വിവർത്തനം നിർവ്വഹിച്ച സമ്പൂർണ്ണ ബൈബിൾ വിവർത്തനമാണ്

**സത്യഗ്രന്ഥം**

b.മറ്റു വിവർത്തനങ്ങളിൽ കടന്നുകൂടിയിട്ടുള്ള വിവർത്തനപിശകുകൾ എല്ലാം തിരുത്തി മൂലഗ്രന്ഥത്തിലുള്ളതു പോലെ ശരിയായ അർത്ഥത്തിൽ തന്നെ സത്യഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. വചനത്തോടും മൂലഭാഷയോടും പൂർണ്ണമായി നീതി പുലർത്തിക്കൊണ്ട് ദൈവദാസന്മാരായ പണ്ഡിതന്മാർ ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടി നിർവ്വഹിച്ചബൈബിൾ വിവർത്തനമാണ് -സത്യഗ്രന്ഥം.

**ബൈബിൾ വിവർത്തനത്തിൽ**

മുൻകാല ബൈബൾ വിവർത്തനങ്ങളിൽ കടന്നുവന്നിട്ടുള്ള വിവർത്തനപിശകുകളും നൂറ് (100) വർഷം മുമ്പുള്ള ഭാഷാ ശൈലിയുമാണ് നാം ഇന്നും അനുവർത്തിച്ചുപോരുകയാണല്ലോ ചെയ്യുന്നത്. മുൻ കാല ബൈബൾ വിവർത്തനങ്ങളിലെ വിവർത്തനപിശകുകൾ മൂലം സുവിശേഷം അറിയിക്കുന്നവരോട് (പെന്തക്കോസ്തുകാരല്ലാതെ മറ്റാരും സുവിശേഷം അറിയിക്കുന്നില്ലല്ലോ) ഇതര ജാതികൾ (മുഖ്യമായും മുസ്ലീം) ബൈബിൾ സത്യമല്ല തെറ്റുള്ളതാണ് എന്നിങ്ങനെയുള്ള ആക്ഷേപശരങ്ങൾ തെടുത്തുവിടുന്നവരോട് എന്തു പറയണമെന്ന് അറിയാതെ പകച്ചുനില്ക്കുന്ന നമ്മുടെ ശുശ്രൂകന്മാർക്ക് ഇനി പകച്ചുനില്ക്കേണ്ടി വരുകയില്ല എന്നുള്ള സന്തോഷവാർത്ത അറിയിക്കട്ടെ.

എപ്പിക്കോസ്പൽ മേല്ക്കൈ ഇല്ലാത്ത ഒരു പെന്തക്കോസ്തു ബൈബിളായിത്തന്നെ നിങ്ങളുടെ കൈകളിൽ എത്തിക്കുന്നു. മറ്റു ബൈബിൾ വിവർത്തനങ്ങളിൽ കടന്നുകൂടിയിട്ടുള്ള വിവർത്തനപിശകുകൾ പൂർണ്ണമായും തിരുത്തി മൂലഗ്രന്ഥത്തിലുള്ളതു പോലെ ശരിയായ അർത്ഥത്തിൽ തന്നെ വചനത്തോടും മൂലഭാഷയോടും പൂർണ്ണമായി നീതി പുലർത്തിക്കൊണ്ട് സത്യഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. വിവർത്തനത്തിനായി ഉപയോഗിച്ചിരിക്കുന്നത്. മൂലഭാഷകളായ ഹീബ്രൂവും, ഗ്രീക്കും, സെപ്റ്റുവജന്റ് വവർത്തനവുമാണ് പ്രഗത്ഭരായ ഹീബ്രൂ, ഗ്രീക്ക് പണ്ഡിതന്മാരാണ് വിവർത്തനം നിർവ്വഹിച്ചിരിക്കുന്നത്.

ദൈവത്തെയോ, യേശുവിനെയോ, വിളിക്കുവാൻ അവൻ, നീ അദ്ദേഹം എന്നീ വാക്കുകൾ മറ്റു വിവർത്തനങ്ങളിൽ ഉപയോഗിക്കുന്നതുപോലെ സത്യഗ്രന്ഥത്തിൽ ഉപയോഗിക്കുന്നില്ല. അതിനുപകരം ദൈവത്തെയും, യേശുവിനെയും ഭയത്തോടും, വിറയലോടും, ബഹുമാനത്തോടും കൂടെ അങ്ങ്, അവിടുന്ന്, അവിടുത്തെ, അങ്ങയോട്, അങ്ങേക്ക്, എന്നിങ്ങനെയാണ്.

**മറ്റു വിവർത്തനങ്ങളിൽ**

ഉദാ: യഹോവയുടെ കോപം വീണ്ടും യിസ്രായേലിന്റെ നേരെ ജ്വലിച്ചു: നീ ചെന്ന് യിസ്രായേലിനെയും യെഹൂദയെയും എണ്ണുക എന്നിങ്ങനെ അവർക്കു വിരോധമായി ദാവീദിനു തോന്നിപ്പിച്ചു. എന്ന് 2 ശമൂ വേൽ 24:1-ൽ പറഞ്ഞിരിക്കുന്നു. എന്നാൽ ഇതേ സംഭവം 1 ദിനവൃത്താന്തം 21:1-ൽ അനന്തരം സാത്താൻ യിസ്രായേലിനു വിരോധമായി എഴുന്നേറ്റു യിസ്രായേലിനെ എണ്ണുവാൻ ദാവീദിനുതോന്നിപ്പിച്ചു. എന്നാണ് വിവർത്തനം ചെയ്തിരിക്കന്നത്. എന്നാൽ. മൂലഗ്രന്ഥത്തിൽ ഇപ്രകാരമല്ല പറഞ്ഞിരിക്കുന്നത്.

**ഇനി സത്യഗ്രന്ഥം, (ചരിത്രം, റഫറൻസ് & കൺ കോഡൻസ്)**
**ബൈബിളിനെക്കുറിച്ച് പറഞ്ഞുകൊള്ളട്ടെ.**
**ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച്.**

a. ഒരു ലക്ഷത്തിലധികം ബൈബിൾ പദങ്ങൾക്ക് കൺകോഡൻസുകൾ
b. പതിനായിരത്തിലധികം പ്രസംഗങ്ങൾ
c. പതിനായിരത്തിലധികം ഒത്തുവാക്യങ്ങൾ

a. ഉല്പത്തി മുതൽ വെളിപ്പാടുവരെയുള്ള എല്ലാ പുസ്തകങ്ങളുടെയും ആദ്യ പേജിൽ തന്നെ അടിസ്ഥാന വിവരങ്ങൾ നല്കിയിരിക്കുന്നു.

b. എപ്പോൾ ആരാൽ രചിക്കപ്പെട്ടു, അദ്ധ്യായങ്ങൾ, വാക്യങ്ങൾ, ചരിത്രവാക്യങ്ങൾ, ചോദ്യങ്ങൾ, പ്രവചനങ്ങൾ, നിവർത്തിയായ പ്രവചനങ്ങൾ, ഇനിയും നിവർത്തിയാകുവാനുള്ള പ്രവചനങ്ങൾ, ലഘു അദ്ധ്യായങ്ങൾ, ദീർഘ അദ്ധ്യായങ്ങൾ, അരുളപ്പാടുകൾ, ദൈവത്തിൽ നിന്നുള്ള പ്രത്യേകദൂതുകൾ, മനുഷ്യശാസ്ത്രം, ഭൂമിശാസ്ത്രം വാനശാസ്ത്രം,മൂലതത്വങ്ങൾ, എഴുതിയ പശ്ചാത്തലം,എഴുതിയതിന്റെ ഉദ്ദേശ്യം, കല്പനകൾ, പ്രധാനവ്യക്തികൾ, അവരുടെ പ്രയാണങ്ങൾ ആദിപിതാക്കന്മാരുടെ ആയുഷ്കാലം, അവരുടെ ജനനമരണ കാലഘട്ടങ്ങൾ.

**ചാർട്ടുകൾ**

a. ബൈബിൾ എളുപ്പത്തിൽ മനസ്സിലാക്കുവാനും പഠിക്കുവാനും കഴിയുന്ന തരത്തിലുള്ള ചാർട്ട് -പനോരമ.

b. അപ്പൊസ്തലന്മാരുടെ മിഷണറി യാത്രകളും ബഹുവർണ്ണ ഭൂപടങ്ങളും പഠനലേഖനങ്ങളും.

c. ദൈവശാസ്ത്ര വിഷയങ്ങളുടെ പഠനലേഖനങ്ങൾ, അത്യപൂർവ്വങ്ങളായ ഫോട്ടോ ഗ്രാഫുകൾ, വിജ്ഞാന പ്രദമായ ചാർട്ടുകൾ, മാപ്പുകൾ, ഭൂപടങ്ങൾ.

d. ബൈബിൾ സംബന്ധമായ പലവിധത്തിലുള്ള എബ്രായമാസ, വർഷ, ശബ്ബത്ത് കലണ്ടറുകൾ.

e. പ്രധാനപ്പെട്ട എല്ലാ ദൈവശാസ്ത്ര വിഷയങ്ങളെപ്പറ്റിയും വിശദമായ പഠനലേഖനങ്ങൾ.

f. പഴയ പുതിയനിയമ അപ്പൊ-ക്രിഫാ പുസ്തകങ്ങളെക്കുറിച്ചുള്ള വിശദമായ പഠനം. അന്ധകാരയുഗം, അടിസ്ഥാന ഉപദേശങ്ങൾ, സഭയിൽ ശുശ്രൂഷിക്കേണ്ടത് എങ്ങനെ

.c. യഹൂദാ ചരിത്രവും അവർ സഹിക്കേണ്ടി വന്ന പീഢനങ്ങളും.

**ചരിത്രപരമായകര്യങ്ങൾ**

a. മലാഖി പ്രവാചകനും വി. മത്തായിക്കും ഇടയിലുള്ള കാലഘട്ട ചരിത്രം.

b. സഭയുടെ ഇരുപതു നൂറ്റാണ്ടുകളായുള്ള സഭാചരിത്രം, ആദിമവിശുദ്ധന്മാർ സഹിക്കേണ്ടിവന്ന പീഢനങ്ങൾ, രക്തസാക്ഷികൾ, സഭാപിതാക്കന്മാർ, സുന്നഹദോസ്സുകൾ,

d. വി. പത്രോസ് മുതൽ ബനഡിക്ട് പതിനാറാമൻ വരെയുള്ള, കത്തോലിക്ക ഗഭ പറയുന്ന 265 പോപ്പുമാരുടെ ചരിത്രം.

e. സഭാനേതൃത്വത്തിൽ കടന്നുവന്നിട്ടുള്ളവർ, സഭയെ സഹായിച്ചവർ, ഉപദ്രവിച്ചവർ എന്നിങ്ങനെയുള്ളവരുടെ ചരിത്രം,

**രാജ്യപരമായും പ്രാദേശികപരമായും**

a. ബൈബിളിൽ പ്രതിപാദിക്കുന്ന രാജ്യങ്ങളും അവയുടെ പൂർണ്ണ വിവരങ്ങളും. ആദ്യത്തെ പേര്, പിന്നീട് ഉണ്ടായപേര്, ഇപ്പോഴുള്ള പേര്, രാജ്യം എവിടെ സ്ഥിതി ചെയ്യുന്നു, ഏതു ഭൂഖണ്ഡത്തിൽ സ്ഥിതി ചെയ്യുന്നു, ഔദ്യോഗിക രാഷ്ട്രനാമം എന്ത്, സ്ഥാനം എവിടെ, വിസ്തൃതി എത്ര, ഔദ്യോഗിക ഭാഷ ഏത്, സാക്ഷരത എത്രശതമാനം, തലസ്ഥാനംഎവിടെ, മറ്റു പ്രമുഖ നഗരങ്ങൾ ഏതെല്ലാം, നാണയം ഏത്, പ്രധാനമതങ്ങൾ ഏതെല്ലാം, പ്രതിശീർഷവരുമാനം എത്ര, കാർഷികോത്പന്നങ്ങൾ എന്തൊക്കെ, വ്യവസായികോത്പന്നങ്ങൾ എന്തൊക്കെ. ഖനിജങ്ങൾ ഉണ്ടങ്കിൽ അത് എന്തൊക്കെ, ജനസംഖ്യ.

a. ഇതുവരെ മലയാളത്തിലെന്നല്ല മറ്റ് ലോകഭാഷകളിൽ പോലും ഇത്തരമൊരു ബൃഹത്ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല.

b. ഒരു ബൈബിൾ പഠിതാവിന് മാത്രമല്ല, ചരിത്രവിദ്ധ്യാർത്ഥിക്കും ഉപകരിക്കുന്നതരത്തിൽ വളരെയധികം ചരിത്രവിവരങ്ങൾ ചേർത്തിരിക്കുന്ന ഒരു അമൂല്യ റഫറൻസ് ഗ്രന്ഥമാണ് സത്യഗ്രന്ഥം (ചരിത്രം, റഫറൻസ് & കൺകോഡൻസ്. ടബൈബിൾ)

**പ്രസിദ്ധീകരിക്കുന്നത്. സത്യഗ്രന്ഥം പബ്ലിക്കേഷൻസ്,**

2012 ഏപ്രിൽ 26-ന് സത്യഗ്രന്ഥംപ്രസിദ്ധീകരിക്കുന്നു. അയ്യായിരം(5,000)രൂപ മുഖവിലയുള്ള ഈ ഗ്രന്ഥം പ്രീ-പബ്ലിക്കേഷനിലൂടെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു ഇപ്പോൾ ബുക്കു ചെയ്യുന്നവർക്ക് മൂവായിരത്തി എഴുന്നൂറ്റി അമ്പതു (3,750) രൂപയ്ക്കു നല്കുന്നു. ഞ്ഞ.100,200,300,400,500, എന്നിങ്ങനെ (100)നൂറ് രൂപ യുടെ ഗുണിതങ്ങൾ എത്രവേണമെങ്കിലും അടയ്ക്കാം. ഏജന്റുമാർ മുഖാന്തിരവും സത്യഗ്രന്ഥം പ്രവർത്തകർ മുഖാന്തിരവും പോസ്റ്റ് ഓഫീസ് വഴിയും നേരിട്ടും ബുക്കുചെയ്യുവാനും പണം അടയ്ക്കുവാനും സാധിക്കുന്നതാണ് സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂർവഴിയും പണം അടയ്ക്കുവാൻ കഴിയുന്നതാണ് സത്യഗന്ഥം പബ്ലിക്കേഷന്റെ അക്കൗണ്ട്നമ്പർ (A/c.No. 67121542564. S.B.T. Vadavucode Branch.) RTGS/ NEFT/ GRPT Application form ) (IFSC No. SBTR 0000316 ) ഉപയോഗിച്ച് ഏതു ബാങ്കിന്റെ ബ്രാഞ്ചുവഴിയും സത്യഗ്രന്ഥം പബ്ലിക്കേഷൻസിന്റെ അക്കൗണ്ടിലേക്ക് വളരെ സൗകര്യപ്രദമായി പണം അയയ്ക്കുവാൻ സാധിക്കുന്നതാണ്. പ്രീ-പബ്ലിക്കേഷൻ 2011 സെപ്റ്റംബർ 30-ന് അവസാനിക്കുന്നതാണ് അതിനാൽ ബുക്കുചെയ്യുവാൻ ആഗ്രഹിക്കുന്നവർക്ക് എത്രയും വേഗത്തിൽ സത്യഗ്രന്ഥം, (ചരിത്രം, റഫറൻസ് & കൺ കോഡൻസ്) പഠന ബൈബിൾ ബുക്കുചെയ്യുവാൻ കഴിയുന്നതാണ്.

### സഭാ നേതൃത്വങ്ങൾ പറയുന്നത്ശ്രദ്ധിക്കുക.



**റവ. ഡോ.കെ. സി. ജോൺ, ഐ.പി.സി. ജനറൽ പ്രസിഡന്റ്**

**ഇതര ലോകഭാഷകളിൽ പോലും പ്രസിദ്ധീകരിക്കപ്പെടാത്ത 'സത്യഗ്രന്ഥം'** എന്ന ഈ റഫറൻസ് ഗ്രന്ഥംഏതൊരു സുവിശേഷകർക്കും ബൈബിൾ പഠിതാക്കൾക്കും പ്രയോജനകരമായഒരു റഫറൻസ് ഗ്രന്ഥമാണ്.



**ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ**
**പ്രസിഡന്റ് റവ. കെ. എം. ജോസഫ്**

തിരുവചനപഠിതാക്കൾക്ക് അനിവാര്യവും ഏറെ പ്രയോജനപ്രദവും മാറ്റി വെയ്ക്കുവാൻ കഴിയാത്തതുമായ ഒരു അമൂല്യപഠന ഗ്രന്ഥമാണ്. '**സത്യഗ്രന്ഥം**' (22.12 .10-ൽ സത്യഗ്രന്ഥംഓഫീസ് സന്ദർശിച്ച സന്ദർഭത്തിൽ പറഞ്ഞത്)

**റവ. ഡോ: പി. എസ്. ഫിലിപ്പ് സൂപ്രണ്ട്**
**ഏ.ജി. മലയാളം ഡിസ്ട്രിക്ട് കൗൺസിൽ**



**ദൈവജനത്തിന് എന്നും അഭിമാനിക്കുവാൻ കഴിയുന്നഒരു ഉത്തമഗ്രന്ഥം.** സത്യഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിലൂടെ വിശ്വാസികളെയും വേദപഠിതാക്കളെയും ഒരു പോലെ സത്യവചനത്തിന്റെ ആധികാരികതയിൽ വിശ്വസ്തരായി നിലനിറുത്തുവാൻ തക്കവണ്ണം വിലയേറിയ ആത്മീയ സത്യങ്ങളെ അറിയിക്കുവാൻ സത്യഗ്രന്ഥത്തിനു കഴിഞ്ഞിട്ടുണ്ട്. വേദപുസ്തക സംബന്ധമായ അനേക കാര്യങ്ങൾ മനസ്സിലാക്കുവാൻ സഹായകമായതും ദൈവജനത്തിന് എന്നും അഭിമാ നിക്കുവാൻ കഴിയുന്നതുമായ ഒരു ഉത്തമഗ്രന്ഥമാകുന്നു -**സത്യഗ്രന്ഥം**-



**ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് ഓവർസിയർ റവ. എം .കുഞ്ഞപ്പി**

സത്യഗ്രന്ഥം ഈ കാലഘട്ടത്തിന് ആവശ്യം. വേദപുസ്തക സത്യങ്ങളെപ്പറ്റി പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരു പഠിതാവിനും മാറ്റിവയ്ക്കുവാൻ കഴിയാത്ത ഏറ്റവും ഉത്തമ പഠന സഹായിയാണ്. -**സത്യഗ്രന്ഥം**-

**റവ. ഡോ. റ്റി. ജി. കോശി**
**FAITH THEOLOGICAL SEMINARY മണക്കാല.**



**തിരുവചനപഠിതാക്കൾക്ക് അനിവാര്യവും ഏറെ പ്രയോജനപ്രദവും സത്യഗ്രന്ഥത്തിന്റെ സവിശേഷത ഒരു സമ്പൂർണ്ണ ബൈബിൾ പഠന ഗ്രന്ഥം** എന്ന നിലയിലാണ്. ആധുനിക ബൈബിൾ വിവർത്തന രംഗത്ത്, ഇത്ര ബൃഹത്തായ ഒരു ഗ്രന്ഥം മലയാളഭാഷയിൽ ഇദം പ്രഥമമായാണ് പ്രസിദ്ധീകരിക്കപ്പെടുന്നത്. ക്രൈസ്തവകൈരളിയ്ക്ക് നിസ്തുലമായ ഒരു സംഭാവനയാണ് -**സത്യഗ്രന്ഥം**-

1988-ൽ വിശ്വാസ ജീവിതം തുടങ്ങിയ സണ്ണികളമ്പുകാട്ടുശ്ശേരിയുടെ നീണ്ട ഇരുപത്തിരണ്ടു വർഷം കൊണ്ട് പ്രാർത്ഥനയിലൂടെയും പഠനത്തിലൂടെയും ജീവനുള്ള ദൈവത്തിൽ നിന്നും പ്രാപിച്ച അനുഗ്രഹത്തിന്റെയും ഫലമായി കർത്താവായ യേശു ഭരമേല്പിച്ച ദൗത്യമാണ് ഈടുറ്റ ഈ ബൃഹത്ഗ്രന്ഥം.

**സൗജന്യ കാറ്റ്ലോഗിനും കൂടുതൽ വിവരങ്ങൾക്കുമായി ഞങ്ങൾക്ക് എഴുതുക**

**ഞങ്ങൾ സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായ ദൈവത്തിന്റെ ദാസന്മാരാകുന്നു. എസ്രാ.5: 11**

ഞങ്ങളുടെ വിലാസം: **സത്യഗ്രന്ഥം പബ്ലിക്കേഷൻസ്**

**പി. ഒ. പുത്തൻകുരിശ്, എറണാകുളം 682308.**

**ഫോൺ: 0484; 311 3559 , +919495 812 791; +91 9400189886, Email:sathyagrendham@gmail.com**

സത്യഗ്രന്ഥം (ചരിത്രം, റഫറൻസ് & കൺകോഡൻസ്) ഏജന്റുമാരായി പ്രവർത്തിക്കുവാൻ താല്പര്യമുള്ള സഭാശുശ്രൂഷകന്മാരും, സുവിശേഷ പ്രവർത്തകരും സത്യഗ്രന്ഥം ഓഫീസുമായി ബന്ധപ്പെടുക. കൂടുതലായി അറിയുവാൻ തുടർന്നും ഈ പത്രിക വായിക്കുക.

തുടരും

# ദുബായ് ചർച്ച് ഓഫ് ഗോഡ് 30 വർഷങ്ങളിലൂടെ






**മുപ്പത് വർഷം പിന്നിട്ടതിന്റെ സ്തോത്ര ശുശ്രൂഷയിൽ സംബന്ധിക്കുന്ന വിശ്വാസികൾ, ഡോ. ബേബി ജോണിന് സുവനീറിന്റെ കോപ്പി നൽകി പ്രകാശനം ചെയ്യുന്നു. ഡോ. സജു ജോൺ മാത്യു, പാസ്റ്റർ ബാബു ചെറിയാൻ, ബ്രദർ നൈനാൻ പി. ദാനിയേൽ, ബ്രദർ ഷൈൻ നൈനാൻ എന്നിവർ സമീപം. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പിക്ക് ഫലകം നൽകി സഭാ സെക്രട്ടറി ബ്രദർ സി.എ. മാത്യു ആദരിക്കുന്നു.**

**പെ**ന്തക്കോസ്ത് പ്രവർത്തനങ്ങൾ യു.എ.ഇയിൽ ആരംഭിക്കുന്നത് 1971 ഓടെയാണ് ആദ്യ സ്വതന്ത്ര പെന്തക്കോസ്ത് ദൈവസഭ ദുബായ് പെന്തക്കോസ്ത് ചർച്ച് 1974ൽ നിലവിൽ വന്നു. 1980 വരെ ഡി.പി.സി. മാത്രമായിരുന്നു യു.എ.ഇയിലെ ഏക പെന്തക്കോസ്ത് സഭ. എന്നാൽ 1981 മുതൽ ഡി.പി.സിയിൽ ആരാധിച്ചു കൊണ്ടിരുന്നവർ തങ്ങളുടെ ജന്മനാട്ടിലെ മാതൃ സഭകളെക്കുറിച്ച് ചിന്തിച്ചു തുടങ്ങി.അതിന്റെ പരിണിതഫലമായി 1981 ഫെബ്രുവരി 12-ാം തീയതി ദുബായ് ചർച്ച് ഓഫ് ഗോഡ് നിലവിൽ വന്നു.

**ആരംഭം**

ബ്രദർ വർഗിസ് ജോർജിന്റെ (തമ്പാച്ചൻ) ഭവനത്തിൽ ആരംഭിച്ച ആദ്യ ആരാധനയിൽ 12 പേർ പങ്കേടുത്തു. തുടർന്ന് ആറു മാസത്തിനുള്ളിൽ 20 അംഗങ്ങളായി വർദ്ധിക്കുകയും ആരാധന ദുബായ് അൽ മക്തും ഹോസ്പിറ്റലിനടുത്തുള്ള ഒരു ഫ്ളാറ്റിലേക്ക് മാറ്റുകയും ചെയതു. 1981ൽ റവ.എം.വി ചാക്കോ സഭ സന്ദർശിക്കുകയും ബ്രദർ കെ.എം. വർഗിസിനെ സുവിശേഷകനായി വേർച്ചു. ദുബായ് ദൈവ സഭയുടെ ചരിത്രത്തിലെ നിർണ്ണായക വഴിത്തിരിവിന് ഇത് കാരണമായി. 1984 ൽ പാസ്റ്റർ കെ..എം വർഗിസ് നാട്ടിലേക്ക് മടങ്ങിപ്പോയി അനന്തരം സഹോദരന്മാരായ കെ.എ ബാബുക്കുട്ടി, ഐ. അലക്സാണ്ടർ എന്നിവരെ ശുശ്രുഷകൾക്കായി സഭ നിയമിക്കുകയും ആ അവസരത്തിൽ സഭ സന്ദർശിച്ച റവ.എം.കുഞ്ഞപ്പി അവരെ പ്രാർത്ഥിച്ച് ശുശ്രുഷകൾക്കായി നിയോഗിക്കുകയും ചെയ്തു. ആത്മാക്കളുടെ വർദ്ധനവ് നിമിത്തം ആരാധന യോഗങ്ങൾ മാത്രം ഹോളി ട്രിനിറ്റി ചർച്ചിലേക്ക് മാറ്റുകയും മറ്റുള്ള മീറ്റിംഗുകൾ ഫ്ളാറ്റിൽ തന്നെ തുടരുകയും ചെയതു.1984 മുതൽ അബുദാബി, ദുബായ്, ഷാർജ എന്നി സ്ഥലങ്ങളിലെ ദൈവസഭയുടെ ഒരുമിച്ചുള്ള കൂടി വരവുകൾ മാസത്തിലൊരിക്കലായി നടന്നു വന്നു. ഈ മീറ്റിംഗിന്റെ കോഡിനേറ്ററായി ബ്രദർ കെ.ജോൺ സേവനം ചെയ്തു.ഈ കാലഘട്ടത്തിനിടയിൽ അനേകം ദൈവദാസന്മാർ ദുബായ് ദൈവസഭ സന്ദർശിച്ച് അനുഗ്രഹിതമായ ദൂതുകൾ നൽകി വന്നിരുന്നു.ആരംഭ കാലത്ത് വിശ്വാസികളുടെ എണ്ണം കുറവായിരുന്നെങ്കിലും ഇന്ന് 200ൽ അധികം ആളുകൾ ആരാധനയിൽ പങ്കെടുക്കുന്നു. ഇപ്പോൾ അനുഗ്രഹിത വേദ അദ്ധ്യാപകനും പ്രാർത്ഥനാ വീരനുമായ പാസ്റ്റർ ബാബു ചെറിയാന്റെ നേതത്വത്തിലും, പാസ്റ്റർ നൈനാൻ വർഗിസ്, പാസ്റ്റർ കെ.എ ബാബുക്കുട്ടി എന്നിവരുടെ ആത്മാർത്ഥമായ സഹകരണത്തിനും സഭ അനുഗ്രഹമായി പോകുന്നു.

**സണ്ടേസ്കുളും വൈ.പി.ഇയും**

1987 ൽ സണ്ടേസ്കുൾ പ്രവർത്തനങ്ങളും 1988 ൽ വൈ.പി.ഇ പ്രവർത്തനങ്ങളും സഭയിൽ ആരംഭിച്ചു. പാസ്റ്റർ കെ.എ ജോർജ്ജുകുട്ടി, കെ.ജോൺ, തമ്പാൻ എന്നിവർ മുൻകൈ എടുത്ത് ആരംഭിച്ച് സണ്ടേസ്കുളിൽ ബ്രദർ സി.എ വർഗിസിനെ ഹെഡ്മാസ്റ്ററായി നിയോഗിച്ചു.ചില പ്രതിസന്ധികളിലുടെ സണ്ടേസ്കുൾ കടന്നു പോയങ്കിലും ഇന്ന് വളരെ ശക്തമായ നിലയിലാണ്.വൈ.പി.ഇ പ്രവർത്തനങ്ങളും ശക്തമായ നിലയിലാണ്.

**ദൈവസഭയിലെ പാസ്റ്റർമാർ**

2005 ജൂലൈ മാസത്തോടെ സഭയ്ക്ക് ഒരു പൂർണ സമയ ശുപ്രുഷകന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടു അങ്ങനെ പാസ്റ്റർ ബാബു ചെറിയാനെ സഭയുടെ പാസ്റ്ററായി നിയമിച്ചു. പാസ്റ്റർ ബാബുക്കുട്ടി, പാസ്റ്റർ നൈനാൻ വർഗീസ് എന്നിവർ സഹ ശുശ്രുഷകരായി ചുമതലയിൽ തുടരുന്നു.1988 മുതൽ 1992 വരെ പാസ്റ്റർ ടി.എ ജോർജ്ജ് സഭയുടെ ശുശ്രുഷകനായിരുന്നു 1992,93,94, കാലഘട്ടങ്ങളിൽ പാസ്റ്റർമാരായ എം.ഓ ഏലിയാസ്, കെ.വി ജോയിക്കുട്ടി, ഇവാഞ്ചലിസ്റ്റ് ബേബി ചാക്കോ എന്നിവർ സഭാ ശുശ്രുഷകന്മാരായി പ്രവർത്തിച്ചു. തുടർന്ന് 1995 മുതൽ പാസ്റ്റർമാരായ കെ..ഐ.ബാബുകുട്ടി, നൈനാൻ വർഗീസ് എന്നിവർ ശുശ്രുഷകന്മാരായി തുടരുന്നു.

**ഭരണ നേതൃത്വം**

സഭയുടെ ആരംഭകാലത്ത് സഭാ സെക്രട്ടറിയായി ബ്രദർ.കെ.ജോണും ട്രഷറാറായി ബ്രദർ വർഗീസ് ജോർജ്ജും സേവനമനുഷ്ഠിച്ചു.1991 ൽ കെ.ജോൺ ജോലിയിൽ നിന്ന് വിരമിച്ച് നാട്ടിലേക്ക് മടങ്ങിയിപ്പോൾ ബ്രദർ വർഗീസ് ജോർജ് സഭാ സെക്രട്ടറിയായും, ട്രഷറാറായി ബ്രദർ സി.എ മാത്യുവും തുടർന്നു. 2002 – 2004 വരെ ബ്രദർ സി.എ വർഗീസ് സഭാ സെക്രട്ടറിയായിരുന്നു.

2004 മുതൽ ബ്രദർ സി.എ മാത്യ സഭാ സെക്രട്ടറിയായി സഭയുടെ പ്രവർനങ്ങൾക്ക് ശക്തമായ നേതൃത്വം കൊടുത്തു പോരുന്നു. ബ്രദർ തോമസ് എബ്രഹാം ട്രഷറാർ ആയും പ്രവർത്തിക്കുന്നു. ഇപ്പോൾ സഭാ പ്രവർത്തനങ്ങൾ കമ്മറ്റിയുടെ സഹകരണത്തോടെ കാര്യക്ഷമമായി നടന്നു പോരുന്നു.

**സുവനീർ**

ദുബായ് ചർച്ച് ഓഫ് ഗോഡ് 30 വർഷം പൂർത്തിയാക്കിയതിനോടുള്ള ബന്ധത്തിൽ സഭയുടെ ചരിത്രവും വിശ്വാസികളുടെ ഫോട്ടോയും ലേഖനങ്ങളും ഉൾപ്പെടുന്ന മനോഹരമായ സുവനീർ പുറത്തിറക്കി. ഈ സുവനീറിന്റെ എഡിറ്റോറിയൽ അംഗങ്ങളായി ഡോ. സജു ജോൺ മാത്യു, ബ്രദർ നൈനാൻ പി. ഡാനിയേൽ, ഡോ. ബേബി ജോൺ, ബ്രദർ ഷൈൻ നൈനാൻ, ബ്രദർ ജേക്കബ് പി. കെ., ബ്രദർ എബി പറക്കുളം, സിസ്റ്റർ ഷാരോൺ ഫിലിപ്പ്, സിസ്റ്റർ സംഗീത ഷാജു എന്നിവർ പ്രവർത്തിച്ചു.

നീണ്ട 30 വർഷങ്ങൾ ഉപജീവനത്തിന് മാതൃ രാജ്യങ്ങൾ വിട്ട് അന്യ ദേശത്ത് പ്രവാസ ജീവിതം നയിക്കുന്ന വിശ്വാസികളുടെ കൂട്ടായ്മ 30 വർഷം പിന്നിടുന്നു. പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെ യും മദ്ധ്യത്തിലൂടെ കടന്നു പോകുന്ന പ്രവാസികൾക്ക് ആത്മീക കൂട്ടായ്മ നൽകുന്ന ബലം ഏറെയാണ് ഏവരുടെയും ആത്മീക വളർച്ചയിലും സന്തോഷത്തിലും, സന്താപത്തിലും കൂട്ടായ്മയിലും സഭകൾ വഹിക്കുന്ന പങ്ക് വിസ്മരിക്കാനാവാത്താണ്. കഴിഞ്ഞ 30 വർഷങ്ങൾ ദൈവം ഭരമേല്പിച്ച ദൗത്യം വിശ്വസ്തതയോടെ നിർവ്വഹിക്കുവാൻ ദുബായ് സഭയ്ക്ക് കഴിഞ്ഞു എന്നത് യാഥാർത്ഥ്യമാണ്. കർത്താവ് വരുവോളും ഈ ദൗത്യവുമായി മുന്നോട്ട് പോകുവാൻ ദൈവം സഭയെ ശക്തികരിക്കട്ടെ.








**സഭാ ശുശ്രൂഷകൻ പാസ്റ്റർ ബാബു ചെറിയാനും കുടുംബത്തിനും ബ്രദർ ഡോൺ ഏബ്രഹാമും, പാസ്റ്റർ കെ.ഇ. ബാബുക്കുട്ടിക്കും കുടുംബത്തിനും, പാസ്റ്റർ നൈനാൻ വർഗീസിനും കുടുംബത്തിനും പാസ്റ്റർ എം.കുഞ്ഞപ്പിയും ഫലകം നൽകി ആദരിക്കുന്നു.**






**സഭാ സെക്രട്ടറി ബ്രദർ സി.എ. മാത്യുവിനും കുടുംബത്തിനും, ബ്രദർ തോമസ് കോശിക്കും കുടുംബത്തിനും, ബ്രദർ സി.എ. വർഗ്ഗീസിനും കുടുംബത്തിനും സഭയിലെ ഏറ്റവും പ്രായമുള്ള സഹോദരി മേരിക്കുട്ടിക്കും പാസ്റ്റർ എം.കുഞ്ഞപ്പി ഫലകം നൽകി ആദരിക്കുന്നു. ബ്രദർ ജെസൻ മത്തായി, ഡോ. ബേബി ജോൺ എന്നിവർ സമീപം.**

തിരിച്ച് സഭാ ശുശ്രുഷകൾക്ക് നേതത്വം നൽകുവാൻ നിയോഗിച്ചു. ആദ്യ കാലങ്ങളിൽ ബ്രദർ കെ.ജോൺ, കെ.എം വർഗീസ്, വർഗീസ് ജോർജ്ജ്, തോമസ് മാത്യു എന്നിവർ സഭയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ കെ..എം വർഗീസ്, സഭാ ശുശ്രുഷകനായും ബ്രദർ കെ. ജോൺ,സെക്രട്ടറിയായും ബ്രദർ വർഗീസ് ജോർജ്ജ്, ട്രഷറാർ ആയും ദീർഘ കാലം സേവനം ചെയ്തു.

**ചരിത്രം**

1982 ൽ ട്രിനിറ്റി ചർച്ചിൽ വെച്ച് അനുഗ്രഹിക്കപ്പെട്ട കൺവൻഷൻ നടന്നു. റവ പി.ഐ എബ്രഹാം ദൈവവചനം ശുശ്രുഷി

യുഗചിന്ത

പാസ്റ്റർ ഏ. റ്റി. ജോസഫ്



# സ്തോത്രം പറയുന്ന സൂത്രക്കാരൻ

സ്പെയിനിൽ നടന്ന ഒരു സംഭവം. വിമാന താവളത്തിൽ നിന്ന് അടുത്ത ടൗണിലേക്ക് ബസ്സ് യാത്ര. ടിക്കറ്റെടുത്തവർ എല്ലാവരും മുകളിൽ സീറ്റിലിരിക്കുന്നു. ലഗേജുകൾ എല്ലാം വാഹനത്തിന്റെ താഴത്തേ അറയിൽ അടുക്കി വയ്ക്കും. ടൗണിലെത്തി കഴിയുമ്പോൾ ആളുകൾ ഇറങ്ങി അവരവരുടെ ബാഗുമായി പോകുന്നു. പക്ഷേ പല ബാഗുകളിലും വില പിടിച്ച സാധനങ്ങൾ കാണുന്നില്ല. പരാതിയുമായി അധികൃതരുടെ അടുക്കൽ വന്നു. ഒടുവിൽ ആ രഹസ്യം പിടിക്കപ്പെട്ടു. വാഹനത്തിന്റെ അറയിൽ ഒളിപ്പിച്ചിരുന്ന ക്യാമറ ആ രഹസ്യം ഒപ്പിയെടുത്തു. അതായത് ഒരാൾ ടിക്കറ്റെടുത്ത് വാഹനത്തിന് മുകളിൽ, താഴെ കൂട്ടുകാരൻ ബാഗിനുള്ളിൽ ആ ബാഗ് രഹസ്യ അറയിലാണ്. വാഹനം ഓടിക്കൊണ്ടിരിക്കുമ്പോൾ പുറത്ത് വന്ന് മറ്റു ബാഗുകൾ തുറന്ന് വിലപിടിച്ച വസ്തുക്കൾ മോഷ്ടിച്ച് തന്റെ ബാഗിലാക്കുന്നു.ബസ്സ് നിർത്തുമ്പോൾ കൂട്ടപകാരൻ ബാഗുമായി ഇറങ്ങി പോകുന്നു.ഒടുവിൽ അറസ്റ്റിലാവുന്നു വിലങ്ങു വെയ്ക്കുന്നു.

ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്നവരാണ് നമ്മുടെ നാട്ടിൽ അധികവും എങ്കിലും എടുക്കാതെ യാത്ര ചെയ്യുന്നവരുമുണ്ട്. രക്ഷഎന്ന ടിക്കറ്റെടുക്കാതെ സഭയാകുന്ന വണ്ടിയിൽ കയറിയിരിക്കുന്ന ഒരുപാട് ആളുകളുണ്ട്. തുടക്കത്തിൽ യാത്ര കുഴപ്പമില്ലെന്ന് തോന്നിയാലും, ഒടുവിൽ യോനായെ എടുത്തെറിഞ്ഞതുപോലെ നരക തീ തടാകത്തിലേക്ക് എറിയപ്പെടാതിരിക്കുവാൻ ടിക്കറ്റെടുത്തുവെന്ന് ഉറപ്പു വരുത്തുക. വണ്ടിയിൽ കയറുന്ന കുടുംബത്തിനല്ല ടിക്കറ്റ് വ്യക്തിപരമാണ് ടിക്കറ്റെടുക്കേണ്ടത്. എന്നതുപോലെ വ്യക്തിപരമായാണ് രക്ഷയും. സഭായോഗത്തിന് വന്നിട്ട് സ്തോത്ര കാഴ്ചയുടെ സമയത്ത് വണ്ടി വിട്ടു പോകുന്നവരുമുണ്ട്, വാങ്ങിച്ച് മാത്രം പരിചയമുള്ളവരുമുണ്ട്. പാവങ്ങളായ ഇവർ അർക്കും ഒന്നും കൊടുത്ത് കണ്ടിട്ടില്ല. അംബാനിയുടെ വീടു പോലെ വീടുണ്ടെങ്കിലും ഒന്നുമില്ല എന്ന് പറഞ്ഞു തുടങ്ങുന്ന'സാധുക്കളും' ധാരാളമുണ്ട്. എന്നിരിക്കിലും ബാഗിലിരിക്കുന്ന കള്ളന്മാരെ നാം കണ്ടില്ല. അഥവാ അത്ര വേഗം കണ്ടു പിടിക്കുവാൻ കഴിയുകില്ല. വേദപുസ്തക ഭാഷയിൽ പറഞ്ഞാൽ കുഞ്ഞാടിന്റെ തോലു കൊണ്ടുട്ടാക്കിയ ബാഗിനകത്ത് ഇരിക്കുന്ന ചെന്നായ്ക്കൾ.അവരും യാത്രയിലാണ്. പക്ഷേ യാത്രയ്ക്കിടയിലെ കണ്ണു മുഴുവനും മറ്റുള്ളവർക്കുള്ള അല്പത്തിനാണ്. പാവങ്ങൾ ഇവരുടെ വലയിൽ വീഴും, വീണവർ പിന്നെ എഴുന്നേൽക്കില്ല.

ഈയിടെ തലസ്ഥാനത്ത് ഉപവസിക്കാൻ ഇറങ്ങിയ ഒരു വ്യാജ സന്യാസിയെക്കുറിച്ച് മനോരമയിലെ കുഞ്ചുക്കുറുപ്പ് പറഞ്ഞതുപോലെ കോടിക്ക് മറ താടിപോലെയാണ് കാര്യങ്ങൾ. സന്യാസ വസ്ത്രവുംഒരു ബഡാ താടിയും വലിയ മാലയും ഉണ്ടെങ്കിൽ പല കോടികളും മറയ്ക്കാം എന്നാൽ നമുക്ക് ഇതൊന്നും ഇല്ലാത്തതു കൊണ്ട് സ്തോത്രത്തിൽ പല സൂത്രങ്ങളും മറയ്ക്കുന്നു എന്തു ചെയ്താലും അന്യഭാഷ പോകത്തതുകൊണ്ട് നാം സന്തോഷിക്കുന്നു.

ശുഭ്ര വസ്ത്രവും വടിച്ചെടുത്ത മുഖവും മിന്നുരി മാറ്റിയ ശിരസ്സും കറുത്തപുസ്തകവും വായിലെ സ്തോത്രവും കൊണ്ട് പലരും പലതും മറച്ചു പിടിക്കുന്നു.എന്നാൽ ഈ ബാഗിനകത്ത് ഇരുന്ന് ചെയ്യുന്നതൊക്കെ ഒപ്പിയെടുക്കുന്ന ഒരു ക്യാമറയുണ്ട്. യാത്രയുടെ ഒടുവിൽ സ്വീകരിപ്പാൻ ചിലർ നിൽപ്പുണ്ട്. വിലങ്ങുമായി അറസ്റ്റ് ചെയ്യാനും ബൊക്കയും സമ്മാനങ്ങളും തന്ന് ആദരിക്കുവാനും. ഈ യുഗാന്ത്യത്തിൽ നാം എത്തിയിരിക്കുന്നു കയ്യിൽ ചുറ്റിയ അണലിയുണ്ട് കടിയേറ്റ് ചത്തു വീഴും എന്ന് ചിന്തിക്കുന്നവരുടെ മുൻപിൽ കുടഞ്ഞു കളയേണ്ടതിനെ കുടഞ്ഞുക്കളഞ്ഞ് പൗലോസിനെപ്പോലെ ഓടുമെങ്കിൽ നല്ല സ്വീകരണം ലഭിക്കും. സൂത്രം കളഞ്ഞ് സ്തോത്രം പറയാം.

# സഭയും യുഗാന്ത്യവും

തുടർച്ച



റവ. ഷാജി കെ. ഡാനിയേൽ
*(യുഗാന്ത്യസന്ദേശം പേട്രൺ)*

**2. തിരുവെഴുത്തുകളെ ആത്മീയമായി വ്യാഖ്യാനിക്കുക.**

തിരുവെഴുത്തുകളെ ആത്മീയമായി വ്യാഖ്യാനിക്കാനുള്ള പ്രവണത എക്കാലത്തും ക്രൈസ്തവരുടെ ഇടയിൽ ഉണ്ട്. ഇരുപതാം നൂറ്റാണ്ടിൽ ഇതിന്റെ അതിപ്രസരം സുവിശേഷവിഹിത സഭകളിൽപ്പോലും പ്രശ്നം സൃഷ്ടിക്കുകയാണ്. അപ്പൊസ്തലൻ ഇതിനെതിരെ നൽകിയ മുന്നറിയിപ്പു നാം കുറിക്കൊള്ളേണ്ടതാണ്. "ഭക്തി വിരുദ്ധമായ വൃഥാലപങ്ങളെ ഒഴിഞ്ഞിരിക്ക; ആ വകക്കാർക്കു അഭക്തി അധികം മുതിർന്നുവരും; അവരുടെ വാക്കു അർബ്ബുദ വ്യാധി പോലെ തിന്നുകൊണ്ടിരിക്കും. ഹുമനയോസും ഫിലേത്തൊസും അവരുടെ കൂട്ടത്തിൽ ഉള്ളവരാകുന്നു; അവർ സത്യം വിട്ടു തെറ്റി; പുനരുത്ഥാനം കഴിഞ്ഞു എന്നു പറഞ്ഞു ചിലരുടെ വിശ്വാസം മറിച്ചു കളയുന്നു". 2 തിമൊ.2:16–18. പുനരുത്ഥാനം ഒരു ഭാവികാല സംഭവമാണ്. എന്നാൽ അതു വ്യക്തിയുടെ മാനസാന്തരത്തിൽ സംഭവിക്കുന്ന ഒരാത്മീയ പ്രക്രിയയായി മാത്രം ഇക്കൂട്ടർ വ്യാഖ്യാനിക്കുന്നു. ക്രിസ്തുവിന്റെ പുനരാഗമനം പോലും ഒരു വ്യക്തിയുടെ മാനസാന്തരത്തിൽ സംഭവിക്കുന്ന മാറ്റമായി വ്യാഖ്യാനിക്കുന്നവർ ഏറെയാണ്.

**3. തിരുവെഴുത്തുകൾക്കു പകരം തത്ത്വജ്ഞാനത്തെ പ്രതിഷ്ഠിക്കരുത്**

മാനുഷികജ്ഞാനം എപ്പോഴും തിരുവെഴുത്തുകളെ കോട്ടിക്കളയുവാനുള്ള ശ്രമത്തിലാണ്. ജാതീയതത്ത്വജ്ഞാനം ക്രിസ്തുവിന്റെ കാലത്തിനുമുമ്പു യെഹൂദമതത്തെപ്പോലും ഭീഷണിപ്പെടുത്തിയിരുന്നു. യവനതത്ത്വജ്ഞാനം ക്രൈസ്തവ ചിന്താധാരയെ സ്വാധീനിക്കുക മാത്രമല്ല, സഭയുടെ സ്ഥാപനങ്ങളെപ്പോലും വശീകരിച്ചു. സഭയിൽത്തന്നെ ദർശനപദ്ധതികൾ ഉണ്ടായി. അന്ധകാരയുഗത്തിൽ തത്ത്വജ്ഞാനത്തിന്റെ അതിപ്രസരം കൊണ്ടു വളരെയധികം ഇടത്തൂട്ടുകൾ പ്രചരിച്ചു. അപ്പൊസ്തലൻ കൊലൊസ്യ വിശ്വാസികളെ ഓർപ്പിച്ചു. "തത്ത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ടു ആരും നിങ്ങളെ കവർന്നു കളയാതിരിപ്പാൻ സൂക്ഷിപ്പിൻ; അതു മനുഷ്യരുടെ സമ്പ്രദായത്തിനു ഒത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്കു ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിന്നു ഒത്തവണ്ണമുള്ളതല്ല" കൊലൊ. 2:8.

**വിശ്വാസത്യാഗത്തിന്റെ ചരിത്രം**

വിശ്വാസത്യാഗം ഒരാധുനിക പ്രതിഭാസമല്ല. ഏദെൻ തോട്ടത്തിൽ തുടങ്ങിയതാണത്. ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ? (ഉല്പ.3:1) എന്നിങ്ങനെ മനുഷ്യവർഗ്ഗത്തിൽ അവിശ്വാസം കടത്തി വിടാൻ സാത്താനു കഴിഞ്ഞു. വിശ്വാസത്യാഗം ദൈവവചനത്തെ (വാചികവും, ലിഖിതവും) അവിശ്വസിക്കയാണ്. പഴയ നിയമരേഖകളിൽ എല്ലാ ഘട്ടങ്ങളിലും ഇത് കാണുന്നു. പുതിയനിയമകാലത്തു അപ്പൊസ്തലൻ നൽകിയ മുന്നറിയിപ്പുകൾ നാം കണ്ടു കഴിഞ്ഞു. തിരുവെഴുത്തുകളെയും കൈയെഴുത്തു പ്രതികളെയും ദുഷിപ്പിക്കാനുള്ള സംഘടിത ശ്രമങ്ങൾ തന്നെ നടന്നു.

ആദ്യനൂറ്റാണ്ടുകളിൽ പീഢനങ്ങളിലൂടെ കടന്നുപോയ സഭ വിശ്വാസനൈർമ്മല്യം കാത്തു സൂക്ഷിച്ചു. എന്നാൽ കോൺസ്റ്റന്റയിൽ ചക്രവർത്തിയുടെ കാലത്തു ഒരു സംഘടനയായി മാറിയതോടു കൂടി സഭ തിരുവെഴുത്തുകളിലെ പത്ഥ്യോപദേശങ്ങളിൽ നിന്നു വ്യതിചലിച്ചു തുടങ്ങി. സഹസ്രാബ്ദ വാഴ്ചയിലെ വിശ്വാസത്തിൽ നിന്നുള്ള ഭ്രംശമായിരുന്നു അതിലാദ്യത്തേത്. സഹസ്രാബ്ദരാജ്യം സ്ഥാപിക്കാൻ വേണ്ടിയുള്ള കർത്താവിന്റെ വരവിനെക്കുറിച്ചുള്ള ഉപദേശം ക്രമേണ അപ്രത്യക്ഷമായി. അപ്പൊസ്തല കാലശേഷം ആയിരം വർഷത്തിനു മുമ്പു ക്രിസ്തു വീണ്ടും വരികയില്ലെന്നു പഠിപ്പിക്കാൻ തുടങ്ങി. സഭ സഹസ്രാബ്ദത്തിലാണെന്നും ഈ സഹസ്രാബ്ദശേഷമേ ക്രിസ്തു വരികയുള്ളൂ എന്നും അത്രേ ഈ ഉപദേശത്തിന്റെ സത്ത. അഗസ്തിന്റെ കാലം മുതൽ കൃപയെക്കുറിച്ചുള്ള ഉപദേശം മങ്ങിത്തുടങ്ങി. കൃപ വ്യാപരിക്കുന്നതു സഭയിലൂടെയും കൂദാശകളിലൂടെയും ആണെന്നും, സഭ എന്ന മാദ്ധ്യമത്തിലൂടെയല്ലാതെ രക്ഷയും ദൈവകൃപയും സാദ്ധ്യമല്ലെന്നും ഉപദേശിച്ചു തുടങ്ങി. അതോടുകൂടി വിശ്വാസത്താലുള്ള നീതികരണം, പരിശുദ്ധാത്മാവിന്റെ ശക്തിയും നിറവും (fullness) ഒരു ഭൗമിക മാദ്ധ്യസ്ഥൻ അഥവാ പുരോഹിതനെക്കൂടാതെ കൃപാസനത്തിടുക്കലേക്കു ചെല്ലാൻ വിശ്വാസിക്കുള്ള അവകാശം എന്നീ സത്യങ്ങൾ തിരസ്കൃതങ്ങളായി. ദൈവവചനം എന്ന നിലയ്ക്കുള്ള തിരുവെഴുത്തുകളുടെ അധികാരം സഭയുടെ അധികാരത്തിനു വിധേയമായി; വചനം വ്യാഖ്യാനിക്കാനുള്ള അധികാരം സഭക്കായി. പരിശുദ്ധാത്മാവിന്റെ പ്രകാശം അപ്രസക്തമായി. ഇങ്ങനെ തിരുവെഴുത്തുകൾ സഭയുടെ വിധേയത്വത്തിലമർന്നു.


## ഇത്രത്തോളം ഉയർത്തിയ ദൈവത്തിന് മഹത്വം

**2011–12 ലെ ഒരു ദിവസം കൊണ്ട് 103 പോളിസികൾ !**
**തിരുവനന്തപുരം ഡിവിഷനിൽ ചരിത്ര റിക്കാർഡുകൾ സൃഷ്ടിച്ചിരിക്കുന്നു.**



**സി. ജി. സാംകുട്ടി & സാറാമ്മ സാംകുട്ടി**

എൽ.ഐ.സി.യുടെ കൊട്ടാരക്കര ബ്രാഞ്ചിൽ 2007 - 2008 സാമ്പത്തിക വർഷത്തിൽ റിക്കാർഡുകൾ സൃഷ്ടിച്ച് കൊണ്ട് 600 പോളിസികളിൽ 6 കോടിയിൽ പരം ബിസിനസ് കരസ്ഥമാക്കി. രണ്ടര കോടി രൂപയുടെ ആദ്യ പ്രീമിയം ശേഖരിച്ച് തിരുവനന്തപുരം, കൊട്ടാരക്കര ഡിവിഷനിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഏക ഏജന്റ്, സോണലിൽ നാലാം സ്ഥാനത്തും ആകുന്നതിന് സഹായിച്ച ദൈവത്തിനും, സീനിയർ ബ്രാഞ്ച് മാനേജർ, അസി. മാനേജേഴ്സ്, ഡവലപ്മെന്റ് ഓഫീസേഴ്സ്, ബ്രാഞ്ചിലെ എല്ലാ ജീവനക്കാർക്കും, ഇന്ത്യയിലും, യു.എസ്.എ, ഇംഗ്ലണ്ട്, യൂറോപ്പ്, ഗൾഫ്, ആസ്ത്രേലിയ, സിങ്കപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളിലുള്ള എല്ലാ പോളിസി ഉടമകളോടുമുള്ള ഞങ്ങളുടെ നന്ദിയും സ്നേഹവും അർപ്പിക്കുന്നു.

**ഇൻഡ്യ ദൈവസഭ സ്റ്റേറ്റ് ബോർഡ് ട്രഷറാർ തെക്കൻ മേഖല ജനറൽ ബോർഡ് കോഡിനേറ്റർ, അടൂർ നോർത്ത് ഡിസ്ട്രിക്ട് ട്രഷറാർ, ഏനാത്ത് സഭാ സെക്രട്ടറി എന്നീ നിലകളിൽ ബ്രദർ സി. ജി. സാംകുട്ടി പ്രവർത്തിക്കുന്നു.**

**മക്കൾ : ജെം ജി. സാം, ജെമി സാം (യുഎസ്എ), വെസിലി വർഗീസ് (യുഎസ്എ)**

**ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ അമേരിക്കയിൽ ഉള്ളവർക്ക് ബ്രദർ സി.ജി. സാംകുട്ടിയുമായി ബന്ധപ്പെടാവുന്നതാണ്.**

**ഫോൺ: 8327717939 (വെസ്‌ലി വർഗീസ്)**

**Head office:**
LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt. Bus Stand, Pulamon, Kottarakkara

**Branch Office:**
ജീവൻ ജ്യോതി LIC പോളിസി സർവ്വീസ് സെന്റർ,
ഏനാത്ത് പാലം, കുളക്കട പി.ഒ., കൊല്ലം
Ph: 04734 325341
**Mob: 9447192916, 9446185886**

**RESIDENCE:** ഗിൽഗാൽ ജെം ഭവൻ, ഏനാത്ത് പി.ഒ., പത്തനംതിട്ട - 691 526. Res: 04734 - 212916, 210795

**എൽ.ഐ.സി.യുടെ പോളിസി സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും ഈ ഓഫീസുകളുമായി ബന്ധപ്പെടാവുന്നതാണ്.**

**എൽ.ഐ.സി കൊട്ടാരക്കര ബ്രാഞ്ചിൽ ഇൻഷുറൻസ് അഡ്വൈസറെ (ഏജന്റ്) ആവശ്യമുണ്ട്.**

മിനിമം വിദ്യാഭ്യാസ യോഗ്യത
**എസ്.എസ്.എൽ.സി പാസ്സായിരിക്കണം.**
ഉടൻ ബന്ധപ്പെടുക. **Mob: 9447192916, 9446185886**

പുതിയ പോളിസികൾ എടുക്കുന്നതിന് ചുരുങ്ങിയ കാലയളവിൽ വലിയ ലാഭം കിട്ടുന്ന ഡിപ്പോസിറ്റ് സ്കീമുകളിൽ ചേരുവാനും ഞങ്ങളെ സമീപിക്കുക

# സൂപ്പർ ബൈബിൾ ക്വിസ് 06

**സിസ്റ്റർ സൂസ്സൻ ആൻഡ്രൂസ്, കുവൈറ്റ്**



1) നിദ്രകൊണ്ടവരിൽ ആദ്യ ഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തത് ആര്?
2) യഹോവയോട് ചോദിപ്പാൻ പോയ സ്ത്രീ ?
3) യോഹന്നാൻ നീതിയും, വിശുദ്ധിയും ഉള്ള പുരുഷൻ എന്നറിഞ്ഞ് ഭയപ്പെട്ടത് ആര്?
4) ഏത് വാതിലിലൂടെ കടപ്പാൻ പോരാടണം ?
5) യെരുശലേമിലെ പെസഹ പെരുന്നാൾ കഴിഞ്ഞ് അമ്മയപ്പന്മാർ മടങ്ങിപ്പോരുമ്പാൾ യെരുശലേമിൽ താമസിച്ചത് ആര് ?
6) വീരനെയും, ശൂരനെയും കണ്ടാൽ തന്റെ അടുക്കൽ ചേർത്തുകൊണ്ടത് ആര് ?
7) യഹോവയുടെ കല്പനകളുടെയും, ചട്ടങ്ങളുടെയും വാക്യങ്ങളിൽ വിദഗ്ദ ശാസ്ത്രി ആയിരുന്ന പുരോഹിതൻ ?
8) അർദ്ധരാത്രിയിൽ അവൻ ഞെട്ടിതിരിഞ്ഞു ആര് ?
9) നിന്നോടുകൂടെയുള്ള ഈ മനുഷ്യൻ ആര് എന്ന് ചോദിച്ചു കൊണ്ട് ദൈവം ആരുടെ അടുക്കൽ വന്നു ?
10)നീതിയുടെ പ്രമാണം പിൻതുടർന്ന യിസ്രായേൽ ഏതു പ്രാമാണത്തിങ്കിൽ എത്തിയില്ല ?
11) കഴിഞ്ഞു പോയതിനെ ദൈവം വീണ്ടും എന്തു ചെയ്യുന്നു ?
12) ബുദ്ധിയുള്ളവൻ ഗണിക്കേണ്ട സംഖ്യ ഏത് ?
13)ഹൃദയശുദ്ധി ഇഷ്ടപ്പെടുന്നവന് എന്ത് ഉണ്ട് ?
14) 'ഞാൻ നിങ്ങളോട് പറയുന്നതോ എല്ലാവരോടും പറയുന്നു' യേശു പറഞ്ഞത് എന്ത് ?
15) പൊന്നു കൊണ്ട് രണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി 'യിസ്രായേലേ ഇതാ നിന്നെ മിസ്രയിം ദേശത്തു നിന്നു കൊണ്ടു വന്ന നിന്റെ ദൈവം' എന്ന് ജനത്തോട് പറഞ്ഞത് ആര് ?
16) യഹോവയുടെ വാക്ക് കേട്ട് യഹോവയുടെ നിയോഗവും, കല്പനകളും, ചട്ടങ്ങളും, പ്രമാണങ്ങളും, ആചരിച്ചത് ആര് ?
17)തങ്ങൾക്കു തന്നേ പാപ ശുദ്ധി വരുത്തി വസ്ത്രം അലക്കിയത് ആര് ?
18)'ജ്വലിച്ചു പ്രകാശിക്കുന്ന വിളക്ക്' എന്ന് യേശു പറഞ്ഞത് ആരെക്കുറിച്ച് ?
19) തെക്കോട്ടോ, വടക്കോട്ടോ വീണാൽ വീണിടത്ത് തന്നേ കിടക്കുന്നത് എന്ത് ?
20)പുത്രനെ(യേശുവിനെ) അറിയുന്നത് ആര് ?

## കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരങ്ങൾ

1) കർത്താവായ യേശുക്രിസ്തു ( ഫിലി 3:8), 2) ഹേമന്ത ഗൃഹവും, ഗ്രീഷ്മ ഗൃഹവും.(ആമോ: 3:14) 3) ഭോജനയാഗം, പാനിയയാഗം (യോവേൽ 1:9) 4) ദാനിയേൽ (ദാനി 10:4) 5) സീയോൻ (വിലാ 4:2) 6) മൊർദ്ദേഖായി (എസ്ഥേർ 9:29) 7) സൃഷ്ടി (റോമർ 8:20) 8) സോർ (സെഖര്യ 9:3) 9) വാർദ്ധ്യക്യം (സെഖര്യ 8:4) 10) സെഖ്യര്യാവിന്റെ മകനായ യോഹന്നാൻ (ലൂക്കോ 3:11) 11) ഭാഗ്യവർണ്ണനം (റോമർ 4:7-8) 12) പട്ടണത്തോട് (മീഖ 6:9) 13) കഷ്ടത (നഹൂം 1:9) 14) എസ്ഥേർ (8:9 15) ന്യായശാസത്രിമാർ (ലൂക്കോസ് 11:52) 16) കൃപ (റോമർ 4:4) 17) നഗരത്തിന് (യോഹ 19:20) 18) പീലാത്തോസ് (യോഹ 18:38) 19) ഭാഗ്യവാൻ (സദൃ 3:13) 20) സ്വർഗ്ഗം (സങ്കി 115:16)

### സൂപ്പർ ബൈബിൾ ക്വിസ്സ് മത്സരം 5 ൽ എല്ലാ ഉത്തരവും ശരിയാക്കിയവർ

ലീലാമ്മാ ജോസഫ് കവിയൂർ,ഗ്രേസ് ജേക്കബ്ബ് പൂവത്തൂർ, അന്നമ്മ ജേക്കബ്ബ് പൂവത്തൂർ,ആലിസ് ജോയി ഐരാണിക്കുടി, മറിയാമ്മ വർഗീസ് മുടിയൂർക്കോണം, ഷിജിൻ സാം വർഗീസ് കടപ്ര, ,ഫെയ്ത്ത് ആന്റണി തൊടുപുഴ, ലൗവ്‌ലി ഷാജി തോമസ് കരികുളം, ബ്ലെസ്സി പ്രെയ്സ് കാരയ്ക്കൽ, മോളി വർഗീസ് ഇരവിപേരൂർ, ജെഫി മോൾ എൽസാ പാട്രിക്ക് കുടപ്പനക്കുന്ന്, സാറാമ്മ പാട്രിക്ക് പറണ്ടോട്,സൂസമ്മ ജോസ് ഏറുമ്പടം, സൂസമ്മ ഗ്ലാഡ്സൺ പൂവത്തൂർ, നിർമ്മല ഷാജി കുളത്തൂർ, ഗ്രേസ് വർഗീസ് പതാരം, ശോശാമ്മ എബ്രഹാം പുതുപ്പള്ളി, സൂസൻ ജോർജ്ജ് തിരുവനന്തപുരം, എലിസബത്ത് തിരുവല്ല, എൽസമ്മ സാബു പതാരം, ആലിസ് ജോസ് നെല്ലിപ്പാറാ, ലിനോ മേരി വർഗീസ് താഴം,എസ്റ്റിൻ സൈമൺ പത്തനംതിട്ട,ദീപാ ബിജു ഏറ്റുമാനൂർ, അന്നമ്മ രാജു കരുവാറ്റ, റിൻസി ടെസിൻ പി.ഡി.ഹിൽസ്, ലില്ലി സണ്ണി കുവൈറ്റ്, ദാനിയേൽ വർഗ്ഗീസ് ശാന്തിപുരം

### സൂപ്പർ ബൈബിൾ ക്വിസ്സ് മത്സരം 5 ൽ പങ്കെടുത്തവർ

ഷീബാ സത്യപാൽ കോവളം, ശാന്തമ്മ തങ്കച്ചൻ ശൂരനാട്, മറിയാമ്മ തോമസ് ഓമല്ലൂർ,അന്നമ്മ കെ.വി. കുറിയച്ചിറ, പിങ്കി സ്റ്റാൻലി ചൂനാട്,ബ്ലസ്സൻ ജോൺ പണിക്കർ കൊല്ലം, സാറാമ്മ ജെയിംസ് ക്യാനഡ, മോളി സൈമൺ എണ്ണക്കാട്, ഷീജാ ജോൺ വേലനിലം, കുഞ്ഞമ്മ ജോൺ തിരുവല്ല, വൽസമ്മ ഈശോ കുന്നം,ഗ്രേസ് ചിന്നു വർഗീസ് ഇടപ്പാവൂർ,ഏലിയാമ്മ വിൻസന്റ് അഹമ്മദാബാദ്, ജെസ്സി കോശി ദോഹ, രാജു മാർട്ടിൻ കുണ്ടറ, സാലി സജി കൊല്ലം, സൂസമ്മ വർഗീസ് ചെങ്ങന്നൂർ, സുജ മോൻസി ആറന്മുള, മേഴ്സി സാം ഇരവിപേരൂർ, ബെൻസി ജോസഫ് കോയിപ്പുറം, ചിന്നമ്മ ജോസഫ് പള്ളിക്കൽ.

**എല്ലാ ലക്കങ്ങളിലും അയക്കുന്ന ഉത്തരങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്നവരിൽ നിന്നാണ് ഒന്നും, രണ്ടും, മൂന്നും, സ്ഥാനക്കാരെ തിരഞ്ഞെടുക്കുന്നത്. അതുകൊണ്ട് ഈ ലക്കം ഉത്തരങ്ങൾ അയച്ചവർ എല്ലാ ലക്കവും മുടങ്ങാതെ ഉത്തരം അയക്കുവാൻ ശ്രദ്ധിക്കുക. സൂപ്പർ ബൈബിൾ ക്വിസിന് ഒന്നാം സമ്മാനം പതിനായിരം രൂപ, രണ്ടാം സമ്മാനം ഏഴായിരം രൂപ, മൂന്നാം സമ്മാനം മൂവായിരം രൂപ. ശരിയായ ഉത്തരം അയച്ചുതരുന്ന വിജയികളുടെ പേരുകൾ ഓരോ ലക്കത്തിലും പ്രസിദ്ധീകരിക്കുന്നതാണ്.**

*ശരി ഉത്തരങ്ങൾ എല്ലാ മാസത്തിന്റേയും 25-ാം തീയതിയ്ക്കു മുമ്പായി താഴെയുള്ള വിലാസത്തിൽ അയയ്ക്കേണ്ടതാണ്.*

**YUGANTHYASANDHESHAM, P.O. BOX. 66, THIRUVALLA-689 101, KERALA**

**യുഗവിചാരണ** പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ, 9447313709

## കള്ളപ്പണവും അഴിമതിയും പിന്നെ നമ്മളും





**ലോ**കത്തിലെ ഏറ്റവും മനോഹരമായ സ്ഥലങ്ങളിൽ ഒന്നാണ് സ്വിറ്റ്സർലണ്ട് മലനിരകളും, പ്രകൃതി ഭംഗി കവിഞ്ഞൊഴുകുന്ന താഴ്വാരങ്ങളും ശാന്ത ചിത്തരായ ജനങ്ങളും ഇതാണ് യൂറോപ്പിലെ പറുദീസാ എന്നറിയപ്പെടുന്ന ഈ രാജ്യത്തിന്റെ പ്രത്യേകത. ഉദാരമായ ബാങ്കിംഗ് നിയമങ്ങളാണ് അഴിമതിക്കാരായ രാഷ്ട്രിയ നേതാക്കളെയും, വൻതുക കള്ളപ്പണമായി മാറ്റുന്ന വ്യവസായികളേയും സ്വിറ്റ്സർലണ്ടിലേക്ക് ആകർഷിക്കുന്നത്. 1934-ൽ സ്വിസ് പാർലമെന്റ് പാസാക്കിയ നിയമം അനുസരിച്ച് ബാങ്കുകൾ ഇടപാടുകാരെക്കുറിച്ചുള്ള വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണം എന്നത് നിയമപരമായ ഉത്തരവാദിത്തമായി മാറി. ഒന്നാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധിയിൽ സ്വിസ് ബാങ്കുകളെ കേന്ദ്രികരിച്ച് നാസി അധികാരികൾ അന്വേഷണം നടത്താൻ ആലോചിക്കുന്നു എന്ന വാർത്ത പരന്നതോടെ ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ക്രിമിനൽ കുറ്റമായി മാറ്റുന്ന ആർട്ടിക്കൾ 47(ബി) നിയമമായി മാറി. ഇതോടെ ബാങ്കുകളിലെ അനധികൃത സ്വത്തുക്കളെക്കുറിച്ച് അന്വേഷണം നടത്താനുള്ള ഏതു ശ്രമവും മുന്നോട്ടു നീങ്ങാതായി. കാരണം ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ ചോദിക്കുവാൻ സ്വിറ്റ്സർലണ്ടിലേ ഗവൺമെന്റിനു പോലും അധികാരമില്ലാത്തവിധമാണ് നിയമങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. സ്വിസ് ബാങ്കിംഗ് നിയമം അനുസരിച്ച് നികുതിയിൽ ബോധപൂർവ്വം വഞ്ചന നടത്തി എന്ന് തെളിയിക്കപ്പെടുന്ന കേസുകളിൽ മാത്രമേ അന്വേഷണത്തിൽ സഹകരണമുണ്ടാകു

സ്വിറ്റ്സർലണ്ടിലേ ബാങ്കുകളിൽ വിദേശികൾ നിക്ഷേപിച്ചിട്ടുള്ള പണത്തിന്റെ യഥാർത്ഥ ഉറവിടത്തെ സംബന്ധിച്ച് നിരവധി വിവരങ്ങൾ ഉൽപ്പതിഷ്ണുക്കളായ മാധ്യമ പ്രവർത്തകർ പുറത്ത് കൊണ്ടുവന്നിട്ടുണ്ട്. സത്യസന്ധരല്ലാത്ത വ്യവസായികൾ, അഴിമതിക്കാരായ രാഷ്ട്രിയ നേതാക്കൾ, ആത്മീയ നേതൃത്വം ഇങ്ങനെ നീളുന്നു ആ പട്ടിക. നിക്ഷേപകരിൽ മുൻപന്തിയിൽ നിൽക്കുന്നത് ഇന്ത്യയാണ്. 1947 മുതലുള്ള ഇന്ത്യൻ നിക്ഷേപകർ ഇതുവരെ 1.4 ട്രില്യൻ ഡോളർ നിക്ഷേപിച്ചിട്ടുണ്ട്. 2006 ലെ സ്വിസ് ബാങ്കിന്റെ ഔദ്യോഗിക റിപ്പോർട്ടിൽ ഉള്ളതാണിത്. ഈ തുക ഇന്ത്യയുടെ ആകെ വിദേശ കടത്തിന്റെ 13 ഇരട്ടിയുണ്ട്. ഈ തുക ഇന്ത്യയ്ക്ക് മടക്കി കിട്ടിയാൽ അടുത്ത 24 മണിക്കൂറിനുള്ളിൽ നമ്മുടെ വിദേശ കടം മുഴുവൻ കൊടുത്തു തീർക്കുവാൻ നമുക്ക് കഴിയും, ബാക്കി തുക ഏതെങ്കിലും പലിശ കിട്ടുന്ന അന്തർദ്ദേശിയ നിധികളിൽ നിക്ഷേപിച്ചാൽ അതിൽ നിന്നും കിട്ടുന്ന വാർഷിക പലിശ കേന്ദ്ര ഗവൺമെന്റിന്റെ വാർഷീക ബജറ്റിനെക്കാൾ വലിയ തുക ആയിരിക്കും. ഫലത്തിൽ ഈ തുക കിട്ടിയാൽ നികുതി വാങ്ങതെ ഇന്ത്യയുടെ ഭരണ സംവിധാനം മുന്നോട്ട് കൊണ്ടു പോകുവാൻ അത് മതിയാകും. രാജ്യത്തോടുള്ള സ്നേഹം നഷ്ടപ്പെട്ട് സ്വസ്നേഹം വർദ്ധിക്കുന്നതിന്റെ പരിണിത ഫലമാണ് നമ്മുടെ സമ്പത്ത് വ്യവസ്ഥയേ ബാധിക്കുന്ന വിധത്തിൽ വിദേശ നിക്ഷേപം വർദ്ധിക്കുന്നത്. ആത്മീകരെന്ന് അഭിമാനിക്കുന്ന നമ്മുടെ ഇടയിലും ഇന്ന് ഭൂമിയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. കാരണം നമുക്ക് ആരോടും സ്നേഹം ഇല്ല. സൃഷ്ടിയെ അടക്കി വാഴുന്നതിനും തന്റെ സാദൃശ്യത്തിലുള്ള സകല മനുഷ്യരും ഉൾകൊള്ളുന്നതായ ഒരു കുടുംബം ആണ് പിതാവായ ദൈവം ആഗ്രഹിക്കുന്നത്. ഈ കുടുംബത്തിന് രൂപം നൽകുന്നതിന് ദൈവം ഉദ്ദേശിച്ച മാർഗ്ഗം പൗലോസ് അപ്പോസ്തോലന് ദൈവം തന്നെ വെളിപ്പെടുത്തി കൊടുത്തു അതാണ് സഭ. മാറികൊണ്ടിരിക്കുന്ന ലോകത്തിൽ സ്ഥിരതയും ശുദ്ധതയും ഐക്യവും സൂക്ഷിക്കേണ്ടതിനായ് വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ. എന്നാൽ സ്വാർത്ഥരുടെയും സ്വസ്നേഹികളുടെയും സ്വജനപക്ഷപാതക്കാരുടെയും എണ്ണം സഭയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.ദൈവത്തിന്റെ ഇഷ്ടം ഭൂമിയിൽ നിർവ്വഹിക്കുവാൻ നിയോഗിക്കപ്പെട്ട സഭയിൽ ഏവരും സ്വസ്നേഹികളായി മാറുന്ന കാഴ്ചയാണ് നാം ഇന്നു കാണുന്നത്. ജീവിത ബന്ധങ്ങൾ രണഭൂമിയായി സ്വാർത്ഥതയുള്ളതായി മാറുന്നതിന്റെ കാരണം നമ്മുടെ സമർപ്പണം അപൂർണമാണെന്നുള്ളതാണ്. ദൈവഹിതത്തിന് കീഴടങ്ങാത്തവരും ദൈവരാജ്യത്തേക്കുറിച്ചുള്ള ദർശനവും നഷ്ടപ്പെട്ടവരാണ് സ്വജനപക്ഷപാതികളായി തീർന്ന് സ്വാർത്ഥരായി മാറുന്നത്. ഒന്നാം നൂറ്റാണ്ടിൽ സകലതും വിറ്റ് അപ്പോസ്തോലന്മാരുടെ കാൽക്കൽ കാഴ്ചവെച്ചവരുടെ പിൻതലമുറ, കമ്മീഷൻ ഏജന്റുമാരായി മറ്റുള്ളവരെ വിറ്റ് സകലതും പുഴുവും തുരുമ്പും കെടുത്തുന്ന കള്ളന്മാർ തുരന്ന് മോഷ്ടിക്കുന്ന ഭൂമിയിൽ നിക്ഷേപം സ്വരുക്കുട്ടാനുള്ള തിരക്കിലായി. എങ്ങനെയും മരിച്ചവരുടെ ഇടയിൽ നിന്നും പുനരുത്ഥാനം പ്രാപിക്കണമെന്ന് പറഞ്ഞവരുടെ പിൻതലമുറ എങ്ങനെയും പത്ത് പുത്തൻ സമ്പാദിക്കണമെന്ന നിലയിലായി.ആത്മീയ ഗോളത്തിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങളുടെയും അധാർമ്മികതയുടെയും അടിസ്ഥാന കാരണം നാം. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കുകയും അരുതാത്ത കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നതിനാലാണ്. ആയതിനാൽ ക്രിസ്തുവിന്റെ ഉപദേശത്തിനനുസരിച്ച് ഒരോരുത്തന്റെ പ്രവർത്തി ശോധന ചെയ്യപ്പെടുന്ന നാളിനായ് കാത്തിരിക്കാം. നല്ലവനും വിശ്വസ്തനും ആയ ദാസനേയെന്ന വിളിക്കായ് കാതോർക്കാം.

## ഭാരവാഹികൾ

**കൊല്ലം.** ചർച്ച് ഓഫ് ഗോഡ് കൊല്ലം ഡിസ്ട്രിക്ട് ഭാരവാഹികരായ പാസ്റ്റർ സജി ജോർജ്(പ്രസിഡന്റ്) ബ്രദർ ന്യൂമാൻ(സെക്രട്ടറി) പാസ്റ്റർ റെജി ജോൺ (ഗോസ്പൽ ടീ സെക്രട്ടറി) പാസ്റ്റർ റോയി തോമസ് (ട്രഷറാർ) സിസ്റ്റർ ലീലാമ്മ റോയി (എൽ.എം സെക്രട്ടറി) ബ്രദർ അനീഷ് (വൈ.പി.ഇ സെക്രട്ടറി) ബ്രദർ ദാനിയേൽ (സണ്ടേസ്കൂൾ സെക്രട്ടറി) പാസ്റ്റർ ഷിബു മാമച്ചൻ(പ്രയർ കോഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു.

## മാസയോഗം

**വാര്യപുരം:** ചർച്ച് ഓഫ് ഗോഡ് പത്തനംതിട്ട ഡിസ്ട്രിക്ട് മാസയോഗം വാര്യപുരം ദൈവസഭാ ഹാളിൽ നടന്നു. ഡിസ്ട്രിക്ട് പാസ്റ്റർ തോമസ് എം പുളവേലിൽ അദ്ധ്യക്ഷത വഹിച്ചു. തെക്കൻ മേഖല ഡയറക്ടർ പാസ്റ്റർ എം. ജോൺസൻ ദൈവവചനം ശുശ്രൂഷിച്ചു.


www.dofic.net
DIRECTORY OF INDIAN CHRISTIANS
TOUCH THE WORLD THROUGH THE DOFIC
e-mail: doficja@gmail.com
mob: 9656408750, 9656408744

# കള്ളപ്പണ അന്വേഷണം: തുടങ്ങിയേടത്തു തന്നെ

കുളത്തൂപ്പുഴ ഷിബു, MA, BD

**ഈ രാജ്യത്ത് എന്താണ് നടക്കുന്നതെന്ന് സുപ്രീം കോടതി, തെളിവുണ്ടായിട്ടും പലരേയും പിടികൂടുന്നില്ലെന്നും കോടതി**

**കേസിപ്പോഴും** തുടങ്ങിയേടത്തു തന്നെ. ഇല്ലത്തു നിന്നു പുറപ്പെടുകയും ചെയ്തു; അമ്മാത്ത് ഒട്ട് എത്തിയതുമില്ല. അതങ്ങനെ ആകാനേ വഴിയുള്ളൂ. കാരണം കേസിലെ യഥാർത്ഥ പ്രതികളാണ് കേസ് അന്വേഷിക്കുന്നത്..! കള്ളപ്പണക്കേസിൽ പൂനയിലെ വിവാദ ബിസിനസ്സുകാരനായ ഹസ്സൻ അലിഖാനെതിരെ മാത്രം അന്വേഷണം നടത്തുന്നതിൽ സുപ്രീം കോടതി കേന്ദ്ര സർക്കാരിനെ രൂക്ഷമായി വിമർശിച്ചു. രാജ്യസുരക്ഷയ്ക്കെതിരെയു ള്ള ഭീഷണി എന്ന കൂടുതൽ ഗുരുതരമായ വശം കൂടി പരിഗണിച്ചുവേണം കേസന്വേഷണം മുന്നോട്ടു കൊണ്ടുപോകേണ്ടതെന്നു ജഡ്ജിമാരായ ബി. സുദർശൻ റെഡ്ഡി, എസ്. എസ്. നിജ്ജർ എന്നിവർ പ്രസ്താവിച്ചു.

കേന്ദ്ര സർക്കാരിന്റെ പ്രതിനിധിയായി കോടതിയിൽ ഹാജരായ സോളിസിറ്റർ ജനറൽ ഗോപാൽ സുബ്രഹ്മണ്യമിനോട് കോടതി പരിഹാസത്തോടും കോപത്തോടും ചോദിച്ചു: "എന്തു നരകമാണ് ഈ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്?" ("What the hell is going on in this country?") ഭട്ടിന്റെ ഭാഷയിലാക്കിയാൽ, പണ്ടാരമടങ്ങാൻ, എന്തു കുന്ത്രാണ്ടമാ ഇവിടെ നടക്കുന്നത്? എന്ന്. രാജ്യത്തെ ജനങ്ങൾക്കു എന്താണ് ഈ രാജ്യത്ത് നടക്കുന്നത് എന്നറിയുവാൻ അവകാശമുണ്ട്. ഇപ്പോഴത്തെ സർക്കാർ നിലപാട് കണ്ടിട്ട് നിശബ്ദമായിരിക്കാൻ കോടതിക്കു കഴിയില്ല. കൂടുതൽ വിവരമൊന്നും സർക്കാരിൽ നിന്നും ലഭിക്കുന്നില്ല. അന്വേഷണം മുഴുവനും ഹസ്സൻ അലിഖാൻ എന്ന ഒരൊറ്റ വ്യക്തിയിൽ മാത്രം കേന്ദ്രീകരിച്ചാണ്. മറ്റുള്ളവരെപ്പറ്റി ഒരു വിവരവും ഇല്ലെന്നോ? കള്ളപ്പണം സംബന്ധിച്ച ഒരോ കേസിലെയും അന്വേഷണത്തിൽ എന്തു പുരോഗതി ഉണ്ടായെന്നാണ് അറിയേണ്ടത്. കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടി ലെ അധികാര ദല്ലാളിന്റെ പേരു കണ്ടു അമ്പരപ്പു പ്രകടിപ്പിച്ച ജഡ്ജിമാർ ഇനി സ്വസ്ഥമായിരിക്കാൻ തങ്ങൾക്കാവില്ലെന്നു പറഞ്ഞു.

അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥരുടെ ജീവനു ഭീഷണിയുള്ള കാര്യം ഗോപാൽ സുബ്രഹ്മണ്യം കോടതിയെ അറിയിച്ചു.

സ്പെക്ട്രം കേസ് നോക്കുക: 2004 ൽ കേവലം ഒരു ലക്ഷം രൂപ ആസ്തിയുണ്ടായിരുന്ന സാദിക്ക് ബാഷയ്ക്കു 2010 ൽ 600 കോടി രൂപ ആസ്തിയായി. ഇതിനു പറ്റിയ വളക്കൂറുള്ള സാമ്പത്തിക നയമാണല്ലോ രാജ്യത്തുള്ളത്. എ. രാജയുടെ സുഹൃത്തായതിനു ശേഷമാണ് ഈ വളർച്ച. സത്യം പുറത്താകുമെന്നും കൂടുതൽ പേർ കുടുങ്ങുമെന്നായപ്പോൾ ബാഷ യ്ക്കു ജീവൻ നഷ്ടമായി. സമാന സാഹചര്യത്തിലാണ് ഹസ്സൻ അലിയും. 800 കോടി ഡോളർ നിക്ഷേപമുള്ള ഇയാൾ 50,000 കോടി രൂപയുടെ നികുതി അടയ്ക്കാനുണ്ട്. ചെറിയ കുറ്റങ്ങൾ ചെയ്യുന്ന സാധാരണക്കാരെ വെടിവച്ചു കൊന്ന സംഭവം പോലുമുണ്ടായിട്ടുള്ള ഈ നാട്ടിൽ വൻതോക്കുകൾ സ്വതന്ത്രരായി കഴിയുന്നു. അവർക്കെതിരെ ഒരു നടപടിയുമില്ല. കോടതി വിമർശനത്തെത്തുടർന്നാണ്ഹസ്സനെത്തന്നെ അറസ്റ്റു ചെയ്തത്. കള്ളപ്പണക്കാരുടെ പേരുകൾ വെളിപ്പെടുത്താത്തത് എന്തു കൊണ്ടെന്നാണ് അറിയേണ്ടത്. പ്രത്യേകാവകാശത്തിന്റെ മറവിൽ സർക്കാർ ഒഴിഞ്ഞു മാറുകയാണ്. **രാഷ്ട്രീയ പ്രമുഖരുടെ പേരുകളുള്ളതിനാലാണ് ലിസ്റ്റ് വെളിപ്പെടുത്താത്തത് എന്ന് പൊതുജനം സംശയിക്കുന്നു.** 2006 ലെ സ്വിസ് ബാങ്കിംഗ് അസ്സോസിയേഷൻ റിപ്പോർട്ട് പ്രകാരം, സ്വിസ്സ് ബാങ്കുകളിൽ വിവിധ രാജ്യക്കാരിൽ നിന്നുമുള്ള നിക്ഷേപം ഡോളറിൽ: ഇന്ത്യ 1, 456 ബില്യൺ, റഷ്യ 470 ബില്യൺ, യു. കെ. 300 ബില്യൺ, ഉക്രെയിൻ 100 ബില്യൺ, ചൈന 96 ബില്യൺ എന്നിങ്ങനെയാണ്. വിദേശ ബാങ്കുകളിലെ രഹസ്യനിക്ഷേപങ്ങൾ എത്രമാത്രമുണ്ടെന്നതിനെക്കുറിച്ചു കേന്ദ്ര സർക്കാരിന് ഒരറിവുമില്ലെന്ന നിലപാട് ആരെയും അതിശയിപ്പിക്കുന്നതാണ്. നമ്മുടെ സമൂഹത്തിലെ ചില അത്മീയ നേതാക്കളും വിശ്വാസികളും ഇതിൽ നിന്നും ഒട്ടും വിഭിന്നരല്ല. ജസ്റ്റീസ് (?) കെ.ജി. ബാലകൃഷ്ണനെപ്പോലെ തങ്ങളുടെ സ്വത്തു വിവരം വെളിപ്പെടുത്താൻ കഴിയാത്തവരാണ് ഇവരിൽ പലരും. ആത്മീയ നേതാക്കന്മാരാകുന്ന സമയത്തുള്ള സ്വത്തും ഇപ്പോഴുള്ള സ്വത്തും തമ്മിലുള്ള അന്തരം ആരെയും ഞെട്ടിപ്പിക്കുന്നതാണ്. എന്താണിതിന്റെ ഉറവിടം? അണ്ണാ ഹസാരേ അഴിമതിക്കെതിരേ സമരം ചെയ്തപ്പോൾ, അതിന് പിന്തുണ പ്രഖ്യാപിക്കാൻ നമ്മുടെ സമൂഹത്തിനു കഴിയാതെ പോയതും അതു കൊണ്ടാണ്. അല്ലെങ്കിൽ നമ്മുടെ അമുൽ ബേബിയെപ്പോലെ സ്വന്തം അളിയൻ വധേര വഴി വിട്ട് സമ്പാദിക്കുമ്പോഴും "ചീഞ്ഞളിഞ്ഞ സംവിധാനം മാറ്റാൻ താൻ പരിശ്രമിക്കും" (I will try to change the rotten system) എന്ന് പ്രഖ്യാപിക്കാൻ ഉളുപ്പില്ലായ്മ വേണം. അപാര തൊലിക്കട്ടി എന്നല്ലാതെ എന്തു പറയാൻ! 2004 ൽ കേവലം രണ്ടു കോടി രൂപ ആസ്തിയുണ്ടായിരുന്ന വധേരയുടെ കമ്പനിക്ക് 2010ൽ 600 കോടി രൂപ ആസ്തിയുണ്ടായി. രാജയുടെ സുഹൃത്ത് സാദിക്ക് ബാഷയും വധേരയും തമ്മിലെന്താണ് വ്യത്യാസം? 2 കോടി രൂപയെ 6 വർഷം കൊണ്ട് 600 കോടി ആക്കുന്ന വിദ്യ നമ്മുടെ ധന മന്ത്രിമാർക്കെല്ലാം ഒന്നു പറഞ്ഞു കൊടുത്താൽ ലോകത്തെ പട്ടിണി രാജ്യങ്ങളെല്ലാം രക്ഷപെടുമായിരുന്നു. അതല്ല, രാജ്യത്തെ ജനത്തെ പട്ടിണിക്കിട്ട് അതിന്റെ വിഹിതമാണോ കുഞ്ഞളിയന്റെ ഈ വരവിന്റെ ഉറവിടം? സ്പെക്ട്രം കേസിൽ രാജയുടെ പങ്ക് ജലത്തിൽ മുങ്ങിക്കിടക്കുന്ന ഐസ്കൂനയുടെ തുമ്പ് മാത്രം വെളിയിൽ കാണുന്നതു പോലെയാണ്. യഥാർത്ഥ പ്രതികളാരാണ്?

കോമൺവെൽത്ത് ഗെയിംസ് അഴിമതിയിൽ ജയിലായ കൽമാഡി ചെറിയ തുക മാത്രമാണ് കൈകാര്യം ചെയ്തത്. വലിയ തുക കൈകാര്യം ചെയ്ത മറ്റ് ഓഫീസിനു ഇതിൽ ഒരു പങ്കുമില്ലേ? മറഞ്ഞിരിക്കുന്നത് പുരമേൽ ഘോഷിക്കും. അല്പം കാലം കഴിഞ്ഞാലും. (ലൂക്കോസ് 12: 2–3, God see the Truth; but it waits...).

വിശുദ്ധ ബൈബിളിലെ സദൃശ വാക്യങ്ങൾ (11:1) ഇങ്ങനെ വിളിച്ചു പറയുന്നു: "കള്ളത്തുലാസ് യഹോവയ്ക്കു വെറുപ്പ്; ഒത്തപടിയോ അവനു പ്രസാദം." ഐഹിക ജീവിത കാലത്തു സകല ലോകത്തിന്റെ യും രക്ഷിതാവായ യേശുക്രിസ്തു വിളിച്ചു പറഞ്ഞു : "നിങ്ങളുടെ നീതി ശാ സ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു." (മത്തായി 5:20.) "ഉണ്ണാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക. ധനികന്മാരാകാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാര നാശങ്ങളിൽ മുങ്ങിപ്പോകാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുഴന്നു ബഹു ദു:ഖങ്ങൾക്ക് അധീനരായി ത്തീർ ന്നിരിക്കുന്നു." ദൈവത്തിന്റെ മനുഷ്യരായുള്ളവർ ഈ ചിന്താഗതി വിട്ടോടണമെന്നു പൗലോസ് ആഹ്വാനം ചെയ്യുന്നു. (2 തിമെഥെയോസ് 6: 9 –11 )

യേശു കർത്താവ് ചോദിക്കുന്നു: ദൈവത്തെയും മാമ്മോനെയും നമ്മൾ എങ്ങനെ ഒരേ സമയം സേവിക്കും? (മത്തായി 6:24, ലൂക്കോസ് 16:13).

## നിത്യതയിലേക്ക്



**തിരുവല്ല:** മാങ്കുളങ്ങര മാത്യൂസ് എബ്രഹാമിന്റെ ഭാര്യയും തിരുവല്ല സിറ്റി ചർച്ച് സഭാംഗവുമായ റിട്ട; അദ്ധ്യാപിക പി.എൻ. ഏലിയാമ്മ (മോളി ടീച്ചർ-66) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രുഷ ചർച്ച് ഓഫ് ഗോഡ് സഭാ സെമിത്തേരിയിൽ ദൈവസഭ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം കുഞ്ഞപ്പി നടത്തി.ശുശ്രുഷകൾക്ക് സഭാ ശുശ്രുഷകൻ പാസ്റ്റർ ഷിബു കെ മാത്യു നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ ജോസ് ബേബി, പി.ജി മാത്യുസ്, ജെ.ജോസഫ്, പി.ജെ ജയിംസ്, കെ.സി ജോൺ എം.ഓ ഏലിയാസ്, കെ.വി ജോയിക്കുട്ടി, രാജു പുവക്കാല, തോമസ് ഫിലിപ്പ്, കെ.എ ഉമ്മൻ, റവ. പി.ഐ എബ്രഹാം, സജു പി തോമസ്, എം.എൽ.എമാരായ തോമസ് ചാണ്ടി, മാത്യു.ടി.തോമസ്, തുടങ്ങി അനേകർ ദൈവവചനം ശുശ്രുഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. മക്കൾ ബോബി മാത്യുസ് (കുവൈറ്റ്) ജോബി മാത്യുസ് (കുവൈറ്റ്). മരുമക്കൾ: റീനാ, നൈസി. കൊച്ചുമക്കൾ: ബെവിൻ, ബെറ്റിന, അലൻ, ലിയ.



**കരുനാഗപ്പള്ളി:** കരുനാഗപ്പള്ളി ചർച്ച് ഓഫ് ഗോഡ് സഭാംഗമായ പുത്തൻ വീട്ടിൽ ജിബി കോട്ടേജിൽ ബ്രദർ ഏ.ജെ ദാനിയേലിന്റെ ഭാര്യ( റിട്ട. ഹെഡ്മിസ്ട്രിസ് ) സാറാമ്മ ദാനിയേൽ(കുഞ്ഞുമോൾ 62) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രുഷ സഭാ സെമിത്തേരിയിൽ ദൈവ സഭാ ഫീൽഡ് സെക്രട്ടറി പാസ്റ്റർ ഈപ്പൻ ചെറിയാൻ നടത്തി.ഡിസ്ട്രിക്ട് പാസ്റ്റർ എം.എൽജോർജകുട്ടിയും സഭാ ശുശ്രുഷകൻ രാജു ചാർളിയും ശുശ്രുഷകൾക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ ജെ.ജോസഫ്, ജോസ് ബേബി, എം ജോൺ, ഷിബു കെ മാത്യു, സാമച്ചൻ, വി.ജെ വർഗിസ്, ജോബി വർഗിസ്, സാം.റ്റി.ബേബി, എൻ.സി ചാക്കോ, സജു പി തോമസ്, ബ്രദർ സി.ജി.സാംകുട്ടി,സിസ്റ്റർ അന്നമ്മ കുഞ്ഞപ്പി തുടങ്ങി അനേകർ ദൈവവചനം ശുശ്രുഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. ഭർത്താവ് ഏ.ജെ ദാനിയേൽ കരുനാഗപ്പള്ളി ഡിസ്ട്രിക്ട് സെക്രട്ടറിയും ദൈവസഭാ മുൻ സ്റ്റേറ്റ് ബോർഡ് അംഗവുമാണ്. മക്കൾ: സിബി(കുവൈറ്റ്) പാസ്റ്റർ ജോൺ ദാനിയേൽ(ചർച്ച് ഓഫ് ഗോഡ്, മണ്ണൂർകോണം) ഫെബി (യെമൻ). മരുമക്കൾ: ജിമോൻ (കുവൈറ്റ്) സൗമ്യ, ജിബു(യെമൻ).കൊച്ചുമക്കൾ: ജോയൽ, ജെറിൻ, ജോയൽ.

**മാനന്തവാടി:** കുഴിനിലം പുതിയ മഠത്തിൽ പി.ഐ ജേക്കബ്(58) (റിട്ട:ഡെപ്യൂട്ടി ഡയറക്ടർ) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രൂഷ തവിഞ്ഞാൽ ചർച്ച് ഓഫ് ഗോഡ് സഭാ സെമിത്തേരിയിൽ ഡിസ്ട്രിക്ട് പാസ്റ്റർ സജു.സി.കോയിക്കലേത്ത് നടത്തി.ഭവനത്തിൽ ശുശ്രുഷകൾക്ക് സഭാ ശുശ്രൂഷകൻ പാസ്റ്റർ ജോബി ഇ.ടി നേതൃത്വം കൊടുത്തു.ഭാര്യ; നിലമ്പൂർ പൊൻവേലിൽ കുടുംബാഗം ഏലിക്കുട്ടി. മക്കൾ:അനൂപ്(ബാംഗ്ലൂർ) അഞ്ചു (അൽശിഫ ഹോസ്പിറ്റൽ പെരിന്തൽമണ്ണ). മരുമകൾ: വിജി (ബാംഗ്ലൂർ)

**പന്തളം:** കുന്നിക്കുഴി ദൈവസഭാംഗമായ കുമ്പിലേത്ത് കെ.ജി ബേബി(76) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രൂഷ സഭാ സെമിത്തേരിയിൽ ദൈവസഭ നാഷണൽ റെപ്രസന്റിവ് പാസ്റ്റർ കെ.സി ജോൺ നടത്തി.ശുശ്രൂഷകൾക്ക് സഭാ ശുശ്രൂഷകൻ പാസ്റ്റർ പി.ജെ ജേക്കബ് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ പി.ജെ ജയിംസ്, കെ.വി ജോയിക്കുട്ടി, ജോസ് ബേബി, ഷിബു കെ മാത്യു, തോമസ് മാത്യു, വൈ.ജോസ്, പി.ജി സാമുവേൽ തുടങ്ങി അനേക ദൈവദാസന്മാർ ദൈവവചനം ശുശ്രുഷിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. ഭാര്യ;കുഞ്ഞമ്മ മക്കൾ: രാജു, ജോസ്, ജെയിംസ്, ജെസി, മരുമക്കൾ: ആനി, ജോയമ്മ, സുനി, ഷാജി, കൊച്ചുമക്കൾ; പിങ്കി, ജെഫി, ജസ്വിൻ, ജോയൽ, പ്രെയ്സി, പ്രെറ്റി, പ്രീതി, ക്രിസ്റ്റൽ, റൂബി.



**മേപ്രാൽ:** ഐ.പി.സി ഹെബ്രോൻ സഭാംഗമായ മുണ്ടകത്തിൽ കൃപാ ഭവനത്തിൽ എം.എം.മാത്യു(62) നിത്യതയിൽ പ്രവേശിച്ചു സംസ്കാര ശുശ്രുഷ സഭാ സെമിത്തേരിയിൽ പാസ്റ്റർ കെ.സി. ശാമുവേൽ നടത്തി. പാസ്റ്റർമാരായ രാജു പൂവക്കാല, ഷിബു കെ മാത്യു തുടങ്ങി അനേക കർത്തൃ ദാസന്മാർ അനുശോചനം അറിയിക്കുകയും ദൈവവചനം ശുശ്രുഷിക്കുകയും ചെയ്തു. ഭാര്യ; സൂസമ്മ മാത്യു മക്കൾ: ജോമോൻ മാത്യു, ജയൻ മാത്യു, മരുമക്കൾ: സ്മിതാ ജോമോൻ, ജോളി ജയൻ. കൊച്ചു മക്കൾ: ബെനിറ്റോ, ജെയ്സ്.





**ഏഴംകുളം:** പുനലൂർ വയലിൽ പരേതനായ എൻ.എം ചാക്കോയുടെ ഭാര്യ ചിന്നമ്മ(86) നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാര ശുശ്രുഷ ഏഴംകുളം ചർച്ച് ഓഫ് ഗോഡ് സഭ സെമിത്തേരിയിൽ ദൈവസഭ അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി.ജി. മാത്യൂസ് നടത്തി. പാസ്റ്റർ റ്റി.സി ചെറിയാൻ ശുശ്രുഷകൾക്ക് നേതൃത്വം കൊടുത്തു. പാസ്റ്റർമാരായ കെ.എം. ബേബി, ജോസ് ബേബി, ഷിബു കെ. മാത്യു, എം.എ. ജോൺ, സജി ജോർജ്ജ്, സി.ജെ. വർഗ്ഗീസ് തുടങ്ങി അനേക കർത്തൃ ദാസന്മാർ അനുശോചനം അറിയിക്കുകയും ദൈവവചനം ശുശ്രുഷിക്കുകയും ചെയ്തു. മക്കൾ: ഡോ. ഏഴംകുളം സാംകുട്ടി (യു.എസ്.എ) ലീലാമ്മ, സാലിയാമ്മ. മരുമക്കൾ: എ. എബ്രഹാം, ഡോ. പുഷ്പ, സോമൻ ചേന്നങ്കര (യു.എസ്.എ)

## ഡിസ്ട്രിക് യോഗം

**തൊടുപുഴ:** ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ തൊടുപുഴ ഡിസ്ട്രിക്ടിന്റെ പൊതുയോഗം ഡിസ്ട്രിക്ട് പാസ്റ്റർ വി.എ തോമസുക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ നടന്നു. 2011–2012 വർഷത്തേക്കുള്ള പ്രവർത്തനങ്ങളേക്കുറിച്ച് തീരുമാനിക്കുകയും ഡിസ്ട്രിക്ട് പാസ്റ്റർ അദ്ധ്യക്ഷനായി വിവിധ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

**യുഗാന്ത്യസന്ദേശത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം എഴുത്തുകാർക്ക് മാത്രമുള്ളതായിരിക്കും.**

## കുടുംബ സംഗമം

**കൊല്ലം:** ചർച്ച് ഓഫ് ഗോഡ് കൊല്ലം ഡിസ്ട്രിക്റ്റ് ശുശ്രുഷകന്മാരുടെയും കുടുംബത്തിന്റെയും ഉപവാസ പ്രാർത്ഥന കൊല്ലം സഭയിൽ പാസ്റ്റർ സജി ജോർജിന്റെ അദ്ധ്യക്ഷതയിൽ നടന്നു.പാസ്റ്റർ ജോബി വർഗീസ് തുവയൂർ ദൈവവചനം ശുശ്രുഷിച്ചു.

## വിദ്യാഭ്യാസ സഹായം വിതരണം

**മാനന്തവാടി:** ചർച്ച് ഓഫ് ഗോഡ് വയനാട് ഡിസ്ട്രിക്റ്റിൽ ഉള്ള 37 കുഞ്ഞുങ്ങൾക്ക് റവ. മോനി മാത്യു(യു.എസ്.എ) സ്പോൺസർ ചെയ്ത വിദ്യഭ്യാസ സഹായവും വൈ.പി .ഇ സ്കൂൽ കിറ്റും ഡിസ്ട്രിക്ട് പാസ്റ്റർ സജു സി കോയിക്കലേത്ത് വിതരണം ചെയ്തു.

## ആത്മാക്കളുടെ നിഗൂഢതകളിലേക്ക്

സാത്താൻ സഭയുടെ അകത്തളങ്ങളിലേക്ക് യുഗാന്ത്യ സന്ദേശം നടത്തിയ അന്വേഷണ പരമ്പരക്ക് ക്രൈസ്തവ കൈരളി നൽകിയ മികച്ച സ്വീകരണത്തെ തുടർന്ന് വായനക്കാരുടെ അഭ്യർത്ഥനയെ മാനിച്ച് കൊണ്ട് പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ എഴുതുന്ന പുതിയ അന്വേഷണ പരമ്പര അടുത്ത ലക്കം മുതൽ. **ആത്മാക്കളുടെ നിഗൂഢതകളിലേക്ക്.** മരിച്ചു പോയവരുടെ ആത്മാക്കളെ വിളിച്ചു വരുത്തി സംസാരിക്കുന്ന പുത്തൻ തലമുറയുടെ നവീന പ്രവണതകളിലേക്ക് ഒരന്വേഷണം.ഓജോ ബോർഡ് എന്ന പ്രേതാത്മാക്കളോട് സംസാരിക്കുന്ന മാധ്യമത്തേ പറ്റി ഞെട്ടിപ്പിക്കുന്ന രഹസ്യങ്ങക്കായ് കാത്തിരിക്കുക.

## തെരഞ്ഞെടുത്തു



**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് തിരുവല്ല ഡിസ്ട്രിക്ട് ട്രഷറായി ബ്രദർ മോൻസി മാങ്കുളങ്ങരയെ തെരഞ്ഞെടുത്തു. ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയം സഭാ സെക്രട്ടറിയും, പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നാഷണൽ ട്രഷറാറുമാണ്.

## അഖിലേന്ത്യ ജനറൽ ബോഡി



*പാസ്റ്റർ തോമസ്.എം. പുളിവേലി, പാസ്റ്റർ.സി.എസ്സ് ഈശോ*

**കോയമ്പത്തൂർ:**ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ അഖിലേന്ത്യ ജനറൽ ബോഡി കോയമ്പത്തൂർ ചർച്ച് ഓഫ് ഗോഡ് സെന്ററിൽ വച്ച് നടന്നു. ഗവേണിംഗ് ബോഡിയിലേക്ക് കേരളത്തിൽ നിന്നും പാസ്റ്റർ തോമസ്.എം. പുളിവേലിയും, പാസ്റ്റർ.സി.എസ്സ് ഈശോയും തെരഞ്ഞെടുക്കപ്പെട്ടു.നാഷണൽ ചെയർമാൻ പാസ്റ്റർ ജ്യോതികുമാർ(ആന്ധ്രാപ്രദേശ്) ജനറൽ സെക്രട്ടറിയായി പാസ്റ്റർ.ജ്ഞാനദാസ്(തമിഴനാട്) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

# വിവാഹപൂർവ്വ കൗൺസിലിംഗ് ആവശ്യം

5-ാം പേജ് തുടർച്ച

അതിൽ നിന്ന് പിൻതിരിപ്പിക്കാതെ വിവാഹത്തിന് പ്രലോഭിക്കരുത്.

50% ശതമാനത്തിൽ അധികം യുവതിയുവാക്കൾ ഇന്ന് മാരകമായ മയക്കു മരുന്നുകൾക്ക് അടിമയാണ്. ബ്രൗൺഷുഗർ, മരിജുവാന, തമ്പാക്ക്, പാൻമസാല എന്നിവ മാത്രമല്ല, പുകവലിക്ക് ചിലർ അടിമകളാകുന്നതുപോലെയാണ് ഇന്നത്തെ മയക്കു മരുന്ന് കലർത്തിയ ചുയിംഗം ഉപയോഗിക്കുന്നതും. (എല്ലാ ചുയിംഗവും അങ്ങനെയായിരിക്കുകയില്ല). മയക്കു മരുന്ന് കുത്തിവയ്ക്കുന്ന പ്രവണതയും യുവജനങ്ങളിൽ വിരളമല്ല. പെന്തെക്കോസ്തു ഉപദേശത്തിന്റെ അടിസ്ഥാനമുള്ള വിശുദ്ധാരാധനകൾ വിട്ട് പ്രെയ്സ് & വർഷിപ്പിന്റെ പേര് പറഞ്ഞ് എറണാകുളം, കോട്ടയം, തിരുവല്ല, തിരുവനന്തപുരം, ബാഗ്ളൂർ, മദ്രാസ്, ബോംബെ മുതലായ പട്ടണങ്ങളിൽ നടന്നുവരുന്ന യുവജനങ്ങളെ സംഘടിപ്പിച്ചുള്ള കൂട്ടങ്ങളിൽ അതിന് നേതൃത്വം കൊടുക്കുന്നവർ തിരുമേശയുടെ വീഞ്ഞിൽ മയക്കു മരുന്ന് കലർത്തി കൊടുത്ത് യുവജനങ്ങൾക്ക് പ്രത്യേക ഒരു അനുഭവം തിരുമേശയിൽ കൂടി വരുത്തി അവരെ അതിന് അടിമകളാക്കി തങ്ങളുടെ കൂട്ടം വിശാലമാക്കി ബിസിനസ്സാക്കി മാറ്റിയിരിക്കുന്നു. മാതാപിതാക്കൾ സൂക്ഷിക്കുക. അങ്ങനെയുള്ള കൂട്ടങ്ങളിൽ നിന്ന് ദൂരവ്യാപകമായ ഭവിഷ്യത്താണ് നിങ്ങളുടെ മക്കളിൽ മാതാപിതാക്കൾ കാണേണ്ടി വരുക. 50നും 75നും ഇടയ്ക്ക് (ശതമാനം) 17 വയസ്സിനുമുകളിൽ ഉള്ള യുവതികൾ ഗർഭധാരണം നടത്തിയിട്ടുള്ളവരും, അബോർഷൻ നടത്തിയിട്ടുള്ളവരുമാണെന്ന് സെക്യുലർ മാസികളും ടി.വി. ചാനലുകളും റിപ്പോർട്ടുകളിൽ വ്യക്തമാക്കുന്നു. ഗർഭനിരോധന മാർഗ്ഗങ്ങളിൽ കൂടി ഇന്ന് 80% യുവതി യുവാക്കൾ അവിഹിത ബന്ധം പുലർത്തിയവരാണ്. വിവാഹ പൂർവ്വ കൗൺസിലിംഗിൽ കൂടി വളരെ കാര്യങ്ങൾ ബോധവത്ക്കരിക്കാം. വിദേശത്ത് നടന്ന ഒരു വിവാഹത്തിന് ചില ദിവസങ്ങൾക്കു മുമ്പ് നിയുക്ത വധുവിനെ തന്റെ മാതാപിതാവിനോടൊപ്പം ഇരുത്തി കുടുംബജീവിതത്തിന്റെ ആഴങ്ങളെക്കുറിച്ചും ഭവനത്തിൽ കയറി ചെല്ലുന്ന മകൾ എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ചും ഒരു മണിക്കൂർ ബോധവത്ക്കരണ ക്ലാസ്സെടുത്തപ്പോൾ നിയുക്തവധു തന്റെ അമ്മയോടു പറഞ്ഞത് ഇങ്ങനെയാണ്. വിവാഹത്തെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചും ഉള്ള എന്റെ ആശങ്കകൾ മാറി. ഭയം മാറി ഞാൻ എല്ലാറ്റിനും ശക്തയാണ്, മതിയായവളാണ് എന്ന് എനിക്ക് ബോദ്ധ്യം വന്നിരിക്കുന്നു എന്നാണ്. എത്ര നല്ല ഒരു വെളിപ്പെടുത്തലാണ് ഇത്. പ്രസവിക്കുവാൻ താല്പര്യമില്ലാത്ത യുവതികൾ വർദ്ധിച്ചു വരുന്നു. ഒരു കൗൺസിലിംഗിൽ കൂടി അങ്ങനെയുള്ളവരെ ബോധവത്ക്കരിച്ച് അവരുടെ തെറ്റായ ധാരണകൾ മാറ്റിയ ശേഷമേ വിവാഹത്തിനു വേണ്ടി അവരെ ഒരുക്കാവുള്ളൂ. 23, 24 വയസ്സാകുമ്പോൾ മകളെയും മകനെയും കല്യാണം കഴിപ്പിച്ച് അയയ്ക്കുവാനുള്ള ധൃതി അതിനു പത്രത്തിൽ പരസ്യം നല്കുന്നു, മാര്യേജ് ബ്യൂറോയിൽ രജിസ്റ്റർ ചെയ്യുന്നു. ഇന്റർനെറ്റിൽ ഇടുന്നു. എല്ലാം നല്ലത്. എന്നാൽ നിങ്ങളുടെ മകൾ/മകൻ യാത്ര ചെയ്ത മേഖലകൾ, മറ്റ് അരുതാത്തതും വിട്ടുപിരിയുവാനാവാത്തതുമായ ബന്ധങ്ങൾ, മദ്യത്തിനോ മയക്കു മരുന്നിനോ, മറ്റ് പാപങ്ങൾക്കോ നിങ്ങളുടെ മകൾ/മകൻ അടിമയാണോ, മറ്റ് ഏതെങ്കിലും രഹസ്യ ബന്ധങ്ങൾ വച്ചു പുലർത്തുന്നുണ്ടോ? തുടങ്ങിയ അനേക കാര്യങ്ങളെക്കുറിച്ച് മാതാപിതാക്കൾ അറിയണം. ഒരു കൗൺസിലിംഗിൽ കൂടി ഒട്ടനവധി കാര്യങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ മകൻ അമ്മയുടെ നിയന്ത്രണത്തിൽ അമ്മയ്ക്ക് അടിമയായി ജീവിച്ച ഒരു പരിചയമാണെങ്കിൽ വിവാഹം കഴിഞ്ഞ് അവൻ തന്റെ ഭാര്യയോടു വിധേയത്വവും സ്നേഹവും അവളെ ഉൾക്കൊള്ളുവാൻ മനസ്സും ഉള്ളവനാകണം. അനേക നവകുടുംബങ്ങളെ തകർത്ത കാര്യമാണ് ഇപ്പോൾ വെളിപ്പെടുത്തിയിരിക്കുന്നത്. ഇന്ന് യുവജനങ്ങളിൽ നിലനില്ക്കുന്ന അനേക തെറ്റിദ്ധാരണകൾ, അബദ്ധ ചിന്തകൾ, പലതിനും അവർ പാകപ്പെടാതിരിക്കുന്ന അവസ്ഥകൾ ഇത്തരം കാര്യങ്ങൾ എല്ലാം ഒരു കൗൺസിലിംഗിൽ കൂടി തിരുത്തിയെടുക്കുവാൻ കഴിയും.

## മാതാപിതാക്കളുടെ ശ്രദ്ധയ്ക്ക്

### നമ്മുടെ മക്കളെക്കുറിച്ച് ഒരു അവലോകനം

**ലോ**കത്തിന്റെ മദ്ധ്യമേഖലയായ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മാതാപിതാക്കൾ ഒരു പരിധിവരെ മാത്രമേ തങ്ങളുടെ മക്കളെ കൂടെ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകുന്നുള്ളൂ. കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് അധികം ആശ്രയിക്കുന്നത് യു.കെ., ഓസ്ട്രേലിയ, ഇൻഡ്യ മുതലായ രാജ്യങ്ങളെയാണ്. മക്കളുടെ കൈവശം ആവശ്യത്തിൽ കവിഞ്ഞ് പണം കൊടുക്കുന്നതും ആപത്താണ്. ഹോസ്റ്റൽ ഫീസ്, മെസ് ഫീസ്, ട്യൂഷൻ ഫീസ് എന്നിവ ഒരു വർഷത്തേക്കുള്ളത് കണക്കാക്കി കോളേജിന്റെ ഉത്തരവാദിത്വപ്പെട്ടവരെ ഏല്പിച്ചു കഴിഞ്ഞാൽ മക്കൾക്ക് മറ്റാവശ്യങ്ങൾക്കു വേണ്ടി അൽപം പോക്കറ്റ് മണിയുടെ ആവശ്യമേ ഉള്ളൂ. ഇത് മനസ്സിലാക്കാതെ ആവശ്യപ്പെടുമ്പോഴെല്ലാം പണം മക്കളെ പ്രീതിപ്പെടുത്തുവാൻ അയച്ചു കൊടുക്കുന്ന മാതാപിതാക്കൾ പിന്നത്തേതിൽ ദുഃഖിക്കേണ്ടിവരുന്നു. താമസിക്കുന്ന കോളേജിന്റെ ഹോസ്റ്റൽ വൃത്തിയുള്ളതും ഭക്ഷണം മെച്ചമായതും നല്ല അക്കോമഡേഷൻ സൗകര്യമുള്ളവരുമായിരിക്കെ പഠിത്തത്തിന് ഏകാഗ്രത കിട്ടുന്നില്ല എന്ന കാരണം പറഞ്ഞ് പുറത്ത് വീടെടുത്ത് താമസിക്കുവാൻ മാതാപിതാക്കളെ ബോധവത്ക്കരിക്കുന്ന മക്കളുണ്ട്. തന്റെ കൂടെ ഹോസ്റ്റലിൽ താമസിച്ചുകൊണ്ടിരുന്ന ബഹുഭൂരിപക്ഷം സഹപാഠികളും പുറത്ത് വീടെടുത്ത് താമസിക്കുവാൻ പോയി എന്നു പറഞ്ഞ് മദ്രാസിലെ പ്രശസ്തമായ ഒരു കോളേജിൽ എൻജിനീയറിംഗിനു പഠിക്കുന്ന ദൈവസഭയിലെ ഒരു മകളോട് ചോദിച്ച ചോദ്യങ്ങൾക്ക് നേരിട്ടു കിട്ടിയ ഉത്തരം താഴെ ചേർക്കുന്നു. ദുബായിൽ ഒരു ഭവനത്തിൽ വച്ചാണ് ഈ മകളെ കണ്ടുമുട്ടുന്നത്. മാതാപിതാക്കളോടും മകളോടും സ്വാതന്ത്ര്യമായി ഇടപെടുവാൻ കഴിയത്തക്ക ബന്ധമുള്ള ഒരു ഭവനമാണത്.

മോൾ ഇതെത്രാമത്തെ വർഷമാണ് പഠിക്കുന്നത് ? ആ കുട്ടി പറഞ്ഞു മൂന്നാം വർഷമാണെന്ന്. ഒരു വർഷം കൂടെ പഠിക്കുമ്പോൾ പഠനം പൂർത്തിയാകും.

കോളേജിലെ പൊതുവെയുള്ള അന്തരീക്ഷം എങ്ങനെയുണ്ട് എന്ന് വീണ്ടും ചോദിച്ചു. കുട്ടി പറഞ്ഞു. നല്ല ഹോസ്റ്റലാണ്. സെക്യൂരിറ്റി ശക്തം. നല്ല ഭക്ഷണം, വിസിറ്റിംഗിന് പുരുഷന്മാരെ അനുവദിക്കുകയില്ല. പ്രത്യേക അനുവാദം വാങ്ങിയാൽ മമ്മിക്ക് എന്റെ കൂടെ ഒരു ദിവസം താമസിക്കാം. ഡാഡിക്കു പ്രവേശിക്കുവാൻ അനുവാദമില്ല. ഡാഡിക്കു എന്നെ കാണണമെങ്കിൽ ക്യാംപസിന്റെ മറ്റൊരു ഭാഗത്ത് വിസിറ്റിംങ്ങ് ലോഞ്ചിൽ പ്രത്യേക അനുവാദം വാങ്ങി അവിടെ വെയ്റ്റ് ചെയ്യാം. അങ്ങനെ എന്നെ കണ്ട് സംസാരിക്കാനുള്ള അനുവാദം ഉണ്ട്. അവിടെ സെക്യൂരിറ്റിയും ഉണ്ടായിരിക്കും. ബന്ധങ്ങൾ പറഞ്ഞും മറ്റും ആർക്കും കാണുവാൻ സാധിക്കുകയില്ല.

പഠിക്കുവാനുള്ള സാഹചര്യം എങ്ങനെയാണ് ?

പഠിക്കേണ്ടവർക്ക് സ്വസ്ഥമായിരുന്നു പഠിക്കുവാനുള്ള സൗകര്യമുണ്ട്. അച്ചടക്കം നിർബന്ധമാണ്. തോന്നുമ്പോൾ പുറത്തുപോകുവാനും കയറി വരുവാനും സാധിക്കുകയില്ല. ആവശ്യം എന്താണെന്ന് മുൻകൂട്ടി പറഞ്ഞ് അനുവാദം വാങ്ങി നിശ്ചിത സമയത്തിനുള്ളിൽ മടങ്ങി വരണം. ക്യാംപസിൽ തന്നെ എല്ലാ സൗകര്യങ്ങളും ഉള്ളതു കൊണ്ട് പുറത്തു പോകേണ്ട ആവശ്യവും വിരളമാണ്.

ഈ നിയമങ്ങൾ പാലിച്ച് എല്ലാവരും അവിടെ താമസിച്ച് പഠിക്കാറുണ്ടോ?

ആദ്യത്തെ ഒരു വർഷം കുഴപ്പമില്ല. അധികം പേരും രണ്ടാം വർഷം മുതൽ പല കാരണങ്ങൾ പറഞ്ഞ് പുറത്ത് വീടെടുത്ത് താമസിക്കുന്നു. അതിനുള്ള പണം മാതാപിതാക്കൾ നൽകും. ഇങ്ങനെ ലഭിക്കുന്ന സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തി പഠന മണ്ഡലത്തിൽ നിന്നും പോകുന്ന അധികം പേരും പരീക്ഷയിൽ തോൽക്കുന്നതായി കാണാൻ കഴിയും. എന്നാൽ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന അധികം പേരും നല്ല മാർക്കോടെ പാസ്സാകുന്നു.

സഹപാഠികളെക്കുറിച്ചുള്ള അഭിപ്രായമെന്താണ്?

ആൺ പെൺ വ്യത്യാസമില്ലാതെ കൂട്ടം കൂടി നടന്ന് അഴിഞ്ഞാട്ടം നടത്തുകയാണ് അനേകരും. പാതിരാത്രി വരെയും താമസിക്കുന്ന സ്ഥലങ്ങളിൽ കൂട്ടം കൂടി ശബ്ദകോലാഹലങ്ങളുണ്ടാക്കി സമയം കളയുന്നു. കൂറെപ്പേർ പാർക്കുകളിലും ബീച്ചുകളിലും റെസ്റ്റോറന്റുകളിലും കറങ്ങി പാവനമായി കാത്തു സൂക്ഷിക്കേണ്ട മൂല്യങ്ങളെ കാറ്റിൽ പറത്തി മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമപ്പെട്ട് അനാശാസ്യ ബന്ധങ്ങളിൽ കൂടി ജീവിതം ഹോമിക്കുകയാണ് ചെയ്യുന്നത്.

ഇങ്ങനെയുള്ള കുട്ടികളെ സംബന്ധിച്ചു കോളേജ് അധികാരികൾക്ക് ഉത്തരവാദിത്വമില്ലേ?

കോളേജ് ക്യാംപസിനുള്ളിൽ മാത്രമേ ഉത്തരവാദിത്വമുള്ളൂ. ക്യാംപസ് വിട്ടു കഴിഞ്ഞാൽ അവരവർക്ക് ബോധിച്ചതു പോലെ ജീവിക്കാം. പണക്കാരുടെ മക്കളാണ് അധികവും ഇങ്ങനെ നശിച്ചു കൊണ്ടിരിക്കുന്നത്. മാതാപിതാക്കൾ ഇതറിയുന്നില്ല. ഇവരെക്കുറിച്ച് അന്വേഷിക്കുവാൻ കൂടി മാതാപിതാക്കൾ വരാറില്ല. യാതൊന്നും പഠിക്കാത്ത ഇവർ പരീക്ഷാ ദിവസങ്ങളിൽ അസുഖമാണ്, പനിയാണ്, തലവേദനയാണ് എന്നൊക്കെ മാതാപിതാക്കളോട് വിളിച്ചു പറഞ്ഞ് രക്ഷപ്പെടും. കോളേജിൽ പഠിക്കുന്ന ആണും പെണ്ണും അധികവും ഇങ്ങനെയാണ്. ആദ്യത്തെ പരീക്ഷയിൽ പാസ്സാകുന്നതും 25% പേർ മാത്രമാണ്. ഏറെപ്പേർ തോറ്റ വിഷയങ്ങൾ പലപ്രാവശ്യം എഴുതിയാണ് പാസ്സാകുന്നത്. കുറെയധികം പേരുടെ ഭാവി കോളേജ് ക്യാംപസിൽ അവസാനിക്കുന്നതായാണ് കണ്ടുവരുന്നത്. പെന്തെക്കോസ്ത് വിഭാഗത്തിൽപ്പെട്ട കുട്ടികളും ഒരു സമയം കഴിയുമ്പോൾ തെറ്റിപ്പോകുന്നതായി കാണാം.

ഇതിനെന്താണ് ഒരു പരിഹാരം നിർദ്ദേശിക്കുവാനുള്ളത്?

ഒരു പരിഹാരമേയുള്ളൂ. കോളേജിലെ നിയമങ്ങൾ പാലിച്ച് കോളേജ് ക്യാംപസിലെ ഹോസ്റ്റലിൽ മാത്രം താമസിച്ച് അവിടുത്തെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വിട്ടുപിരിയാൻ കഴിയാത്ത ബന്ധങ്ങൾ ആരുമായും സൃഷ്ടിക്കാതെ അച്ചടക്കത്തോട് പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ദൈവഭയത്തോടെ മുമ്പോട്ടു പോയാൽ മറ്റാരെക്കാളും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയം ഘോഷിക്കാം. അതല്ലെങ്കിൽ മാതാപിതാക്കളോടൊപ്പം പുറത്തു വീടെടുത്ത് താമസിച്ച് പഠിച്ച് പരീക്ഷയിൽ വിജയിക്കാം. ഈ രണ്ടു നിലയിൽ അല്ലാത്ത 20% പേരും നാശത്തിലേക്കു പൊയ്ക്കൊണ്ടിരിക്കുകയാണ് എന്നതിൽ തർക്കമില്ല. അഭിമുഖം തന്ന ഈ കൊച്ചു സഹോദരിയുടെ പേരും മദ്രാസിലെ കോളേജിന്റെ പേരും വെളിപ്പെടുത്തരുതെന്ന് നിഷ്ക്കർഷിച്ചതിനാൽ വെളിപ്പെടുത്തുന്നില്ല. ബാക്കി കാര്യങ്ങൾ പഠനത്തിനു മക്കളെ വിട്ട മാതാപിതാക്കൾ തീരുമാനിക്കട്ടെ.

ഈ യാഥാർത്ഥ്യം ശ്രദ്ധയോടെ വായിച്ച മാതാപിതാക്കളോട് ഓർപ്പിക്കുന്നു. നിങ്ങളുടെ അരുമ സന്താനം നിങ്ങളെ വിട്ടു ഏതു കോളേജിലാണ് പഠിക്കുന്നത് അവിടെ അവരെ ശ്രദ്ധിക്കുവാൻ ഒരു ലോക്കൽ ഗാർഡിയൻ ഉണ്ടോ? കോളേജ് ഹോസ്റ്റലിൽ ആണോ അവർ താമസിക്കുന്നത്? അതോ പുറത്താണോ? നിങ്ങൾക്ക് ബന്ധപ്പെട്ട ആരുടെയെങ്കിലും വീട്ടിലാണോ? അവരുടെ നിയന്ത്രണത്തിൽ നിങ്ങളുടെ കുട്ടി നിൽക്കുന്നുണ്ടോ? നിങ്ങളുടെ കുട്ടി ഏതെങ്കിലും സഭാബന്ധത്തിൽ ആരാധനയ്ക്ക് പോകുന്നുണ്ടോ? ഒരു പാസ്റ്ററുടെ കൂടെ മേൽനോട്ടം നിങ്ങളുടെ കുട്ടിയുടെ മേലുണ്ടോ? പ്രെയ്സ് & വർഷിപ്പിന്റെ മറപിടിച്ച് പക്വതയില്ലാത്ത യുവാക്കന്മാർ (വിവാഹിതരല്ലാത്തവർ) നടത്തുന്ന അഴിഞ്ഞാട്ട ഡാൻസ് നടക്കുന്നിടത്താണോ നിങ്ങളുടെ കുട്ടി ആരാധനയുടെ പേരിൽ പോകുന്നത്? ഉപദേശ വിശുദ്ധിക്കും ജീവിത വിശുദ്ധിക്കും പ്രാധാന്യം കൊടുത്ത് പത്ഥ്യോപദേശം കൊടുക്കുന്ന ഒരു ആരാധനാബന്ധം നിങ്ങളുടെ കുട്ടിയ്ക്കുണ്ടോ? ആവശ്യത്തിലധികം പണം നിങ്ങളുടെ കുട്ടിക്ക് എത്തിക്കാറുണ്ടോ? പണം ചെലവഴിക്കുന്നതെന്തിനൊക്കെയാണെന്ന് കണക്കു ചോദിക്കാറുണ്ടോ? അരുതാത്ത കൂട്ടുകെട്ടുകളിൽ കൂടി നിങ്ങളുടെ കുട്ടി വിട്ടു മാറാൻ കഴിയാത്ത ഏതെങ്കിലും ബന്ധത്തിലാണോ? നിങ്ങളുടെ കുട്ടിയുടെ കൈയിലുള്ള മൊബൈൽ ഫോണിൽ ഉപയോഗിക്കുവാൻ എത്ര സിം കാർഡ് ഉണ്ട്? അവരുടെ കൂട്ടുകാരുടെ പേരും അഡ്രസ്സും ഫോൺ നമ്പരും നിങ്ങളുടെ കൈവശമുണ്ടോ? പ്രസ്തുത കൂട്ടുകാർ എങ്ങനെ ഉള്ളവരാണ്. അവരുടെ സ്വഭാവ രീതി എന്താണ്, അനാശാസ്യ നടപടിക്ക് നിങ്ങളുടെ കുട്ടിയെ പ്രേരിപ്പിക്കുന്നവരാണോ? അവരുടെ കുടുംബ പശ്ചാത്തലമെന്താണ്? അവരുടെ മാതാപിതാക്കളുമായി നിങ്ങൾ ഒരിക്കലെങ്കിലും ബന്ധപ്പെട്ടിട്ടുണ്ടോ? അവധി സമയത്ത് സ്വദേശത്തോ വിദേശത്തോ ആയിരിക്കുന്ന നിങ്ങളോടൊപ്പം നിങ്ങളുടെ കുട്ടി ആയിരുന്നില്ലെങ്കിൽ ആ സമയത്തു ആ കുട്ടി എവിടെയാണ് താമസിച്ചത്? നിങ്ങൾക്കതിനെക്കുറിച്ച് അറിവുണ്ടോ? താമസിച്ചത് നിങ്ങളുടെ ഒരു അകന്ന ബന്ധുവിന്റെ വീട്ടിലാണോ? പണം മുടക്കിയാലും അവധി സമയത്ത് നിങ്ങളുടെ കുട്ടി നിങ്ങളോടൊപ്പം ആയിരിക്കുവാൻ എന്തുകൊണ്ട് നിങ്ങൾ നിർബന്ധിച്ചില്ല. നിങ്ങൾ നിർബന്ധിച്ചിട്ടും എന്തുകൊണ്ട് നിങ്ങളുടെ കുട്ടി വരുന്നില്ല എന്ന് പറഞ്ഞ് നിങ്ങളോടെതിർത്തു? ആ കുട്ടിയുടെ ബന്ധങ്ങളുടെ വഴി അന്വേഷിപ്പാൻ നിങ്ങൾ സമയമെടുത്തിട്ടുണ്ടോ? വർഷത്തിലൊരിക്കലെങ്കിലും നിങ്ങളുടെ കുട്ടി പഠിക്കുന്ന കോളേജിന്റെ പ്രിൻസിപ്പലിനെയോ വാർഡനെയോ മറ്റുത്തരവാദിത്വപ്പെട്ടവരെയോ കണ്ട് നിങ്ങളുടെ കുട്ടിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ? നിങ്ങളുടെ കുട്ടി പുറത്ത് താമസിക്കണം എന്നു പറഞ്ഞപ്പോഴും പരീക്ഷ സമയത്ത് അസുഖമാണെന്നു പറഞ്ഞപ്പോഴും നിജസ്ഥിതി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുവാൻ നിങ്ങൾക്ക് വിശ്വാസമുള്ള ഉത്തരവാദിത്വമുള്ള ആരെ എങ്കിലും ചുമതലപ്പെടുത്തിയോ? സഭായോഗത്തിലും മറ്റും എന്റെ കുഞ്ഞിനുവേണ്ടി പ്രാർത്ഥിക്കണമെന്നു പറഞ്ഞ നിങ്ങൾ മുകളിൽ ചോദിച്ചിരിക്കുന്ന ചോദ്യങ്ങൾക്കു ഉത്തരം നല്കുവാൻ സന്നദ്ധരാണോ?

**സ്ഥിതി വിവരക്കണക്ക്**

ഒരു സെക്കുലർ മാസികയിൽ നിന്നും ശേഖരിച്ചത് 17 വയസ്സിനു മുകളിൽ പ്രായമുള്ള 75% പെൺകുട്ടികളും അനാശാസ്യ രഹസ്യ ബന്ധത്തിൽ കന്യകാത്വം നഷ്ടപ്പെട്ടവരാണ്. 50% പെൺകുട്ടികൾ അബോർഷൻ നടത്തിയിട്ടുള്ളവരാണ്. 80% യുവാക്കന്മാരും പെൺകുട്ടികളുമായി അനാശാസ്യ ബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ഈ നിലയിൽ സെക്സിനു ഇരയായവർ ഗർഭനിരോധന വസ്തുക്കൾ ഉപയോഗിക്കുന്നവരാണ്. കഴിഞ്ഞ 10 വർഷത്തിനുള്ളിലാണ്. ഇത്രയും അഴിഞ്ഞാട്ടം നമ്മുടെ യുവതിയുവാക്കന്മാരിൽ അരങ്ങേറിയത്. വിദേശ രാജ്യങ്ങളിലും ഇൻഡ്യയിലും മെഡിക്കൽ രംഗത്തും മറ്റും ഹൈടെക് ഡിഗ്രികൾക്ക് പഠനത്തിന് നിങ്ങൾ അയച്ച നിങ്ങളുടെ അരുമസന്താനം പാവനവും വിശുദ്ധവുമായ ഒരു കുടുംബ ജീവിതത്തിന് യോഗ്യതയുള്ളവരാണോ? നിരപരാധികളായ എത്രയോ യുവാക്കന്മാർ വിവാഹബന്ധത്തിൽ കൂടി ചതിക്കപ്പെടുന്നു. നിരപരാധികളായ എത്രയോ യുവതികൾ അഴിഞ്ഞാട്ടം നടത്തി ഹോമിക്കപ്പെട്ട യുവാക്കന്മാരാൽ ചതിക്കപ്പെടുന്നു. എത്ര വിവാഹത്തിനു ഇന്ന് വിശുദ്ധ വിവാഹം എന്നു പേർ കൊടുക്കുവാൻ കഴിയും. ഇതിൽ കൂടുതൽ തുറന്നെഴുതുവാൻ എന്റെ മനസാക്ഷി എന്നെ അനുവദിക്കുന്നില്ല. ഹൃദയപൂർവ്വം നല്ല മനസാക്ഷിയോടെ ആത്മാർത്ഥമായി ശുശ്രൂഷ നടത്തി ദൈവദാസന്മാരായ ഞങ്ങൾ പ്രാർത്ഥിച്ച് അനുഗ്രഹിച്ച എത്രയോ യുവകുടുംബങ്ങൾ തകർന്നുകൊണ്ടിരിക്കുന്നു. മുകളിൽ ചോദിച്ച ചോദ്യങ്ങൾക്ക് ശുദ്ധ മനസാക്ഷിയിൽ എത്ര മാതാപിതാക്കൾക്കും അവരുടെ മക്കൾക്കും ഉത്തരം തരുവാൻ കഴിയും. മാന്യ വായനക്കാരെ നിങ്ങൾ ചിന്തിക്കുക ഉണരുക.

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446747100
E-mail : ysandhesham@saintly.com

2011 July

# YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2010-12
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP-95 / 2010-12

# യുഗാന്ത്യസന്ദേശം ചാരിറ്റി സമ്മേളന ദൃശ്യങ്ങൾ








പാസ്റ്റർ ഷിബു കെ. മാത്യു ചാരിറ്റി വിതരണോദ്ഘാടനം നിർവ്വഹിക്കുന്നു. ബ്രദർ മാത്യൂസ് ഏബ്രഹാം ഇടുക്കിയിൽ വിതരണം നടത്തുന്നു. പാസ്റ്റർ ഷാജി ഇടുക്കി സമീപം ബ്രദർ കെ.എം. ജേക്കബ് തിരുവനന്തപുരത്ത് വിതരണം നടത്തുന്നു.









ചാരിറ്റി വിതരണം : പാസ്റ്റർ റ്റി.എ. ജോർജ്ജ് തിരുവനന്തപുരത്തും, പാസ്റ്റർ മാത്യു കെ. ഫിലിപ്പ്, പാസ്റ്റർ സജു പി. തോമസ്, ബ്രദർ കെ. എം. ജേക്കബ് എന്നിവർ മലബാറിലും ചാരിറ്റി വിതരണം നടത്തുന്നു.

**സമകാലികം**

## ഒരു വിശുദ്ധ ലോക്പാൽ ബില്ല് വന്നാൽ



**പാസ്റ്റർ ക്രിസ്റ്റി പി.ജോൺ, 9048417533**

**ദി**വസം ഒരു നേരം ഭക്ഷണം........
ചായ വേണ്ട കാപ്പി വേണ്ട....
പ്രഷറില്ല ഷുഗറില്ല......................

ഇത് മനുഷ്യനൊന്നുമല്ല ഏതോ യന്ത്രമാ......! ആശയകുഴപ്പത്തിലാകേണ്ട ഇതൊരു സാധു മനുഷ്യനാ.. പേര് അണ്ണാ ഹസ്സാരെ. സൈനികനായി രാജ്യസേവനത്തിലേക്ക് പ്രവേശിച്ചു. 1965 ലെ ഇന്ത്യാ -പാക്ക് യുദ്ധത്തിൽ സ്നേഹിതരായ സഹപ്രവർത്തകർ എല്ലാം മരിച്ചു.മരണത്തിൽ നിന്നും ജീവിതത്തിലേക്കുള്ള യുദ്ധാനന്തര പ്രയാണം തന്റെ രണ്ടാം ജന്മമായിരുന്നു. പുതു ജന്മം രാഷ്ട്രത്തിനായ് സമർപ്പിച്ചു. ഇന്ന് സ്വന്തം വീട്ടിലേക്ക് പോയിട്ട് 35 വർഷം, ക്ഷേത്രത്തിൽ അന്തിയുറക്കം. നിലവിലുള്ള സമ്പാദ്യം ഒരു തലയിണയും ആഹാരം കഴിക്കുവാൻ ഒരു പാത്രവും. ഇപ്പോൾ ധരിക്കുന്ന വസ്ത്രം പോലും ആരൊക്കയോ നൽകിയതാണ്. പത്മഭൂഷൺ ഉൾപ്പടെ തനിക്ക് ലഭിച്ച അനേകം പുരസ്കാര തുകകൾ പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനായ് വിനിയോഗിച്ചു. നമ്മുടെ സങ്കല്പ്പങ്ങൾക്കതീതമായ് ജീവിക്കുന്ന ഈ മനുഷ്യൻ ചരിത്രത്തിൽ ഇടം നേടിക്കഴിഞ്ഞു.

**ഒറ്റയാൾ പട്ടാളത്തിന്റെ വിജയഗാഥ**

അണ്ണാ ഹസാരെ ലോക്പാൽ ബില്ല് പാസാക്കുന്നതിനായ് നിരാഹാരം ആരംഭിക്കുവാൻ തീരുമാനിച്ചു. പ്രസ്തുത കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചു. തീർന്നില്ല, പ്രധാനമന്ത്രി മൻമോഹൻസിംഗിനേയും താൻ നിരാഹാരത്തിലേക്ക് ക്ഷണിച്ചു. പക്ഷേ എല്ലായിടത്തു നിന്നും അവഗണന മാത്രമായിരുന്നു ഫലം. ഹസാരെ പിന്മാറിയില്ല സമരം തുടങ്ങി. രണ്ടാം ദിവസം അഖിലേന്ത്യ തലത്തിൽ പിന്തുണകളുടെ പ്രവാഹമെത്തി. രണ്ട് ദിവസം കൊണ്ട് പത്ത് ലക്ഷത്തിൽപ്പരം ജനങ്ങൾ ഹസാരെയ്ക്ക് പിന്തുണ പ്രഖ്യാപിച്ചു. ഈ നിരാഹാരം ദിവസങ്ങൾ തുടർന്നാൽ കോടിക്കണക്കിന് ജനങ്ങൾ ഹസാരയുടെ പിന്നിൽ ഓടിക്കുടുമായിരുന്നു. പൊതുജനം എന്ന കഴുത പ്രതികരിക്കുവാൻ തുടങ്ങിയപ്പോൾ കഴുതപ്പാൽ ഊറ്റി കുടിക്കുന്ന അഴിമതി വീരന്മാർ പേടിച്ച് പോയി, അങ്ങനെ സമരക്കാരുടെ ആവശ്യമെല്ലാം അംഗികരിച്ചു. നാലാം ദിവസം തന്നേ സമരം അവസാനിച്ചു... നാലു ദിവസത്തെ ഭക്ഷണം ഉപേക്ഷിച്ചു കൊണ്ട് ഹസാരെ 42 വർഷത്തെ ദുരന്ത ചരിത്രം തിരുത്തി.

**ദീപസ്തഭം മഹാശ്ചര്യം നമ്മൾക്കെന്താ കുഴപ്പം.**

അണ്ണാ ഹസാരെ അത് ചെയ്തത് കൊണ്ട് നമ്മൾക്കെന്താ കുഴപ്പം. ക്രൈസ്തവ സമുഹങ്ങളും ഇതര ജീവകാരുണ്യ പ്രവർത്തന കേന്ദ്രങ്ങളും ഭക്തി വിൽപനക്കാരും ആൾ ദൈവ തട്ടിപ്പുകാരും ചിന്തിക്കുന്നുണ്ടാകും (ഹസാരെ നിരാഹാരം തുടങ്ങിയപ്പോൾ നമ്മുടെ ഭരണ കൂടങ്ങളും ഇത് തന്നേയാണ് ചിന്തിച്ചത്).. പക്ഷേ അഴിമതിയുടെയും അവിഹതസ്വത്ത് സമ്പാദനത്തിന്റെയും പുഴുക്കുത്തുകൾക്ക് നേരെ പ്രതികരിക്കുവാൻ ആരെങ്കിലും തയ്യാറായാൽ.... എന്ത് ചെയ്യും? ആലയത്തിൽ വാണിഭം നടത്തുന്ന അവശിഷ്ടങ്ങൾക്ക് നേരെ ഒരു ചമ്മട്ടി എടുക്കുവാൻ ആരെങ്കിലും തയ്യാറായാൽ! ഇത്തരത്തിൽ ഒരു ഹസാരെ ഉദയം ചെയ്താൽ! ഒരു വിശുദ്ധ ലോക്പാൽ ബില്ല് വന്നാൽ ഹസാരെയുടെ നിരാഹാരം രാജ്യത്തെ പിടിച്ചുകുലുക്കിയ കാഴ്ച കണ്ടിട്ടും ഇവിടുള്ള പലർക്കും ബോധോധയം വന്നില്ല.

നയാ പൈസായുടെ വരുമാനമില്ലാത്തവർ അധോലോകത്തെ വിലക്കെടുക്കുവാൻ തക്ക വിധം കോടിശ്വരന്മാരായ് മാറുകയാണിവിടെ. അനധികൃതമായ് വന്നു ചേരുന്ന വിദേശ വരുമാനം ഇന്നത്തെ ആത്മീക സമൂഹങ്ങളിൽ കുമിഞ്ഞു കൂടുന്നുണ്ട്. കണക്കിൽപ്പെടാത്ത പണം കൊണ്ട് ആഡംബര സൗധങ്ങളും വാഹനങ്ങളും വാങ്ങിക്കൂട്ടുകയും, ഫാസ്റ്റ് ഫുഡ് കഴിച്ച് കൊഴുത്തു വരികയും ചെയ്യുന്ന താൻ പ്രമാണിത്വത്തിന്റെ ആൾ രൂപങ്ങളെ ശസ്ത്രക്രീയ ചെയ്യേണ്ടേ?. സ്വയം തുരന്നു നോക്കാൻ തയ്യാറായാൽ താൽക്കാലികമായെങ്കിലും രക്ഷപെടാം. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമാകും അതിനീ തൂലികയോട് പരിതപിച്ചിട്ട് കാര്യമില്ല. കണക്കിൽപ്പെടാത്ത തുകയൊക്കെയും ഗവൺമെന്റിലേക്ക് കണ്ടുകെട്ടിയാലേ സമൂഹത്തിൽ ഒരു സന്തുലിതാവസ്ഥ സംജാതമാകൂ. ദൈവവിഷയമായി സമ്പന്നരാകെതെ തനിക്ക് താൻ സ്വരൂപിച്ച് കൂട്ടുന്ന മൂഢ വർഗ്ഗമേ ഒരു മരണ മണി മുഴങ്ങുന്നുണ്ട്... മാനസാന്തരമെന്ന ഏകവാക്കിൽ പരിഹാര ക്രീയ നിർദ്ദേശിക്കുന്നു ഇല്ലാഞ്ഞാൽ ആദ്യം ചമ്മട്ടി..പിന്നെ തീപ്പൊയ്ക. *(നിങ്ങളുടെ പ്രതികരണങ്ങൾ എസ്.എം.എസ്. ചെയ്യുക).*

ജോർദ്ദാൻ -> പാലസ്തീൻ -> ഇസ്രയേൽ -> സീനായ് -> ഈജിപ്ത്

# യെരുശലേമിലേക്ക്




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ"
**യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം അച്ചൻകുഞ്ഞ് ഇലന്തൂർ**

## എല്ലാ മാസവും ടൂറുകൾ

സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

പ്രത്യേകതകൾ

▸▸ സ്റ്റാർ ഹോട്ടലുകളിൽ താമസം ▸▸ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം ▸▸ മികച്ചയാത്രാ സൗകര്യങ്ങൾ ▸▸ ഷോപ്പിംഗ് അവസരങ്ങൾ ▸▸ ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും ▸▸ പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.

▸▸ ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.
▸▸ എല്ലാ സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.

**യെരുശലേം യാത്രയ്ക്കുള്ള സീറ്റുകൾ ഉടൻ തന്നെ ഉറപ്പാക്കുക**

**ഫോൺ: 0469 2634321/ 9847166994**

കൂടുതൽ വിവരങ്ങൾക്ക്
**MARUPPACHA, PLANTHOTTAM COMPLEX,**
**TIRUVALLA - 1, PHONE : 0469-2634321**
Website : www.marupacha.com. E-mail : maruppacha@yahoo.com

ADVT./-

Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.